പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV
# (SUBJECT COMMITTEE XIV)

## ആഭ്യന്തരകാര്യങ്ങൾ

(HOME AFFAIRS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2012 ജൂലൈ 4-ാം തീയതി സമർപ്പിച്ചത്

(Presented on 4th July, 2012)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2012

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XIV

# (SUBJECT COMMITTEE XIV)

ആഭ്യന്തരകാര്യങ്ങൾ

**(HOME AFFAIRS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2012 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH 2012)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

699/2012.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | 1 |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 87 |

# സബ്ജക്റ്റ് കമ്മിറ്റി XIV

## ആഭ്യന്തരകാര്യങ്ങൾ

(2011–2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഉമ്മൻ ചാണ്ടി, മുഖ്യമന്ത്രി

<u>അംഗങ്ങൾ</u> :

ശ്രീ. വി. എസ്. അച്ചുതാനന്ദൻ

ശ്രീ. പി. സി. ജോർജ്

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. മാത്യു റ്റി. തോമസ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. വിൽസൺ വി. ജോൺ, അഡീഷണൽ സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2011 ജൂൺ 28-ാം തീയതിയിലെ 15-ാം നമ്പർ ബുള്ളറ്റിൻ-ഭാഗം 2 പ്രകാരം രൂപീകരിക്കപ്പെട്ട 2011-13 കാലയളവിലേയ്ക്കുള്ള ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ക്ട് കമ്മിറ്റി 28-6-2011 മുതലാണ് നിലവിൽ വന്നത്. പ്രസ്തുത കമ്മിറ്റി 28-6-2011 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 10 യോഗങ്ങൾ ചേരുകയുണ്ടായി. 1-8-2011, 9-8-2011, 16-8-2011, 19-8-2011 എന്നീ തീയതികളിലെ യോഗങ്ങൾ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ടും, 19-10-2011, 22-2-2012 എന്നീ തീയതികളിലെ യോഗങ്ങൾ വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുന്നതിനും, 3-1-2012, 17-1-2012 എന്നീ തീയതികളിൽ കൂടിയ യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കൾ എന്നിവയുടെ പരിഗണനയ്ക്കും, 24-1-2012-ൽ ചേർന്ന യോഗം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235എ അനുസരിച്ചും, 20-3-2012-ലെ യോഗം വിവിധ ബില്ലുകൾ പരിഗണിക്കുന്നതിനും വേണ്ടിയായിരുന്നു ചേർന്നത്. സമിതിയോഗങ്ങളിലെ ശരാശരി ഹാജർനില 65% ആയിരുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായ ധനാഭ്യർത്ഥനകളുടെയും റിപ്പോർട്ട് കാലയളവിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടേയും വിവരങ്ങളും, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാം ഭാഗത്തിൽ സമിതി അംഗീകരിച്ച കരട് ചട്ടങ്ങൾ, സാധൂകരിച്ച എസ്.ആർ.ഒ.കൾ, സമിതി പരിഗണിച്ച ബില്ലുകൾ, ചട്ടം 235എ അനുസരിച്ച് കൂടിയ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ എന്നിവയുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2012 മേയ് 8-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**ഉമ്മൻ ചാണ്ടി,**

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIV.*

തിരുവനന്തപുരം,
2012 ജൂലൈ, 4.

# റിപ്പോർട്ട്

## ഭാഗം 1

സമിതി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായി 1-8-2011, 9-8-2011, 16-8-2011 എന്നീ തീയതികളിൽ യോഗം ചേർന്നു. (അനുബന്ധം 1, 2, 3)

| | | |
|---|---|---|
| ധനാഭ്യർത്ഥന | II | —സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ |
| ധനാഭ്യർത്ഥന | III | —നീതിന്യായ നിർവ്വഹണം |
| ധനാഭ്യർത്ഥന | IV | —തെരഞ്ഞെടുപ്പുകൾ |
| ധനാഭ്യർത്ഥന | XII | —പോലീസ് |
| ധനാഭ്യർത്ഥന | XIII | —ജയിലുകൾ |
| ധനാഭ്യർത്ഥന | XIV | —സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും |
| ധനാഭ്യർത്ഥന | XVIII | —വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും |
| ധനാഭ്യർത്ഥന | XXIII | —വാർത്താവിതരണവും പ്രചരണവും |
| ധനാഭ്യർത്ഥന | XXIV | —തൊഴിലും തൊഴിലാളിക്ഷേമവും |
| ധനാഭ്യർത്ഥന | XXV | —പട്ടികജാതി പട്ടികവർഗ്ഗ മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം |

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് 19-8-2011-ൽ ചേർന്ന സമിതിയോഗം (അനുബന്ധം 4) അംഗീകരിക്കുകയും അതിൻപ്രകാരം 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് 2011 സെപ്റ്റംബർ മാസം 26-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സമിതിയുടെ 2011 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2011 ഒക്ടോബർ മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചു.

2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ)-ന്റെ അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് 2011 നവംബർ മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചു.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ചുവടെ ചേർത്തിട്ടുള്ള ശുപാർശകൾക്ക് ഗവൺമെന്റിൽനിന്നും ലഭിച്ച മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.(അനുബന്ധം 5, 9)

KNPP. 699/2012.

**2001-02 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 3, 4 എന്നിവയിലെ ശുപാർശകൾക്ക് ഗവൺമെന്റിൽ നിന്നും ലഭിച്ച മറുപടിയിൽ 29-4-2009-ലെ സമിതിയോഗം നൽകിയ അധിക ശുപാർശ**

ശുപാർശ

**പബ്ലിക് സർവ്വീസ് കമ്മീഷൻ**

സർക്കാർ ഓഫീസിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ചനടപടി

നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്. ഇവയിലെല്ലാം തന്നെ സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത അധികാരികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## 2002-03 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശുപാർശ

2056-001-96—ജയിലുകൾ

ചീമേനി തുറന്ന ജയിൽ ആരംഭിക്കുന്നതിന് തടസ്സമായിരിക്കുന്നത് വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള കാലതാമസം കൊണ്ടാണെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ചീമേനി തുറന്ന ജയിൽ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ചനടപടി

ചീമേനി തുറന്ന ജയിലിന്റെ വൈദ്യുതീകരണവും മറ്റുപണികളും പൂർത്തിയാക്കി 17-5-2007-ൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

ശുപാർശ

തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർക്ക് പ്രിന്റിംഗ് ജോലി ചെയ്യുന്നതിനുള്ള പ്രതിഫലം പ്രിന്റിംഗ് ഡിപ്പാർട്ട്മെന്റിന്റെ ബഡ്ജറ്റ് ഹെഡിൽ വകയിരുത്തിയിട്ടുള്ളതിനാൽ അത് വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നതായി സമിതി മനസ്സിലാക്കുന്നു. തടവുകാർക്കുള്ള പ്രതിഫലത്തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ചനടപടി

തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർക്ക് പ്രിന്റിംഗ് ജോലി ചെയ്ത വകയിൽ 2002 ജൂൺ മുതൽ 2009 ഒക്ടോബർ വരെ വേജസ് ഇനത്തിൽ മുഴുവൻ തുകയും കൊടുത്തുതീർത്തിട്ടുണ്ട്.

ശുപാർശ

ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയാൽ ജയിലുകളിലെ ചെലവ് പരമാവധി കുറയ്ക്കാൻ സാധിക്കുമെന്ന് സമിതിയിൽ വെളിവാക്കപ്പെട്ടു. ജയിൽ പരിഷ്കരണം സംബന്ധിച്ച ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് പഠിച്ച് അതിലെ സുപ്രധാന ശുപാർശകൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ചനടപടി

ശ്രീ. എ. പി. ഉദയഭാനു ചെയർമാനായുള്ള ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

പ്രസ്തുത ശുപാർശയനുസരിച്ച് ജയിലുകളിൽ തടവുകാരുടെ പാർപ്പിട സൗകര്യം, തൊഴിൽ പരിശീലനം, ചികിത്സാ സൗകര്യം, വിനോദത്തിനുള്ള സൗകര്യം എന്നിവ മെച്ചപ്പെടുത്തി, തടവുകാരുടെ വേതനം പരിഷ്കരിച്ചു. പ്രസ്തുത ശുപാർശയിന്മേൽ ഒരു തുറന്നജയിൽ ചീമേനിയിൽ ആരംഭിച്ചു. കണ്ണൂർ സെൻട്രൽ ജയിലിനുസമീപം പുതുതായി ഒരു വനിതാ ജയിൽ ആരംഭിച്ചു. തിരുവനന്തപുരം സെൻട്രൽ ജയിൽ കോമ്പൗണ്ടിൽ ഒരു വനിതാ ജയിലിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. കൊല്ലം, തിരുവനന്തപുരം സബ്ജയിലുകൾ ജില്ലാ ജയിലുകളായി ഉയർത്തി. കോട്ടയം, തലശ്ശേരി സബ്ജയിലുകൾ, സ്പെഷ്യൽ സബ് ജയിലുകളായി ഉയർത്തി. സ്പെഷ്യൽ സബ്ജയിൽ കണ്ണൂർ, സ്പെഷ്യൽ സബ്ജയിൽ കോഴിക്കോട്, സബ്ജയിൽ വിയ്യൂർ എന്നിവ പ്രവർത്തനക്ഷമമാക്കി. പ്രധാനപ്പെട്ട സബ്ജയിലുകളിൽ വനിതാ തടവുകാർക്ക് പ്രത്യേക ബ്ലോക്കുകൾ നിർമ്മിച്ചു. ഉദയഭാനു കമ്മീഷന്റെ ശുപാർശപ്രകാരം പരോൾ, പ്രീമെചർ റിലീസ് തുടങ്ങിയവ ഉദാരമാക്കുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഹെഡ്ക്വാർട്ടേഴ്സിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്)-നെ അസിസ്റ്റ് ചെയ്യുന്നതിനായി ഐ.ജി.-യുടെ പോസ്റ്റ് നിലവിൽ വന്നു. മേഖലാ ഓഫീസുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകി ശക്തിപ്പെടുത്തി. തെക്കൻ മേഖലയ്ക്ക് അധികാരവും സ്റ്റാഫും നൽകി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജയിലുകളിൽ കൂടുതൽ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം സെൻട്രൽ ജയിലിലെ ഒരു വെൽഫെയർ ഓഫീസറുടെ തസ്തിക ചീഫ് വെൽഫെയർ ഓഫീസറുടെ തസ്തികയായി അപ്ഗ്രേഡ് ചെയ്ത് ഹെഡ് ക്വാർട്ടേഴ്സിൽ നിയമിച്ചു. തുറന്ന ജയിൽ, നെട്ടുകാൽത്തേരിയിൽ ഒരു ആട് വളർത്തൽ കേന്ദ്രം ആരംഭിച്ചു. തരിശായി കിടന്ന ജയിൽ സ്ഥലങ്ങളിൽ പച്ചക്കറി

കൃഷി ആരംഭിച്ചുവരുന്നു. റബ്ബർ പ്ലാന്റേഷൻ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിച്ചു. കാലപ്പഴക്കം ചെന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി പുതിയവ നട്ടുപിടിപ്പിച്ചു. സെൻട്രൽ ജയിൽ, വിയ്യൂരിൽ കാർപ്പെന്ററി യൂണിറ്റ് പ്രവർത്തനമാരംഭിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. ജയിൽ ഇൻഡസ്ട്രി ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സെൻട്രൽ ജയിൽ, തിരുവനന്തപുരം, വിയ്യൂർ എന്നി വിടങ്ങളിൽ സോപ്പ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചു. 2009-2010 വർഷം ജയിലുകളിൽ ഫിനോയിൽ നിർമ്മാണം ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. സെയിൽസ് കൗണ്ടർ തുറന്നു. തടവുകാർക്ക് അവരുടെ കുടുംബാംഗങ്ങളുമായി സംസാരി ക്കുന്നതിന് സെൻട്രൽ ജയിലുകളിലും തുറന്ന ജയിൽ നെട്ടുകാൽത്തേരിയിലും കോയിൻബോക്സ് ടെലിഫോൺ സംവിധാനം നിലവിൽ വന്നു. ഗാന്ധിജയന്തി ദിവസം ഫീസ്റ്റ് അനുവദിച്ചു. തടവുകാർക്കുള്ള ചികിത്സാ സൗകര്യം മെച്ചപ്പെടുത്തി. ശുപാർശയുടെ അടിസ്ഥാനത്തിൽ സ്ത്രീ തടവുകാരുടെ വസ്ത്രം പരിഷ്കരിച്ചു. ശുപാർശയുടെ അടിസ്ഥാനത്തിൽ ജയിലുകളിലെ കിച്ചൺ സൗകര്യം മെച്ചപ്പെടുത്തി. സ്റ്റെയിൻലെസ് സ്റ്റീൽ പാത്രങ്ങൾ അനുവദിച്ചു. കുക്കിംഗ് ഗ്യാസ്, ഗ്രൈൻഡർ എന്നിവ ഘട്ടംഘട്ടമായി അനുവദിച്ചുവരുന്നു. തടവുകാരുടെ മാനസിക ഉല്ലാസത്തിനും വിനോദത്തിനും ധാരാളം പദ്ധതികൾ നടപ്പിൽ വരുത്തി. ജയിലു കളിൽ ടി.വി. സ്ഥാപിച്ചു. ലൈബ്രറി സൗകര്യം വിപുലീകരിച്ചു. നിലവിൽ നവീകരണ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി തടവുകാർക്ക് മെച്ചപ്പെട്ട പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം ചെന്ന ബ്ലോക്കുകൾ അറ്റകുറ്റ പണികൾ നടത്തി പരിഷ്കരിക്കുകയും പുതിയവ നിർമ്മിക്കുകയും ചെയ്തുവരുന്നു.

## ശുപാർശ

ജയിൽ സുരക്ഷിതത്വത്തിന് അനിവാര്യമായ അറ്റകുറ്റപ്പണികൾ ചെയ്ത വക യിൽ 98,32,248 രൂപ കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കുവാനുള്ളതായി സമിതി മനസ്സിലാക്കുന്നു. അറ്റകുറ്റപ്പണികൾക്കും ജയിലുകൾ നവീകരിക്കുന്നതിനുമായി നടപ്പുവർഷം 33 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ആകയാൽ ഇതിലേയ്ക്കായി ഉചിത മാർഗ്ഗത്തിലൂടെ 2.67 കോടി രൂപ കൂടി അനുവദിച്ച് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

## സ്വീകരിച്ച നടപടി

ജയിൽ സുരക്ഷിതത്വത്തിന് അനിവാര്യമായ അറ്റകുറ്റപ്പണികൾ ചെയ്ത വക യിൽ പൊതുമരാമത്ത് വകുപ്പിന് 2002-2003 കാലഘട്ടത്തിൽ നൽകുവാനുണ്ടായി രുന്ന തുക മുഴുവനും കൊടുത്തുതീർത്തിട്ടുണ്ട്.

## 2006-07 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

### ശുപാർശ

2014-00-114-99—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർക്കുള്ള ഫീസും 05-4 മറ്റിനങ്ങൾ

സർക്കാർ ഫയൽ ചെയ്യുന്ന കേസുകളിൽ കോർട്ട് ഫീ സ്റ്റാമ്പ് ഒഴിവാക്കുകയാണെങ്കിൽ ഈ ഇനത്തിലുണ്ടാകുന്ന ചെലവ് ഇല്ലാതാക്കാൻ കഴിയുമെന്ന് സമിതി കരുതുന്നു. ആയതിനാൽ ഈ വ്യവസ്ഥ ഒഴിവാക്കുന്നതിന് ഹൈക്കോടതിയുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

### സ്വീകരിച്ച നടപടി

കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട് വാല്യുവേഷൻ ആക്ടിന്റെ 73എ വകുപ്പ് പ്രകാരം സർക്കാരിനുവേണ്ടി കോടതിയിൽ ഫയൽ ചെയ്യുന്ന സ്യൂട്ട്, അപ്പീൽ, റിവിഷൻ, റിവ്യൂ, മറ്റു പ്ലീഡിംഗുകൾ, രേഖകൾ എന്നിവയ്ക്ക് കോർട്ട് ഫീ പതിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥ 26-10-2002 മുതൽ നിലവിൽ വന്നിട്ടുണ്ട്. ആയതിനാൽ ഈ ശുപാർശയിന്മേൽ അനന്തര നടപടികൾ ആവശ്യമില്ലാത്തതാകുന്നു.

### ശുപാർശ

കീഴ്ക്കോടതികളിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് നൽകുന്ന ഫീസിനത്തിൽ 2006-07 വർഷത്തിൽ 1,10,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ ഇനത്തിൽ ഡിമാന്റ് ചെയ്ത 2,50,00,000 രൂപ തന്നെ അനുവദിച്ച് നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

### സ്വീകരിച്ച നടപടി

ഈ ഹെഡിലും 2006-2007 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്ത 2,50,00,000 രൂപ അനുവദിച്ചു തന്നിട്ടില്ല. ഈ ഹെഡിലേയ്ക്ക് ഈ ഓഫീസ് കൂടുതൽ തുക പിന്നീട് അഭ്യർത്ഥിച്ചിട്ടില്ല.

### ശുപാർശ

ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന ആവശ്യത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. ഫലപ്രദമായ രീതിയിൽ സർക്കാർ കേസുകൾ നടത്തുന്നതിനും ഭരണപരമായ സൗകര്യത്തിനും ആവശ്യമില്ലാത്ത

അധിക ചെലവുകൾ ഒഴിവാക്കുന്നതിനും ഹൈക്കോടതിയുടെ ഒരു ബഞ്ച് തലസ്ഥാനത്ത് സ്ഥാപിക്കേണ്ടത് അനുപേക്ഷണീയമാണ്. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള അസംഖ്യം കേസുകളുടെ നടത്തിപ്പിനായി ഉദ്യോഗസ്ഥർക്ക് യാത്രാബത്തയും മറ്റ് ചെലവുകളും നൽകുന്നതിനുതന്നെ ഭീമമായ ഒരു തുക വർഷംതോറും ചെലവാകുന്നുണ്ട്. ഭരണസൗകര്യവും സാമ്പത്തിക ലാഭവും കണക്കി ലെടുത്ത് ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കാനായി സർക്കാർ ഇപ്പോൾ നടത്തിവരുന്ന ശ്രമങ്ങൾ കൂടുതൽ ഊർജ്ജിതമായി മുന്നോട്ട് കൊണ്ടുപോകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16-8-2006-ൽ സംസ്ഥാന മന്ത്രിസഭായോഗം തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കു വാൻ നടപടി എടുക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് ബഞ്ച് സ്ഥാപിക്കുവാൻ അനുവാദത്തിനായി സർക്കാർ, കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിനോട് അഭ്യർത്ഥിച്ചു. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിലും കൊണ്ടുവന്നു. കേന്ദ്രസർക്കാരും ഹൈക്കോടതിയും യാതൊരു നടപടിയും കൈക്കൊള്ളാതിരുന്ന സാഹചര്യത്തിൽ കേരള മുഖ്യമന്ത്രി 2007 ജനുവരിയിൽ പ്രധാനമന്ത്രിയേയും കേന്ദ്രനിയമമന്ത്രിയേയും കണ്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഭ്യർത്ഥിച്ചു. 14-12-2007-ൽ കേരള ചീഫ് ജസ്റ്റിസ് കാരണമൊന്നും കാണിക്കാതെ അഭ്യർത്ഥനയെ ശക്തമായി നിരാകരിച്ചു. തുടർന്ന് 27-12-2007-ൽ മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചീഫ് ജസ്റ്റിസിനോട് തീരുമാനം പുനഃ പരിശോധിക്കുവാനും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുവാനും സംസ്ഥാന സർക്കാർ തീരുമാനിച്ചു. തദനുസരണം യഥാക്രമം 29-1-2008-ലെ 26880/ലെഗ്.ബി1/ 2007/നിയമം നമ്പർ അർദ്ധ ഔദ്യോഗിക കത്തും 4-2-2008-ലെ 26880/ലെഗ്.ബി1/ 2007/നിയമം നമ്പർ കത്തും അനുസരിച്ച് കേരള ചീഫ് ജസ്റ്റിസിനോടും കേന്ദ്ര സർക്കാരിനോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കു ന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ അപേക്ഷ പരിഗണിക്കുന്നതിന് അഭ്യർത്ഥി ച്ചിരുന്നു. നിർഭാഗ്യവശാൽ, കേരള ചീഫ് ജസ്റ്റിസ് സമ്മതം നൽകിയിട്ടില്ല.

25-3-2008-ൽ മുഖ്യമന്ത്രിയും നിയമമന്ത്രിയും ഇതിലേക്കായി ഒരു നിർദ്ദേശം കേരള ഗവർണ്ണർക്ക് സമർപ്പിച്ചു. തുടർന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും നയിച്ച സർവ്വകക്ഷി സംഘം 30-4-2008-ൽ ഇൻഡ്യൻ പ്രസിഡന്റിനേയും 15-4-2008-ൽ പ്രധാനമന്ത്രിയേയും കണ്ട് അതേ നിർദ്ദേശം സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത വിഷയത്തിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുവാനും ഇന്ത്യൻ പ്രസിഡന്റിന് ഈ വിഷയത്തിൽ ഉപദേശം നൽകുവാൻ കേന്ദ്രമന്ത്രി സഭയോട് അഭ്യർത്ഥിക്കുവാനും 18-6-2008-ലെ മന്ത്രിസഭായോഗം തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 2-7-2008-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 11115/ ലെഗ്.ബി1/08/നിയമം മുഖേന കേരള മുഖ്യമന്ത്രി പ്രധാനമന്ത്രിയോടും 21-7-2008-ലെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ 11115/ലെഗ്.ബി1/08/നിയമം

മുഖേന ചീഫ് സെക്രട്ടറി കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറിയോടും തിരുവനന്തപുരത്ത് സ്ഥിരമായി ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

കാര്യക്ഷമമായ ക്രമസമാധാന പാലനത്തിനും കുറ്റാന്വേഷണത്തിനും നീതി നിർവ്വഹണത്തിൽ സഹായിക്കുന്നതിനും പോലീസ് സേനയിലെ ഇപ്പോഴത്തെ ആൾബലം മതിയാകുകയില്ല എന്നത് വസ്തുതയാണ്. അന്താരാഷ്ട്ര ബന്ധങ്ങൾ പോലുമുള്ള തീവ്രവാദ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളും മറ്റു സംഘടിതഗ്രൂപ്പുകളുടെയും ക്രിമിനൽ സംഘങ്ങളുടെയും പ്രവർത്തനങ്ങളും ഇടപെടലുകളും കഴിഞ്ഞ കുറെ വർഷങ്ങളായി പോലീസ് സേനയ്ക്ക് കനത്ത വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ആനുപാതികമായ തോതിൽ മിനിസ്റ്റീരിയൽ ജീവനക്കാരും സാങ്കേതിക ജീവനക്കാരും ഉൾപ്പെടെ പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

ക്രമസമാധാനം, ആഭ്യന്തര സുരക്ഷാരംഗങ്ങളിലെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കാര്യക്ഷമമായി നിറവേറ്റുന്നതിന് പോലീസ് സേനയിലെ അംഗബലം കാലോചിതമായി വർദ്ധിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ സാങ്കേതികവും മിനിസ്റ്റീരിയലും ഉൾപ്പെടെ തസ്തികകൾ അധികമായി അനുവദിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതനുസരിച്ച് ജില്ലാ പോലീസിൽ ഉൾപ്പെടെ 221 തസ്തികകളും ഫോറൻസിക് സയൻസ് ലാബോറട്ടറിയിൽ 24 തസ്തികകളും ഇന്ത്യാ റിസർവ് ബറ്റാലിയനിൽ 1007 തസ്തികകളും, കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്ക് 21 മാസ്റ്റർ ഡ്രൈവർ, 24 ബോട്ട് ഡ്രൈവർ, 24 ലാസ്ക്കർ, 24 സ്റാങ്ക് എന്നീ തസ്തികകളും അനുവദിക്കുകയുണ്ടായിട്ടുണ്ട്. ഇതിന് പുറമെ 18,000-ത്തിൽപ്പരം തസ്തികകൾ അധികമായി അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരികയാണ്. പോലീസുകാരുടെ നിലവിലുള്ള ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളുടെ ഫലമായി റിക്രൂട്ട്മെന്റ്/ട്രെയിനിംഗ് നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## 2007-08 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശുപാർശ

**പബ്ലിക് സർവ്വീസ് കമ്മീഷൻ**

പ്രതിവർഷം 30 ലക്ഷത്തിൽപരം ഉദ്യോഗാർത്ഥികളെയാണ് കമ്മീഷൻ പരീക്ഷയ്ക്കിരുത്തുന്നത്. ഇതിന് പുറമേ അഭിമുഖപരീക്ഷകളും കായികക്ഷമതാ പരീക്ഷകളും പ്രായോഗിക പരീക്ഷകളും ഡിപ്പാർട്ടുമെന്റ് ടെസ്റ്റുകളും നടത്തിവരുന്നു. ഇതിനുവേണ്ടി പ്രവേശന ടിക്കറ്റ് അയയ്ക്കുന്നതിനും ഒ.എം.ആർ. രീതിയിൽ പരീക്ഷ നടത്തുന്നതിനും ഉത്തരക്കടലാസ്, ചോദ്യപേപ്പർ, പി.എസ്.സി.

ബുള്ളറ്റിൻ എന്നിവയുടെ അച്ചടിക്കൂലിയിനത്തിലും, ഫർണിച്ചർ, ഓഫീസ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾക്കും ഈ ശീർഷകത്തിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. ഈയിനത്തിൽ അനുവദിച്ച വിഹിതം തികച്ചും അപര്യാപ്തമായതിനാൽ നിർദ്ദേശിച്ചിരുന്ന വിഹിതം പൂർണ്ണമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 6,50,00,000 (ആറ് കോടി അമ്പത് ലക്ഷം) രൂപയാണ് വിഹിതമായി അനുവദിച്ചിരുന്നത്. ഈയിനത്തിൽ അനുവദിച്ച വിഹിതം തികച്ചും അപര്യാപ്തമായതിനാൽ നിർദ്ദേശിച്ചിരുന്ന വിഹിതം പൂർണ്ണമായി അനുവദിക്കണമെന്ന് വിഷയനിർണ്ണയസമിതി ശുപാർശ ചെയ്തിരുന്നു. തുടർന്ന് കെ.പി. എസ്.സി.യിൽനിന്നുള്ള അഭ്യർത്ഥനപ്രകാരം 11-10-2007-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7498/07/ഫിൻ, 13-11-2007-ലെ ജി.ഒ. (ആർറ്റി.) 8190/07/ഫിൻ. എന്നീ സർക്കാർ ഉത്തരവുകൾപ്രകാരം യഥാക്രമം 75,00,000 (എഴുപത്തിയഞ്ചു ലക്ഷം രൂപ), 2,00,00,000 (രണ്ട് കോടി) എന്നീ തുകകൾ ടി ശീർഷകത്തിൽ അധികമായി ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകിയിരുന്നു. ഇപ്രകാരം ആകെ അനുവദിച്ച 9,25,00,000 (ഒൻപത് കോടി ഇരുപത്തിയഞ്ച് ലക്ഷം) രൂപയിൽ 8,65,95,666 (എട്ട് കോടി അറുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റിയഞ്ചായിരത്തി അറുന്നൂറ്റി അറുപത്തിയാറ് രൂപ) രൂപയാണ് 2007-08-ൽ ചെലവഴിച്ചത്.

<u>ശുപാർശ</u>

2051-00-102-99-21—<u>മോട്ടോർ വാഹനങ്ങൾ-2-അറ്റകുറ്റപ്പണികൾ</u>

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 7,66,000 രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

<u>സ്വീകരിച്ച നടപടി</u>

വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്ന 7,66,000 (ഏഴ് ലക്ഷത്തി അറുപത്തിയാറായിരം രൂപ) അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ ശീർഷകത്തിലെ ചെലവ് കർശനമായും നിയന്ത്രിച്ചതിന്റെ അടിസ്ഥാനത്തിൽ 3,91,875 (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്റി എഴുപത്തിയഞ്ച്) രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

<u>ശുപാർശ</u>

2051-00-102-99-33—<u>തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള പ്രതിഫലം</u>

പരീക്ഷകൾക്ക് മേൽനോട്ടം വഹിക്കുന്നതിനുള്ള അലവൻസ്, ഉത്തരക്കടലാസ് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള പ്രതിഫലം, ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള പ്രതിഫലം, കമ്മീഷന്റെ നിയമോപദേഷ്ടാവിനുള്ള പ്രതിഫലം എന്നിവ നൽകപ്പെടുന്നത് ഈ ശീർഷകത്തിൽനിന്നാണ്.

പരീക്ഷാ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും പ്രതിഫലത്തുക 50% വർദ്ധിപ്പിച്ചുകൊണ്ട് കമ്മീഷൻ ഉത്തരവായതിനാൽ 2007-08 വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള തുകയായ 2,50,00,000 രൂപ തികച്ചും അപര്യാപ്തമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3,4)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 2,50,00,000 (രണ്ട് കോടി അമ്പത് ലക്ഷം രൂപ) അപര്യാപ്തമാണെന്ന സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഇതിനെത്തുടർന്ന് കെ.പി.എസ്.സി.യിൽ നിന്നുള്ള അഭ്യർത്ഥനപ്രകാരം 22-8-2007-ലെ ജി.ഒ. (ആർറ്റി.) നമ്പർ 6476/07/ഫിൻ., 11-10-2007-ലെ ജി.ഒ. (ആർറ്റി.) നമ്പർ 7498/07/ഫിൻ, 13-11-2007-ലെ ജി.ഒ. (ആർറ്റി.) 8190/07/ഫിൻ എന്നീ ഉത്തരവുകൾപ്രകാരം യഥാക്രമം 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ), 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ), 85,00,000 (എൺപത്തിയഞ്ച് ലക്ഷം രൂപ) എന്നീ തുകകൾ അധികമായി ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകിയിരുന്നു. ഇപ്രകാരം ആകെ ഈ ശീർഷകത്തിൽ 3,85,00,000 (മൂന്ന് കോടി എൺപത്തിയഞ്ച് ലക്ഷം രൂപ) രൂപയാണ് അനുവദിച്ചിരുന്നത്. ഈ ശീർഷകത്തിൽ ആകെ ചെലവ് 4,27,90,000 (നാല് കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറായിരം രൂപ) രൂപയായിരുന്നു. അനുവദിച്ചതിൽ കൂടുതൽ ചെലവഴിക്കപ്പെട്ട 42,90,000 (നാല്പത്തിരണ്ടു ലക്ഷത്തിതൊണ്ണൂറായിരം രൂപ) സർക്കാർ അനുവാദപ്രകാരം വിവിധ ശീർഷകത്തിൽനിന്നും പുനഃധനവിനിയോഗം നടത്തിയിട്ടുള്ളതാണ്.

ശുപാർശ

2052-00-090-95—നിയമവകുപ്പ്-അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

നിയമവകുപ്പ് സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രാ ചെലവാണ് ഈ ഹെഡ്ഡിൽ വരുന്നത്. വിമാനയാത്രാച്ചെലവിൽ 1,60,000 രൂപ ഇനിയും കുടിശ്ശികയുണ്ട്. 2007 അവസാനത്തോടെ 3 ഓഫീസർമാർ ട്രെയിനിംഗിനായി ഡൽഹിയിലേക്കും തിരിച്ചും വിമാനയാത്ര നടത്തുന്നതുകൊണ്ട് യാത്രാചെലവിൽ വർദ്ധനവുണ്ടാകുന്നതാണ്. ആയതിനാൽ 2007-08 വർഷത്തിൽ അനുവദിച്ച തുകയായ 5,10,000 രൂപ അപര്യാപ്തമായതിനാൽ ഈ ഹെഡ്ഡിൽ 4 ലക്ഷം രൂപ കൂടി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ സമിതി ശുപാർശ ചെയ്തതുൾപ്പെടെ ഈ ഹെഡിൽ ആകെ അനുവദിച്ചത് 7,75,000 രൂപയാണ്. അതിൽ 7,44,384 രൂപ

ചെലവായിട്ടുണ്ട്. ഈ ഹെഡിൽ ശേഷിച്ച 30,616 രൂപ ധനകാര്യവകുപ്പിന് സറണ്ടർ ചെയ്തിട്ടുണ്ട്. പ്രതീക്ഷിച്ച തുക ചെലവാകാത്തതിനാലാണ് ഈ ഹെഡിൽ 30616 രൂപ ശേഷിച്ചത്.

ശുപാർശ

നിയമവകുപ്പ് സെക്രട്ടറിയുടെ വീടിന്റെ വാടകയിനത്തിൽ പ്രതിവർഷം ഒരു ലക്ഷം രൂപ വാടക കണക്കാക്കുന്നു. ആയതിനാൽ ഈ ഹെഡ്ഡിൽ അനുവദിച്ച തുക മതിയാകില്ല. ആയതിനാൽ 54,000 രൂപ കൂടി ഈ ഇനത്തിൽ കൂടുതലായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ സമിതി ശുപാർശ ചെയ്തതുൾപ്പെടെ ഈ ഹെഡിൽ ആകെ അനുവദിച്ചത് 1,81,000 രൂപയാണ്. അതിൽ 1,80,540 രൂപ ചെലവായിട്ടുണ്ട്. ഈ ഹെഡിൽ ശേഷിച്ച 460 രൂപ ധനകാര്യവകുപ്പിന് സറണ്ടർ ചെയ്തിട്ടുണ്ട്.

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ

നിയമവകുപ്പിൽ ഉപയോഗത്തിലിരിക്കുന്ന മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണിക്ക് കൂടുതൽ തുക വേണ്ടി വരുന്നതിനാൽ 2007-08 വർഷത്തിൽ അനുവദിച്ച 1,06,000 രൂപയ്ക്ക് പുറമേ മൂന്ന് ലക്ഷം രൂപ കൂടി അധികമായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ സമിതി ശുപാർശ ചെയ്തതുൾപ്പെടെ ലഭിച്ച ആകെ തുകയായ 2,06,000-ൽ 1,43,267 രൂപ ചെലവായിട്ടുണ്ട്. ശേഷിച്ച തുകയായ 62,733 രൂപ ധനകാര്യവകുപ്പിന് സറണ്ടർ ചെയ്തിട്ടുണ്ട്. പ്രതീക്ഷിച്ച തുക ചെലവാകാത്തതിനാലാണ് ഈ ഹെഡിൽ 62,733 രൂപ ശേഷിച്ചത്.

ശുപാർശ

45—പെട്രോൾ, ഓയിൽ, ലൂബ്രിക്കന്റ്

പെട്രോളിയം ഉല്പന്നങ്ങളുടെ ഇടയ്ക്കിടെയുള്ള വിലവർദ്ധന പരിഗണിച്ചും 2006-07 വർഷത്തിലെ ചെലവ് പരിഗണിച്ചും ഈ ഹെഡ്ഡിൽ കൂടുതൽ തുക ചെലവ് വരുന്നതാണ്. ആയതിനാൽ ഒരു ലക്ഷം രൂപ കൂടി അധികമായി ഈ ഹെഡ്ഡിൽ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ സമിതി ശുപാർശ ചെയ്തതുൾപ്പെടെ ലഭിച്ച ആകെ തുക 2,56,000 രൂപ ആണ്. അതിൽ 2,25,058 രൂപ ചെലവായിട്ടുണ്ട്. ശേഷിച്ച തുകയായ 30,942 രൂപ ധനകാര്യവകുപ്പിൽ സറണ്ടർ ചെയ്തിട്ടുണ്ട്. പ്രതീക്ഷിച്ച തുക ചെലവാകാത്തതിനാലാണ് 30,942 രൂപ ശേഷിച്ചത്.

ശുപാർശ

3451-00-101-69—പരിശീലന പരിപാടി

സംസ്ഥാന പരിശീലന നയത്തിന്റെ ഭാഗമായി സർക്കാർ ജീവനക്കാരുടെ സമഗ്ര പരിശീലനത്തിന് വേണ്ടിയുള്ള ഈ കണക്കിനത്തിൽ 2007-2008 സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിശീലന പരിപാടികൾ തുടർന്ന് നടത്തുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

3451-00-101-69—പരിശീലന പരിപാടിയിനത്തിൽ 2007-2008 സാമ്പത്തിക വർഷത്തിൽ ഐ.എം.ജി.ക്ക് 150.00 ലക്ഷം രൂപ 20-7-2007-ലെ 137/07/പി.ആന്റ്.എ. ആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും 2007-2008 സാമ്പത്തിക വർഷത്തിൽ തന്നെ പരീശീലന പരിപാടികൾക്കായി ചെലവാക്കിയിട്ടുണ്ട്.

ശുപാർശ

സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (Sec WAN) സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ വിവര വിനിമയം എളുപ്പത്തിൽ സാധ്യമാകുന്നതിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കാനാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

2006-07-ൽ Sec WAN പ്രോജക്ടിനുവേണ്ടി 2.60 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുകയിൽ ഇതുവരെ 1.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതു കൂടാതെ ഏകദേശം 1.10 കോടി രൂപയുടെ ബില്ലുകൾ കൊടുത്തു തീർക്കുവാനുണ്ട്. Sec WAN പ്രോജക്ടിനായി എം.ജി.പി.യിൽ നിന്നും ലഭ്യമാക്കിയ തുക ഉൾപ്പെടെ ഇതുവരെ 17.38 കോടി രൂപ ചെലവായിട്ടുണ്ട്. ഇനിയും പൂർത്തിയാക്കുവാൻ 15.26 കോടി രൂപ ആവശ്യമായി വരും. എന്നാൽ ഇതിനായി 2007-08 വർഷത്തിൽ ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

ആയതിനാൽ സെക്രട്ടേറിയറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് എന്ന പ്രോജക്ട് പൂർത്തീകരിക്കുന്നതിനായി 3451-00-101-74 എന്ന ശീർഷകത്തിൽ 15.26 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11, 12 & 13)

<u>സ്വീകരിച്ച നടപടി</u>

പദ്ധതിയുടെ നടത്തിപ്പ് പുരോഗതിയുടെ അടിസ്ഥാനത്തിൽ മാത്രമേ കൂടുതൽ തുക അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥയിന്മേൽ 2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് തുകയിൽനിന്ന് 407 ലക്ഷം രൂപ സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് എന്ന പദ്ധതിക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

2014-00-114-99-04—<u>യാത്രാ ചെലവുകൾ</u>

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, ഗവൺമെന്റ് ലോ ഓഫീസർമാർ തുടങ്ങിയവരുടെ യാത്രാ ചെലവാണ് ഈ ഹെഡിൽ പ്രധാനമായും വരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ചെലവായ 7,30,280 രൂപയും കുടിശ്ശികയിനത്തിൽ (വിമാന ടിക്കറ്റ് വാങ്ങിയ വകയിൽ) നൽകാനുള്ള 91,500 രൂപയും കൂടി കണക്കിലെടുക്കുമ്പോൾ ഈ ഹെഡിൽ ഡിമാന്റ് ചെയ്ത തുകയിലും കൂടുതൽ തുക ചെലവ് വേണ്ടിവരുമെന്നുള്ളതിനാൽ ഈ ഹെഡിൽ ഡിമാന്റ് ചെയ്ത തുകയായ 7,00,000 രൂപ തന്നെ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

2007-2008 സാമ്പത്തിക വർഷത്തിൽ ഈ ഹെഡിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്ത തുകയായ 7,00,000 രൂപ സർക്കാർ അനുവദിച്ചുതന്നിട്ടില്ല. ഈ ഹെഡിൽ സർക്കാർ അനുവദിച്ച 5,17,000 രൂപയിൽ 3,78,542 രൂപ ചെലവായിട്ടുണ്ട്. ഈ ഹെഡിൽ 1,38,458 രൂപ ശേഷിപ്പുണ്ട്.

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക്ക് പ്രോസിക്യൂട്ടർ, ഗവൺമെന്റ് ലോ ഓഫീസർമാർ തുടങ്ങിയവരുടെ യാത്രാ ചെലവാണ് ഈ ഹെഡിൽ പ്രധാനമായും വരുന്നത്. കൂടാതെ സ്പോർട്സ് ക്വാട്ടയിൽ നിയമിച്ച ജീവനക്കാരുടെ യാത്രാചെലവും ഈ ഹെഡിൽ നിന്നും നൽകി വരുന്നു. സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ നടത്തിപ്പിനായി ധാരാളം വിമാനയാത്രകൾ വേണ്ടി വരുന്നതുകൊണ്ടും, വിമാനടിക്കറ്റിന്റെ വില വർദ്ധനവും, കഴിഞ്ഞ സാമ്പത്തികവർഷത്തെ (2006-2007) കുടിശ്ശിക തുകയായ 91,500 രൂപയും, 2006-2007 വർഷം ചെലവായ 7,30,280 രൂപയും തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുത്താണ് ഈ ഹെഡിൽ 7,00,000 രൂപ ആവശ്യപ്പെട്ടത്. എന്നാൽ 2007-2008 സാമ്പത്തിക വർഷത്തിൽ സുപ്രീംകോടതിയിൽ നിലവിലുള്ള കേസിന്റെ കാര്യങ്ങൾക്കായി ഡൽഹിയാത്രകൾ താരതമ്യേന കുറവായിരുന്നതിനാൽ ഈ ഹെഡിൽ പ്രതീക്ഷിച്ച തുക ചെലവായിട്ടില്ല. അതുകൊണ്ട് ഈ ഹെഡിൽ 1,38,458 രൂപയുടെ ശേഷിപ്പു വന്നു.

ശുപാർശ

05—ഓഫീസ് ചെലവുകൾ

പുതിയതായി എടുത്ത വാട്ടർ കണക്ഷനുകൾക്ക് വേണ്ടി വരുന്ന അധിക ചെലവു കണക്കിലെടുത്ത് ഡിമാന്റ് ചെയ്ത 1,60,000 രൂപ അനുവദിച്ച് നൽകേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്ത തുകയായ 1,60,000 രൂപ സർക്കാർ അനുവദിച്ചു തന്നിട്ടില്ല. പകരം 75,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഈ ഹെഡിൽ അധികമായി തുകയൊന്നും അഭ്യർത്ഥിച്ചില്ല. 2007-2008 സാമ്പത്തികവർഷം ഈ ഹെഡിൽ 58,737 രൂപ ചെലവായിട്ടുണ്ട്. 16,263 രൂപ ഈ ഹെഡിൽ മിച്ചം വന്നിട്ടുണ്ട്.

അഡ്വക്കേറ്റ് ജനറൽ ഓഫീസിന് പുതിയതായി അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളിലേക്ക് വാട്ടർ കണക്ഷൻ എടുക്കേണ്ടിവരുമെന്നതിനാലും, വാട്ടർ ചാർജ്ജ് വർദ്ധനവ് ഉണ്ടാകുകയാണെങ്കിൽ വരുന്ന അധിക ചെലവും കണക്കിലെടുത്താണ് ഈ ഹെഡിൽ 1,60,000 രൂപ ഡിമാന്റ് ചെയ്തത്. ഈ സാമ്പത്തികവർഷം പുതിയ വാട്ടർകണക്ഷൻ എടുക്കാതെ നിലവിലുള്ള വാട്ടർ കണക്ഷനുകളാണ് ഉപയോഗിക്കുന്നത്. കൂടാതെ ഈ വർഷത്തിൽ (2007-2008) ഗവൺമെന്റ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. തൻമൂലം പ്രതീക്ഷിച്ച ചെലവുകൾ ഈ ഹെഡിൽ ഉണ്ടായിട്ടില്ല. പുതിയ കണക്ഷൻ എടുക്കുകയും, വാട്ടർ ചാർജ്ജിൽ വർദ്ധനവും ഉണ്ടായിരുന്നെങ്കിൽ ഈ ഹെഡിൽ 16,263 രൂപയുടെ ശേഷിപ്പ് ഉണ്ടാകുമായിരുന്നില്ല.

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ

ഓഫീസിൽനിന്നും കേസുഫയലുകൾ ലോ ഓഫീസർമാരുടെ വീടുകളിൽ എത്തിക്കുവാൻവേണ്ടി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 2 കാറുകൾ ലേലം ചയ്തു വിറ്റുവെങ്കിലും പകരം വാഹനങ്ങൾ ഇതുവരെ വാങ്ങിയിട്ടില്ല. കൂടാതെ ഇപ്പോൾ ലോ ഓഫീസർമാരുടെ വീട്ടിൽ കേസ് ഫയലുകൾ എത്തിക്കുവാൻ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ടെംപോ ട്രാക്സ് വളരെയധികം പഴക്കമുള്ളതും അടിക്കടികേടു വരുന്നതുമാണ്. ഈ സാഹചര്യത്തിൽ ടെംപോ ട്രാക്സ് ലേലം ചെയ്ത് പകരം ഒരു പുതിയ വാഹനം വാങ്ങുന്നതിലേക്കാവശ്യമായ തുക ഈ കണക്കിനത്തിൽ അനുവദിക്കണമെന്ന് സമിതി വീണ്ടും ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ഈ ഹെഡിലും 2007-2008 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്തപ്രകാരം പുതിയ വാഹനം

വാങ്ങുന്നതിലേക്കാവശ്യമായ തുകയുടെ ബഡ്ജറ്റ് വിഹിതം തന്നിട്ടില്ല. എന്നാൽ പുതിയ വാഹനം വാങ്ങുന്നതിനുവേണ്ട തുക കണ്ടെത്തുന്നതിനുവേണ്ടി ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിരുന്നു. G.O. (Rt.) No. 651/07/Law Dated 3-7-2007 പ്രകാരം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ ലേലം ചെയ്ത കെ.എൽ.-07-സി 5201 നമ്പർ കാറിനുപകരം പുതിയ ടെമ്പോക്രൂസിയർ വാങ്ങാനുള്ള അനുവാദം തരികയും, G.O. (Rt.) No. 8604/07/Fin. Dated 30-11-2007 പ്രകാരം അനുവദിച്ച 4,99,000 രൂപ ഉപയോഗിച്ച് ടെമ്പോ ക്രൂസിയർ വാങ്ങുകയും ചെയ്തിട്ടുണ്ട്. (ചെലവായ തുക 4,98,900).

അഡ്വക്കേറ്റ് ജനറൽ ഓഫീസിൽനിന്നും കേസു ഫയലുകൾ ലോ ഓഫീസർ മാരുടെ വീടുകളിൽ എത്തിക്കുവാൻ ഉപയോഗിച്ചുകൊണ്ടിരുന്ന 2 കാറുകൾ ലേലം ചെയ്ത് വിറ്റുവെങ്കിലും അതിനുപകരമായി പുതിയ ഒരു വാഹനം (ടെമ്പോ ക്രൂസിയർ) വാങ്ങാനുള്ള അനുവാദമേ ഗവൺമെന്റ് തന്നിട്ടുള്ളൂ. തൻമൂലം പഴയ ടെമ്പോട്രാക്സ് ഇപ്പോഴും അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

ശുപാർശ

34—മറ്റ് ചെലവുകൾ

നിയമപുസ്തകങ്ങൾ, ജേർണലുകൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, കോർട്ട് ഫീ സ്റ്റാമ്പ് വാങ്ങുന്നതിനുള്ള ചെലവ്, അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ തുടങ്ങിയവരുടെ ഫീസിനത്തിൽ വരുന്ന ചെലവ്, സുപ്രീം കോടതിയിൽ കേസ് വാദിക്കുന്ന സീനിയർ അഡ്വക്കേറ്റുമാർ, സ്റ്റാന്റിംഗ് കോൺസിൽ തുടങ്ങിയവരുടെ ഫീസ് മുതലായവയ്ക്കുള്ള ചെലവ് ഈ കണക്കിനത്തിൻ കീഴിൽ വരുന്നു.

സുപ്രീം കോടതിയിൽ കേസു വാദിച്ച വകയിൽ സീനിയർ അഡ്വക്കേറ്റുമാർ, സ്റ്റാന്റിംഗ് കോൺസൽ എന്നിവർക്ക് ഏകദേശം 50 ലക്ഷം രൂപ ഫീസിനിത്തിൽ കുടിശ്ശികയുണ്ട്. കൂടാതെ പല പ്രധാനപ്പെട്ട കേസുകളിലും സീനിയർ അഡ്വക്കേറ്റു മാരുടെ ഫീസ് അനുവദിച്ചു നൽകേണ്ടതുണ്ട്. അതുകൊണ്ട് ഡിമാന്റ് ചെയ്ത 3 കോടി രൂപതന്നെ അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28, 29)

സ്വീകരിച്ച നടപടി

ഈ ഹെഡിലും 2007-08 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്ത 3 കോടി രൂപ സർക്കാർ അനുവദിച്ചു തന്നിട്ടില്ല. അതുകൊണ്ട് അനുവദിച്ച 1,23,00,000 രൂപ അപര്യാപ്തമായതിനാൽ ഈ ഓഫീസ് അപേക്ഷിച്ച പ്രകാരം 40 ലക്ഷം കൂടി സർക്കാർ ഉത്തരവ് G.O. (Rt.) No. 8299/07/Fin. Dated 19-11-2007 പ്രകാരം അധികമായി അനുവദിച്ചു തന്നിരുന്നു. ഈ ഹെഡ്ഡിൽ 2007-2008 സാമ്പത്തിക വർഷം 1,62,98,625 രൂപ ചെലവായിട്ടുണ്ട്. (1,23,00,000 + 40,00,000=1,63,00,000 രൂപ ആകെ ബഡ്ജറ്റ് വിഹിതം).

ഈ ഹെഡിൽ പ്രധാനമായും നിയമപുസ്തകങ്ങൾ, ജേർണലുകൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവ്, കോർട്ട് ഫീ സ്റ്റാമ്പ് വാങ്ങുന്നതിനുള്ള ചെലവ് അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ലിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, സുപ്രീം കോടതിയിലെ കേസു വാദിക്കുന്ന സീനിയർ അഡ്വക്കേറ്റ്, സ്റ്റാന്റിംഗ് കോൺസിൽ തുടങ്ങിയവരുടെ ഫീസ്, എന്നിവ വരുന്നു. സുപ്രീം കോടതിയിലെ കേസു വാദിച്ച വകയിൽ സീനിയർ അഡ്വക്കേറ്റിനും മറ്റുമായി 50 ലക്ഷം രൂപ ഫീസിനത്തിൽ കുടിശ്ശികയുണ്ടായിരുന്നു. ഈ സാഹചര്യത്തിലാണ് 3 കോടി രൂപ ഡിമാന്റ് ചെയ്തത്. സുപ്രീം കോടതിയിൽ കേസു വാദിച്ച വകയിൽ സീനിയർ അഭിഭാഷകർക്ക് വലിയ തുക കുടിശ്ശികയിനത്തിൽ നൽകാനുണ്ടായിരുന്നുവെങ്കിലും ഫീസ് അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ലഭിക്കാത്തതിനാൽ അപ്പോൾ നിലവിലുള്ള 40 ലക്ഷം രൂപയുടെ കുടിശ്ശിക നൽകാനുള്ള തുകയേ അധികമായി അഭ്യർത്ഥിച്ചിട്ടുള്ളൂ. ബഡ്ജറ്റ് വിഹിതവും അധികമായി ലഭിച്ച തുകയും മുഴുവനായും ഈ ഹെഡിൽ ചെലവായിട്ടുണ്ട്.

ശുപാർശ

05-4—മറ്റിനങ്ങൾ

കോർട്ട് ഫീ സ്റ്റാമ്പ് വാങ്ങുന്നതിനുള്ള ചെലവും കീഴ്ക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസ് ചെലവുകൾക്കും ഉള്ള തുകയാണ് ഈ ഹെഡിൽ വരുന്നത്. കഴിഞ്ഞ സാമ്പത്തികവർഷത്തെ ചെലവ് പരിഗണിച്ച് ഈയിനത്തിൽ വിഹിതം വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.

സർക്കാർ ഫയൽ ചെയ്യുന്ന കേസുകളിൽ കോർട്ട് ഫീ സ്റ്റാമ്പ് ഒഴിവാക്കുന്നതിലേക്കായി നിലവിലുള്ള നിയമത്തിൽ വേണ്ട ഭേദഗതികൾ അടിയന്തരമായി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30 )

സ്വീകരിച്ച നടപടി

2007-08 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റിൽ 1,40,000 രൂപയാണ് ഗവൺമെന്റ് അനുവദിച്ചു നൽകിയിട്ടുള്ളത്. ഈയിനത്തിൽ ഡിമാന്റ് ചെയ്ത തുക 5,50,000 രൂപയാണ്. സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചെലവ് പരിഗണിച്ച് ഈയിനത്തിൽ വിഹിതം വർദ്ധിപ്പിച്ചു നൽകാൻ ശുപാർശ ചെയ്തിരുന്നുവെങ്കിലും വളരെ ചെറിയ തുകയാണ് വർദ്ധിപ്പിച്ചു നൽകിയത്. 1,40,000 രൂപ അപര്യാപ്തമായതിനാൽ അഡ്വക്കേറ്റ് ജനറൽ ഓഫീസ് അപേക്ഷിച്ച പ്രകാരം സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) നമ്പർ 6904/07/ഫിൻ. തീയതി 17-9-2007-ൽ 75,000 രൂപ അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്. (ആകെ ബഡ്ജറ്റ് വിഹിതം 2,15,000 രൂപ).

ഈയിനത്തിൽ വിവിധ ജില്ലാ കളക്ടർമാരിൽ നിന്നും തുക ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച അപേക്ഷപ്രകാരം തുക നൽകിയിരുന്നു. എന്നാൽ ചില ജില്ലാ കളക്ടർമാർ ശേഷിച്ച തുക അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ തിരിച്ചേൽപ്പിച്ചിരുന്നു

(സറണ്ടർ). 19,691 രൂപ ഈയിനത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ചില ജില്ലാകളക്ടർമാർ തുക ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷിച്ചിരുന്നുവെങ്കിലും 2007-2008 സാമ്പത്തിക വർഷത്തെ അവസാന ദിവസമാണ് എല്ലാ തുകയും തിരിച്ചേൽപ്പിച്ചത്. തൻമൂലം തുക ആവശ്യപ്പെട്ട മറ്റ് ജില്ലാ കളക്ടർമാർക്ക് തുക കൊടുക്കുവാൻ സാധിച്ചിട്ടില്ല. തൻമൂലം ഈ ഹെഡിൽ ശേഷിക്കുന്ന തുക 19,691 രൂപ.

സർക്കാർ ഫയൽ ചെയ്യുന്ന കേസുകളിൽ കോർട്ട് ഫീസ് സ്റ്റാമ്പ് ഒഴിവാക്കുന്നതിലേക്കായി നിലവിലുള്ള നിയമത്തിൽ വേണ്ട ഭേദഗതികൾ അടിയന്തിരമായി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. 1969-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യൂവേഷൻ ആക്റ്റിലെ 73എ വകുപ്പ് പ്രകാരം സർക്കാർ ഫയൽ ചെയ്യുന്ന കേസുകളിൽ കോടതി ഫീസ് അടയ്ക്കേണ്ടതില്ല എന്ന വ്യവസ്ഥ ഇപ്പോൾ തന്നെ നിലവിലുള്ളതിനാൽ സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള ഒരു ഭേദഗതി കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്യൂവേഷൻ ആക്റ്റിൽ വരുത്തേണ്ട ആവശ്യമില്ല.

ശുപാർശ

06—വാടക, കരം, നികുതി

കീഴ്ക്കോടതിയിലെ മിക്കവാറും ഗവൺമെന്റ് ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ വിഹിതം വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ ഹെഡിൽ 2007-2008 സാമ്പത്തികവർഷം 1,00,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. ഈ ഹെഡിലും 2007-2008 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്ത കൂടുതൽ തുക സർക്കാർ അനുവദിച്ചു തന്നിട്ടില്ല. ഈ ഹെഡിൽ ചെലവായ തുക 68,291 രൂപ ശേഷിച്ച തുക 31,709 രൂപ.

കീഴ്ക്കോടതിയിലെ മിക്കവാറും ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനാൽ ഈ ഹെഡിൽ കൂടുതൽ തുകയുടെ ചെലവ് പ്രതീക്ഷിച്ചിരുന്നു. അതുകൊണ്ട് ഈ ഹെഡിൽ 1,51,000 രൂപ ഡിമാന്റ് ചെയ്തിരുന്നു. എന്നാൽ ഈ ഹെഡിൽ പ്രതീക്ഷിച്ചത്ര അപേക്ഷകൾ ലഭിച്ചില്ല. കൂടാതെ ചില കളക്ടർമാർ ശേഷിച്ച തുക അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ തിരിച്ചേൽപ്പിച്ചിരുന്നു (സറണ്ടർ). തൻമൂലം ഈ ഹെഡിൽ ശേഷിച്ച തുക 31,709 രൂപ.

ശുപാർശ

33—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

കീഴ്ക്കോടതിയിലെ ഗവൺമെന്റ് പ്ലീഡർമാർക്ക് ഈ വർഷം ഫീസിനത്തിൽ 12 ലക്ഷം രൂപ കൊടുക്കാനുണ്ട്. ഈ തുകയും ഈ വർഷത്തെ ചെലവും കൂടി കണക്കിലെടുത്ത് തുക വർദ്ധിപ്പിച്ചു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

2007-2008 സാമ്പത്തിക വർഷത്തിൽ ഈ ഹെഡിൽ 1,15,50,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ ഹെഡിൽ 2007-2008 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി X (ആഭ്യന്തരകാര്യങ്ങൾ) ശുപാർശ ചെയ്ത പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തേക്കാൾ കൂടുതൽ തുക (5,50,000 രൂപ) അനുവദിച്ചിരുന്നു. അനുവദിച്ച തുക അപര്യാപ്തമായതു കാരണം അഡ്വക്കേറ്റ് ജനറൽ ഓഫീസ് അപേക്ഷിച്ച പ്രകാരം ഗവൺമെന്റ് ഉത്തരവുകൾ

(1) ജി.ഒ. (ആർടി.) നമ്പർ 8267/2007/ഫിൻ. തീയതി 17-11-2007-ൽ 20 ലക്ഷം രൂപയും (2) ജി.ഒ. (ആർടി.) നമ്പർ 711/2008/ഫിൻ. തീയതി 26-1-2008-ൽ 35 ലക്ഷം രൂപയും അധികമായി അനുവദിച്ചു നൽകിയിട്ടുണ്ട്.

ഈയിനത്തിൽ ജില്ലാകളക്ടർമാരുടെ അപേക്ഷ പ്രകാരം (ആകെ ബഡ്ജറ്റ് വിഹിതം 1,70,50,000 രൂപ (1,15,50,000 + 55,00,000 = 1,70,50,000 രൂപ) അനുവദിച്ചു നൽകിയിരുന്നു. എന്നാൽ ചില ജില്ലാ കളക്ടർമാർ ബില്ലുകളുടെ അപര്യാപ്തതമൂലം ചെലവു ചെയ്യാത്ത തുക തിരിച്ചേൽപ്പിച്ചിട്ടുണ്ട് (സറണ്ടർ). മറ്റു ചില ജില്ലാകളക്ടർമാർ അനുവദിച്ചു കൊടുത്ത തുകയിലും കൂടുതൽ ബില്ലുകൾ ഉള്ളതിനാൽ ചെലവു ചെയ്യാത്ത തുക തിരിച്ചേൽപ്പിച്ചിട്ടുണ്ട്. ഈ ഉപയോഗിക്കാത്ത തുകയെ സംബന്ധിച്ച വിവരങ്ങൾ ജില്ലാ കളക്ടർമാർ മാർച്ച് 29-ാം തീയതിയാണ് അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ അറിയിച്ചത്. ആയതിനാൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ കൂടുതൽ തുക ചോദിച്ചുകൊണ്ടുള്ള പല ജില്ലാ കളക്ടർമാരുടെയും അപേക്ഷകൾ ഉണ്ടായിരുന്നുവെങ്കിലും അവർ ആവശ്യപ്പെട്ട തുക ഈ തിരിച്ചേൽപ്പിക്കപ്പെട്ട തുകയിൽ നിന്നും സമയപരിമിതിമൂലം നൽകുവാൻ കഴിഞ്ഞില്ല. തൻമൂലം ഈ ഹെഡിൽ 8,99,665 രൂപ ശേഷിച്ചിട്ടുണ്ട്.

ശുപാർശ

2055—പോലീസ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

2007-2008 വർഷത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച തുക പോലീസ് സേനാംഗങ്ങളുടെ വർദ്ധിച്ചുവരുന്ന വൈദ്യചികിത്സാവശ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തികച്ചും അപര്യാപ്തമാണ്. ആയതിനാൽ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 1.18 കോടി രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 3,67,56,000 രൂപ വകയിരുത്തിയിരുന്നു. ഇതിനുപുറമേ 32,42,000 രൂപ കൂടി അധികമായി പ്രസ്തുത വർഷം അനുവദിക്കുകയുണ്ടായി.

ശുപാർശ

**യാത്രാബത്ത**

യാത്രാബത്ത ഇനത്തിൽ പോലീസ് വകുപ്പിൽ വളരെയേറെ കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും വർദ്ധിച്ചുവരുന്ന യാത്രചെലവുകൾക്കുമായി ഈ വർഷത്തെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. യാത്രാബത്ത ഇനത്തിൽ വകുപ്പിൽ നിന്നും അധികമായി ആവശ്യപ്പെട്ടിരിക്കുന്ന 8 കോടി രൂപ കൂടി വകയിരുത്തി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

യാത്രാബത്ത ഇനത്തിൽ 2007-2008 സാമ്പത്തിക വർഷത്തിൽ 17,17,81,000 രൂപ വകയിരുത്തിയിരുന്നു. ടി ഇനത്തിലുണ്ടായിരുന്ന കുടിശ്ശിക ഒരു പരിധിവരെ തീർക്കുന്നതിനുവേണ്ടി 3,93,50,000 രൂപ കൂടി അധികമായി അനുവദിച്ചു നൽകുകയുണ്ടായി.

ശുപാർശ

പി. ഒ. എൽ.

പി. ഒ. എൽ. ഇനത്തിലും കുടിശ്ശിക കൊടുത്തു തീർക്കാനും വർദ്ധിച്ചുവരുന്ന ഇന്ധനചെലവുകൾക്കുമായി വകുപ്പിൽ നിന്നും ആവശ്യപ്പെട്ട 21.53 കോടി രൂപ വകയിരുത്തി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

2007-2008-സാമ്പത്തിക വർഷത്തിൽ പി. ഒ. എൽ. ഇനത്തിൽ 15,59,22,000 രൂപ വകയിരുത്തിയിരുന്നു. കൂടാതെ 3,74,80,000 രൂപ കൂടി പ്രസ്തുത വർഷം അധികമായി അനുവദിച്ചു നൽകിയിരുന്നു.

ശുപാർശ

കുറ്റാന്വേഷണ രീതികളിലെ ആധുനിക സങ്കേതങ്ങളായ പോളിഗ്രാഫ് പരിശോധന, ബ്രെയിൻ മാപ്പിംഗ് പരിശോധന എന്നിവയ്ക്ക് ഇപ്പോൾ ബാംഗ്ലൂർ, ഹൈദരാബാദ് എന്നീ വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. തന്മൂലം ഇവയ്ക്ക് വളരെയധികം പണച്ചെലവും കാലതാമസവും അനുഭവപ്പെടുന്നു. ഇവയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികളും അനുബന്ധ ഉപകരണങ്ങളും അടങ്ങിയ പരിശോധനാ കേന്ദ്രം സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

കുറ്റാന്വേഷണ രീതികളിലെ ആധുനിക സങ്കേതമായ പോളിഗ്രാഫ് പരിശോധനാ സംവിധാനം, ഇതിനകം തന്നെ സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറി ആസ്ഥാനത്ത് സ്ഥാപിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. കമ്പ്യൂട്ടർ നിയന്ത്രിതമായ ഈ യന്ത്ര സംവിധാനം ഉപയോഗിച്ച് പരിശോധനകൾ നടത്തുന്നതിന് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിതരായ ഒരു അസിസ്റ്റന്റ് ഡയറക്ടർ, ഒരു സയന്റിഫിക് അസിസ്റ്റന്റ് എന്നിവർക്ക് പരിശീലനം നൽകി അവരുടെ സേവനം ഉപയോഗപ്പെടുത്തി ആവശ്യമായ കേസുകളിൽ പോളി ഗ്രാഫ് പരിശോധനകൾ നടത്തിവരുന്നുണ്ട്.

ബ്രെയിൻ മാപ്പിംഗ് പരിശോധന നടത്തുന്നതിനുള്ള പ്രൊപ്പോസൽ ഡി. ജി. പി. യുടെ പരിഗണനയിലാണ്. പ്രസ്തുത പ്രൊപ്പോസൽ ലഭിച്ചാലുടൻ ആയതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2058-00-001-99-05—ഓഫീസ് ചെലവുകൾ

സ്റ്റേഷനറി വകുപ്പിന്റെ ദൈനംദിന പ്രവർത്തനത്തിനാവശ്യമായ തുകയ്ക്ക് പുറമെ ആഫീസ് ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ചെലവുകൾക്കും പലവിധകൂലിച്ചെലവുകൾക്കും ഈ ശീർഷകത്തിൽ നിന്നുമാണ് തുക കണ്ടെത്തേണ്ടത്. 2007-08 വർഷത്തേക്ക് 28,27,250 രൂപയ്ക്ക് അഭ്യർത്ഥിച്ചിരുന്നെങ്കിലും 22,52,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇലക്ട്രിസിറ്റി, വെള്ളം, ടെലിഫോൺ എന്നിവയ്ക്ക് മാത്രമായി 1,57,83,000 രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ ആവശ്യപ്പെട്ട തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശ നടപ്പിലാക്കണമെന്ന അപേക്ഷ ധനകാര്യ (ബഡ്ജറ്റ്)വകുപ്പിലേക്ക് അയച്ചുവെങ്കിലും ധനകാര്യ വകുപ്പ് പ്രസ്തുത ശുപാർശ നടപ്പാക്കിയില്ല.

ശുപാർശ

21.1—വാഹനം വാങ്ങൽ

സ്റ്റേഷനറി വകുപ്പിൽ സാധനങ്ങൾ കയറ്റി അയയ്ക്കുന്നതിനായി ലോറിയില്ലാത്ത സാഹചര്യത്തിൽ കരാർ അടിസ്ഥാനത്തിലാണ് വാടക ലോറിയിൽ സാധനങ്ങൾ കയറ്റി അയയ്ക്കുന്നത്. വകുപ്പിന് ലോറി വാങ്ങുന്നതിനായി 2007-2008-ലെ ബഡ്ജറ്റിൽ 15,00,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും കേവലം 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

<u>സ്വീകരിച്ച നടപടി</u>

സർക്കാരിന്റെ 9-7-2009 ലെ സ.ഉ. (സാധാ) 1006/09/ഉ.വി.വ. നമ്പർ ഉത്തരവു പ്രകാരം ഒരു പുതിയ ലോറി വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനാവശ്യമായ തുകയായ 11,10,000 രൂപ സർക്കാരിന്റെ 11-8-2009-ലെ സ.ഉ.(സാധാ) 5462/09/ധന. നമ്പർ ഉത്തരവുപ്രകാരം റീ അപ്രോപ്രിയേറ്റ് ചെയ്തിട്ടുണ്ട്.

<u>ശുപാർശ</u>

**അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം**

അത്യാധുനികമായ അഗ്നിശമനസേനാ യന്ത്രങ്ങളും അനുബന്ധ ഉപകരണങ്ങളും അടിയന്തരമായി അഗ്നിശമനസേനയ്ക്ക് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതോടൊപ്പം അടിയന്തരമായ രക്ഷാപ്രവർത്തനങ്ങൾക്ക് സഹായകമായി ഒരു ഹെലികോപ്റ്റർ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

<u>സ്വീകരിച്ച നടപടി</u>

2010-2011 സാമ്പത്തിക വർഷത്തിൽ "2070-108-94-ആധുനികവൽക്കരണം (പ്ലാൻ)" എന്ന ശീർഷകത്തിൽ 9 കോടി 30 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ രൂപ 3,50,92,682 ചെലവഴിക്കുകയുണ്ടായി. കൂടാതെ വൺ ടൈം അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ് സ്കീം പ്രകാരം "1070-108-90" എന്ന ശീർഷകത്തിൽ 22 കോടി 50 ലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 4.76,80,584 രൂപ ചെലവഴിക്കുകയുണ്ടായി ബാക്കി 17,73,19,000 രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ച് തരുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് ഉടൻതന്നെ സമർപ്പിക്കുന്നതാണ്. മേൽപ്പറഞ്ഞ ഫണ്ടുകൾ എല്ലാം ഉപയോഗിച്ച് അത്യാധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുകയുണ്ടായി. ഈ സാമ്പത്തിക വർഷത്തിൽ 6 കോടി 50 ലക്ഷം രൂപ പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. 75% കേന്ദ്രഗവൺമെന്റിന്റെയും 25% സംസ്ഥാന ഗവൺമെന്റിന്റെയും വിഹിതം ചേർത്ത് 3 കോടി 16 ലക്ഷം രൂപ സെൻട്രലി സ്പോൺസേർഡ് സ്കീം പ്രകാരം ലഭിച്ചിട്ടുണ്ട്. ഈ ഫണ്ടുകൾ എല്ലാം തന്നെ ഉപയോഗിച്ച് അത്യാധുനിക വാഹനങ്ങളും ഉപകരണങ്ങളും സ്കൈലിഫ്റ്റും വാങ്ങുന്നതാണ്.

<u>ശുപാർശ</u>

എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടിയതും അത്യാധുനിക പരിശീലനം സിദ്ധിച്ചവർ അടങ്ങിയതുമായ ഓരോ യൂണിറ്റെങ്കിലും സംസ്ഥാനത്ത് മേഖലാടിസ്ഥാനത്തിൽ രൂപീകരിച്ച് നിലനിർത്താനാവശ്യമായ പ്രാരംഭനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന 10 കോടി രൂപ അനുവദിച്ച് ഈ ഫണ്ട് ഉപയോഗിച്ച് അത്യാധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിച്ചു. ഫയർ സർവ്വീസ് ജീവനക്കാർക്ക് അത്യാധുനിക പരിശീലനം നൽകുന്നതിനായി വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാഡമി സജ്ജമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

ശുപാർശ

വിവിധ സ്പോർട്ട്സ് രംഗങ്ങളിൽ ദേശീയവും അന്തർ ദേശീയവുമായ മത്സരങ്ങളിൽ മെഡലുകൾ നേടുന്ന കേരളത്തിലെ താരങ്ങൾക്ക് നിയമനം നൽകി അവരെ ഈ സംസ്ഥാനത്ത് തന്നെ നിലനിർത്തുവാൻ സർക്കാരും മറ്റ് പൊതു മേഖലാ സ്ഥാപനങ്ങളും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഇപ്പോൾ നേട്ടങ്ങൾ കൈവരിക്കുന്ന വിവിധ സ്പോർട്ട്സ് രംഗങ്ങളിലെ 20 പേർക്ക് മാത്രമാണ് സ്പോർട്ട്സ് ക്വാട്ടായിൽ ഒരു വർഷം പോലീസ് ഉൾപ്പെടെ യുള്ള സംസ്ഥാന സർവ്വീസിൽ നിയമനം നൽകുന്നത്. ഈ സ്പോർട്ട്സ് ക്വാട്ടാ 50 എങ്കിലും ആയി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 69)

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ പ്രകാരം സ്പോർട്ട്സ് ക്വാട്ടാ നിയമനത്തിനുള്ള ഒഴിവുകൾ പ്രതിവർഷം 50 ആക്കി ഉയർത്തുന്നത് തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ട് 19-2-2008 ലെ. സാ.ഉ. (സാധാ) 1431/08/പൊ.ഭ.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പിന്നീട് ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനത്തിനായി ഗവർണ്ണറുടെ അനുമതി വാങ്ങുകയും തുടർന്ന് 17-7-2009 ലെ സ.ഉ. (പി) 170/09/ പൊ.ഭ.വ. നമ്പർ വിജ്ഞാപനം എസ്. ആർ. ഒ. ആയി 24-7-2009-ലെ കേരള ഗസറ്റ് 54-ാം വാല്യത്തിൽ പരസ്യപ്പെടുത്തുകയുമുണ്ടായി.

ശുപാർശ

2220-01-105-99—ഫിലിമുകൾ വാങ്ങുന്നത്

കലാമൂല്യമുള്ള ചിത്രങ്ങളും ഡോക്യുമെന്ററികളും വാങ്ങി പ്രദർശിപ്പിക്കുന്നതിനും പി. ആർ. ഡി.ഫിലിം ആർക്കീവ്സിലെ ചിത്രങ്ങൾ ഡിജിറ്റലൈസ് ചെയ്ത് നഷ്ടപ്പെടാതെ സൂക്ഷിക്കുന്നതിനുമായി ഒരു പദ്ധതി പരിഗണിക്കുന്നു. അതിന് 2007-08 ബഡ്ജറ്റിൽ അനുവദിച്ച 7 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 9 ലക്ഷം രൂപ കൂടിയെങ്കിലും ഈ പദ്ധതികൾക്കായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 80)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷം 8 ലക്ഷം രൂപ അധികമായി അനുവദിക്കുവാൻ ധനവകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുക ലഭിച്ചില്ല.

ശുപാർശ

2220-01-105-98—വീഡിയോ ചിത്രങ്ങളുടെ നിർമ്മാണം

ടി. വി. ചാനലുകളുടേയും ആകാശവാണിയുടേയും സമയം വാടകയ്ക്ക് എടുത്ത് സംപ്രേക്ഷണം നടത്തുന്നതിനും കേരളത്തിന്റെ 50 വർഷത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി പരമ്പര പൂർത്തിയാക്കുന്നതിനും എല്ലാ ജില്ലാകളിൽ നിന്നും സർക്കാർ വാർത്തകൾ ചാനലുകൾക്ക് ലൈവായി എത്തിച്ചു കൊടുക്കാൻ സ്ട്രിങ്ങർമാരെ നിയോഗിക്കുന്നതിനുമായി 20 ലക്ഷം രൂപയാണ് 2007-08 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

സ്വീകരിച്ച നടപടി

ഡോക്യുമെന്ററികൾ നിർമ്മിക്കുന്നതിന് സി ഡിറ്റിന് ഓർഡർ നൽകിയിരുന്നുവെങ്കിലും നിശ്ചിത കാലയളവിൽ നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ കൂടുതൽ തുക ആവശ്യമായി വന്നില്ല.

ശുപാർശ

2220-60-101-99—പ്രദർശനവും പരസ്യവും

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ, ദിനപത്രങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയിലെ പ്രദർശന പരസ്യങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള പ്രവർത്തനത്തിനുവേണ്ടിയാണ് ഈ ശീർഷകത്തിലെ പണം വിനിയോഗിക്കുന്നത്. 50 ലക്ഷം രൂപയുടെ കുടിശ്ശിക ബില്ലുകൾ തന്നെ ശേഷിക്കുന്നതിനാൽ നടപ്പുസാമ്പത്തിക വർഷം അനുവദിച്ച 39 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. ഈ ഇനത്തിൽ കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷം ധനകാര്യ വകുപ്പ് സർക്കാർ ഉത്തരവ് (സാധാ.) നം. 8674/07/ധന. തീയതി. 1-12-2007 പ്രകാരം 67.65 ലക്ഷം രൂപ അധികമായി അനുവദിച്ചിരുന്നു.

ശുപാർശ

2220-60-101-98—പ്രചരണ സാമഗ്രികൾ

ജനപഥം, കേരള കോളിംഗ്, സമന്വയം, ഇന്റർഫേസ്, എക്കണോമിക് ന്യൂസ് ഡൈജസ്റ്റ് എന്നീ ആനുകാലികങ്ങളുടെ അച്ചടി, രൂപകല്പന, വിതരണം എന്നിവയ്ക്കായും ഫോൾഡർ, പോസ്റ്റർ, ലഘുലേഖകൾ എന്നീ പ്രചരണ സാമഗ്രികൾക്കായും 18 ലക്ഷം രൂപയാണ് 2007-08 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ഈ ഇനത്തിൽ മുൻ വർഷത്തെ കുടിശ്ശികയും കൂടി ഉൾപ്പെടുന്നതിനാൽ

ഇപ്പോൾ അനുവദിച്ചിരിക്കുന്ന 18 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ കൂടുതൽ തുക ഇതിനായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നം 5649/07/ഫിൻ തീയതി 21-7-2007 പ്രകാരം 35 ലക്ഷം രൂപയും സ.ഉ. (സാധാ) നം. 8095/07/ഫിൻ തീയതി. 9-11-2007 പ്രകാരം 32 ലക്ഷം രൂപയും ടി ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷത്തിൽ അധികമായി അനുവദിച്ചിരിക്കുന്നു.

ശുപാർശ

2220-60-106-98—പ്രദർശനം

സംസ്ഥാനത്താകെയും രാജ്യത്തിനകത്തുമുള്ള സാമൂഹിക സാംസ്ക്കാരിക പ്രദർശനങ്ങളിൽ സർക്കാർ പങ്കെടുക്കുന്നതിനാണ് ഈ ശീർഷകത്തിലെ പണം വിനിയോഗിക്കുന്നത്. ന്യൂഡൽഹിയിലെ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ തുടർച്ചയായി കേരളത്തിനാണ് സുവർണ്ണമെഡൽ ലഭിക്കുന്നത്. 2006-2007-ൽ അന്താരാഷ്ട്ര മേളയ്ക്കായി മൊത്തം 68.35 ലക്ഷം രൂപ ചെലവായി. എന്നാൽ 2007-08 വർഷത്തിൽ ഇതിനായി 20 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഡൽഹിയിലെ പവലിയൻ നിലനിർത്താൻ മാത്രം 50 ലക്ഷം രൂപ ആവശ്യമുണ്ട് ആയതിനാൽ ഇതിലേക്കായി 85 ലക്ഷം രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

സ.ഉ.(സാധാ) നമ്പർ 5827/07/ഫിൻ തീയതി 27-7-2007 പ്രകാരം 10 ലക്ഷം രൂപയും സ.ഉ. (സാധാ) നമ്പർ 7848/07/ഫിൻ തീയതി 7-10-2007 പ്രകാരം 20 ലക്ഷം രൂപയും സ.ഉ. (സാധാ) നമ്പർ 1356/08/ഫൻ തീയതി. 14-2-2008 പ്രകാരം 19.79 ലക്ഷം രൂപയും ടി ശീർഷകത്തിൽ 2007-08 സാമ്പത്തിക വർഷം അധികമായി അനുവദിച്ചിരുന്നു.

ശുപാർശ

2220-60-800-78—ഔദ്യോഗിക വെബ്സൈറ്റിന്റെ നിർമ്മാണവും തപാൽ സെർവ്വറിന്റെ പരിപാലനവും

നടപ്പുസാമ്പത്തിക വർഷം നിലവിലുള്ള സംവിധാനം നിലനിർത്തുന്നതിന് മാൻപവർ ലീസ് ലൈൻ സർവറുകളുടെ പരിപാലനം, നോഡൽ ഓഫീസർമാർക്ക് പരിശീലനം, പുതിയ സേവനങ്ങൾ ആരംഭിക്കുക, ടെൻഡർ ഫോം ഉൾപ്പെടെ യുള്ളവയുടെ സാമ്പത്തിക ഇടപാടുകൾ ഓൺലൈനിൽ ആക്കുക, ടെൻഡറുകൾ തുടങ്ങിയ മെറ്റീരിയലുകൾ ഡിജിറ്റലൈസ് ചെയ്യുക. വെബ് ചാനൽ ആരംഭിക്കുക. മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും ഇ-മെയിൽ റൂട്ട് ചെയ്യുക, പി. ആർ. ഡി.

സൈറ്റിന്റെ പരിപാലനം എന്നീ ഇനങ്ങൾക്കായി 10 ലക്ഷം രൂപയാണ് 2007-08 വർഷത്തിൽ വകകൊള്ളിച്ചിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ കൂടുതൽ തുക ഈ ശീർഷകത്തിലേക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ അധിക തുക ഒന്നും തന്നെ അനുവദിച്ചിരുന്നില്ല. 2008-2009 സാമ്പത്തിക വർഷം 30 ലക്ഷം രൂപ അനുവദിച്ചിരുന്നു.

ശുപാർശ

2220-60-800-70—ടാഗോർ തീയേറ്റർ നവീകരണം

തലസ്ഥാന വികസന പദ്ധതിയിൽ ടാഗോർ തീയേറ്ററിന്റെ നവീകരണത്തിനുൾപ്പെടെ 1058 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇന്ന് ഈ പദ്ധതി നിലവിലില്ല. ആയതിനാൽ ടാഗോർ തീയേറ്ററിന്റെ ആദ്യഘട്ടം പണി പൂർത്തിയാക്കുന്നതിനായി '2220-60-800-79-ടാഗോർ തീയേറ്റർ നവീകരണം' എന്ന ശീർഷകത്തിൽ പുതുയായി പണം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സ്വീകരിച്ച നടപടി

ടാഗോർ തീയേറ്റർ നവീകരണത്തിന് തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2008-2009, 2009-2010 സാമ്പത്തിക വർഷങ്ങളിൽ 50 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## 2008-09 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്

ശുപാർശ

**പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്**

ഭരണപരവും ജനാധിപത്യപരവുമായി പ്രാധാന്യമർഹിക്കുന്ന വിഷയങ്ങളിൽ പഠനം, ഗവേഷണം, പരിശീലനം, പാർലമെന്ററികാര്യ പ്രവർത്തനങ്ങളിൽ ആരോഗ്യകരമായ കീഴ്‌വഴക്കങ്ങളെ സംബന്ധിച്ച് അവബോധവും പ്രചരണവും നടത്തുകവഴി ആശയ സമ്പുഷ്ടിയുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായാണ് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകൃതമായത്. നാളിതുവരെ സ്ഥാപനത്തിന് ഗ്രാന്റ് ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. ആയതിനാൽ സ്ഥാപനത്തിനായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും സ്ഥാപനത്തിന് പൂർണ്ണ തോതിലുള്ള പ്രവർത്തനം ആരംഭിക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കും മറ്റുമായി 50 ലക്ഷം രൂപ ഗ്രാന്റ് ആയി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് 2052-090-73-09 എന്ന പുതിയ ശീർഷകം അനുവദിക്കുകയും ധന വകുപ്പിന്റെ 5-8-2008-ലെ ജി.ഒ. (ആർറ്റി.) 6444/08/ഫിൻ നമ്പർ ഉത്തരവു പ്രകാരം Re-appropriation വഴി പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാന്റായി 50 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

പാർലമെന്ററി ജനാധിപത്യത്തിന്റെ വളർച്ചയ്ക്ക് മഹത്തായ സംഭാവനകൾ നൽകിയ ചരിത്ര പുരുഷൻമാരുടെ ജീവിതവും സംഭാവനകളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച ഈ പദ്ധതിക്കായി 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പാർലമെന്ററികാര്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പഴയ നിയമസഭാ മന്ദിരത്തിന്റെ പ്രൗഢി നിലനിർത്തിക്കൊണ്ട് നവീകരണം നടത്തുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2, 3 & 4)

സ്വീകരിച്ച നടപടി

വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്ത പ്രകാരം അധിക തുക അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ ധന വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ ഇനങ്ങളിലായി ഈ വർഷം വേണ്ടി വരുന്ന ചെലവുകൾക്കാവശ്യമായ തുക പാർമെന്ററികാര്യ വകുപ്പിന്റെ 2052-00-090-86 എന്ന ശീർഷകത്തിലുള്ള 125 ലക്ഷം രൂപയിൽ നിന്നും കണ്ടെത്തുവാനാണ് ധന വകുപ്പ് നിർദ്ദേശിക്കുന്നത്.

ശുപാർശ

**സെക്രട്ടേറിയറ്റ് പൊതു സർവ്വീസ്**

ബൗദ്ധിക സ്വത്തവകാശം സംബന്ധിച്ച് അവബോധം ജനങ്ങളിൽ വളർത്തിയെടുക്കാനും കേരളത്തെ ബാധിക്കുന്ന പാരമ്പര്യ വിജ്ഞാനവും ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും അവയുടെ ദുർവിനിയോഗം തടയുന്നതിനുമായി ബൗദ്ധിക സ്വത്തവകാശ അക്കാദമി സ്ഥാപിക്കുന്നതിന് 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ബൗദ്ധിക സ്വത്തവകാശ അക്കാദമി സ്ഥാപിക്കുന്നതിന് 1 കോടി രൂപ വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയുടെ വെളിച്ചത്തിൽ ബൗദ്ധിക സ്വത്തവകാശ അക്കാദമി സ്ഥാപിക്കുന്നതിനായുള്ള ഫയൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിക്ക് ചംക്രമണം ചെയ്തിട്ടുള്ളതും ആയതിന്മേൽ നിയമ നിർമ്മാണ ത്തിന്റെ സാധുത ആരാഞ്ഞുകൊണ്ട് ഫയൽ തിരികെ നൽകിയിട്ടുള്ളതുമാണ്. ഫയലിൽ നിയമ നിർമ്മാണത്തിനുള്ള നടപടികളെടുത്തുവരുന്നതിനാൽ ബൗദ്ധിക സ്വത്തവകാശ അക്കാദമിക്ക് വേണ്ടിയുള്ള ഒരു കോടി രൂപ ഈ വർഷം ആവശ്യപ്പെടാൻ സാധിച്ചില്ല.

ശുപാർശ

**നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ**

ഈ പദ്ധതി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ വ്യാപിപ്പിക്കുന്നതിനായി 13,83,000 രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിരിക്കുന്നു. ഇതിന്റെ പ്രവർത്തനത്തിന് ഇക്കൊല്ലം 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ ബാക്കി തുകയായ 3,83,000 രൂപ കൂടി ഇതിലേയ്ക്കായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തു ന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾക്കുശേഷം നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ള 5 ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്. കമ്മിറ്റി ശുപാർശയുടെ വെളിച്ചത്തിൽ ബാക്കി തുകയായ 3,83,000 രൂപ final batch of Supplementary Demands for Grants 2008-09 ആയി അനുവദിക്കുവാൻ ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

**നിയമ വകുപ്പിന്റെ നവീകരണ പദ്ധതി**

നിയമവകുപ്പ് നവീകരണ പദ്ധതിക്കായി നടപ്പുവർഷം അനുവദിച്ച 25 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ ഇത് പൂർത്തിയാക്കുന്നതിനായി ആവശ്യപ്പെട്ട 46,50,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

നിയമവകുപ്പ് നവീകരണ പദ്ധതി പൂർത്തീകരണത്തിനായി സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്ത 46,60,996 രൂപ Additional Authorisation ആയി അനുവദിക്കുവാൻ ആവശ്യപ്പെട്ടത് 20-1-2009-ലെ ജി. ഒ. (ആർറ്റി.) 488/09/ഫിൻ. മുഖാന്തിരം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

3451-00-101-75—അക്ഷയ

വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്ഷയ പദ്ധതി ആരംഭിച്ചത്. ഇതിന്റെ പ്രവർത്തനം ഇപ്പോൾ വളരെ നല്ല രീതിയിൽ നടന്നു വരുന്നുമുണ്ട്. എന്നാൽ ഈ പദ്ധതിക്ക് നടപ്പുസാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. അക്ഷയയുടെ പ്രവർത്തനങ്ങൾ കേരളമാകെ വ്യാപിപ്പിക്കുന്നതിനും അക്ഷയയുടെ തുടർപദ്ധതികൾക്കുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

2008 ജൂലൈ-ലെ ഉപധനാഭ്യർത്ഥന പ്രകാരം 3451-101-52 അക്ഷയ പദ്ധതി എന്ന ശീർഷകത്തിൽ അക്ഷയയുടെ തുടർ പദ്ധതികൾക്കായി മൂന്ന് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

സംസ്ഥാന പരിശീലന പരിപാടിയുടെ ഭാഗമായി സർക്കാർ ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾക്കായി ഈ സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. പുതുതായി സർവ്വീസിൽ കയറുന്ന ജീവനക്കാർക്കും പരിശീലന പരിപാടി നൽകുന്നതിനായി ഈ ശീർഷകത്തിൽ 645.84 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റിന് സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ ഭാഗമായി പരിശീലന പരിപാടികൾ നടത്തുന്നതിന് 2008-09 സാമ്പത്തിക വർഷത്തിൽ സപ്ളിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖാന്തിരം 596.60 ലക്ഷം രൂപ 3451-00-101-69 പരിശീലന പരിപാടി (പ്ലാൻ) എന്ന ഹെഡിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

ഹൈക്കോടതികൾ ഒഴികെയുള്ള മറ്റ് കോടതികളുടെ അടിസ്ഥാന സൗകര്യം വളരെ പരിമിതമാണ്. കോടതികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. അടിസ്ഥാന സൗകര്യങ്ങൾ നൽകുന്നതിനായി ഹൈക്കോടതിക്ക് ഫണ്ട് അനുവദിക്കുന്നതിന് ആനുപാതികമായി കീഴ്ക്കോടതികൾക്ക് ഫണ്ട് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

നിലവിലുള്ള വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കാനാവില്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതിനാൽ ഇപ്പോൾ നിലവിലുള്ള ബഡ്ജറ്റ് വിഹിതങ്ങളുടെ പുനഃക്രമീകരണത്തിലൂടെ കീഴ്ക്കോടതികൾക്ക് അധിക വിഹിതം ലഭ്യമാക്കാനുള്ള നിർദ്ദേശം ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെടുകയും, പ്രസ്തുത കീഴ്ക്കോടതികളുടെ പ്രവർത്തനാവശ്യത്തിനായി 58,89,000 രൂപ (അൻപത്തിയെട്ട് ലക്ഷത്തി എൺപത്തൊൻപതിനായിരം രൂപ) അനുവദിച്ചുകൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

നിലവിൽ കോടതികളിൽ തീർപ്പാകാതെ വളരെയധികം കേസുകൾ കെട്ടിക്കിടക്കുന്നതായി സമിതി വിലയിരുത്തുന്നു. സമയബന്ധിതമായി കേസുകൾ തീർപ്പാക്കുന്നതിനായി കൂടുതൽ കോടതികൾ ആരംഭിക്കുന്നതിനായി ഹൈക്കോടതി ശുപാർശ ചെയ്ത സ്ഥലങ്ങളിലെല്ലാം സബോർഡിനേറ്റ് കോടതികൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

ഹൈക്കോടതിയുടെ ശുപാർശ പ്രകാരം സബോർഡിനേറ്റ് കോടതികൾ രൂപീകരിക്കുന്നതിനുള്ള ഒരു മുൻഗണനാ ലിസ്റ്റ് സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്നും, സാമ്പത്തിക ലഭ്യതയനുസരിച്ച്, ഹൈക്കോടതിയുടെ നിർദ്ദേശത്തോടെ, കോടതികൾ തുടങ്ങുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2014-00-114-92—സ്ഥിര ലോക് അദാലത്ത്

പൊതു സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പബ്ലിക് യൂട്ടിലിറ്റി (ടെലിഫോൺ, വെള്ളം, വൈദ്യുതി, നഗരശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷ്വറൻസുകൾ) സർവ്വീസിലെ തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ പരിഹരിക്കുന്നതിനുള്ള സംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത്. ഇതിനായി എറണാകുളം, കോഴിക്കോട് എന്നീ മേഖലകളെ അടിസ്ഥാനമാക്കി ഈ സംവിധാനം നടപ്പുസാമ്പത്തിക വർഷത്തിൽത്തന്നെ തുടങ്ങുന്നതിനായി 28 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പബ്ലിക്ക് യൂട്ടിലിറ്റി (ടെലിഫോൺ, വെള്ളം, വൈദ്യുതി, നഗര ശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷ്വറൻസ്) സേവന രംഗങ്ങളിലെ തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ

പരിഹരിക്കുന്നതിനുള്ള സംവിധാനമായ സ്ഥിരം ലോക് അദാലത്തുകൾ കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽകൂടി ഈ വർഷം സ്ഥാപിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചിരുന്നു. തിരുവനന്തപുരത്ത് പ്രവർത്തനം തുടങ്ങിയ സ്ഥിരം ലോക് അദാലത്ത് ഇപ്പോൾ പ്രാരംഭ ദിശയിലാണ്. പ്രസ്തുത സ്ഥിരം ലോക് അദാലത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം കൂടുതൽ അദാലത്തുകൾ സ്ഥാപിക്കേണ്ട ആവശ്യകത ഉണ്ടോ എന്ന് പരിശോധിച്ചതിനും ശേഷം സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് മാത്രമേ ഈ വിഷയത്തിൽ സർക്കാർ ഒരു തീരുമാനമെടുക്കുകയുള്ളൂ.

ശുപാർശ

2014-00-800-91—കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് പദ്ധതിയിതര ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ 106 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 3.18 കോടി രൂപ ഗ്രാന്റായി അനുവദിക്കണമെന്ന് കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടതിന്മേൽ സർക്കാർ 211.51 ലക്ഷം രൂപ മാത്രം ഗ്രാന്റായി അനുവദിച്ചിട്ടുള്ളതാണ്. മനുഷ്യാവകാശ കമ്മീഷന്റെ നിലവിലുള്ള സ്ഥിതി അനുസരിച്ച് ഈ വർഷത്തെ പ്രവർത്തനത്തിന് പ്രസ്തുത തുക പര്യാപ്തമാണെന്നു കാണുന്നു. സബ്ജക്റ്റ് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള 106 ലക്ഷം രൂപ അനുവദിച്ചിട്ടില്ല. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് അടുത്ത സാമ്പത്തിക വർഷം കൂടുതൽ തുക 2009-2010-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

2015-00-103—സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും

വോട്ടർ പട്ടികയുടെ പരിഷ്കരണത്തിനും അച്ചടിക്കും വേണ്ടി ഈ ശീർഷകത്തിൽ കഴിഞ്ഞ വർഷം അനുവദിച്ച തുക മുഴുവൻ ചെലവഴിച്ചെങ്കിലും 1.25 കോടി രൂപയുടെ കുടിശ്ശിക ഉണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് 3.5 കോടി രൂപ കൂടി അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2015-00-103-സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും എന്ന ശീർഷകത്തിൽ 19-11-2008-ലെ ജി.ഒ.(ആർടി.)9136/08/ഫിൻ. ഉത്തരവുപ്രകാരം 2,50,60,000 (രണ്ട് കോടി അൻപതു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) രൂപയും

23-1-2009-ലെ 576/09/ഫിൻ. ഉത്തരവുപ്രകാരം 2,00,00,000 (രണ്ട് കോടി രൂപ മാത്രം) രൂപയും ചേർത്ത് ആകെ 4,50,60,000 (നാല് കോടി അൻപതു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ധനവകുപ്പ് അധികവിനിയോഗത്തിനായി അനുവദിച്ച് ലഭ്യമാക്കിയിരുന്നു.

ശുപാർശ

2015-00-105-99—പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ്

ഈ വർഷം ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിന് സാധ്യതയില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5,000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ഏതെങ്കിലും വിശേഷാൽ സാഹചര്യത്തിൽ തെരഞ്ഞെടുപ്പ് യാഥാർത്ഥ്യമായാൽ തെരഞ്ഞെടുപ്പിന്റെ തയ്യാറെടുപ്പുകൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തേയ്ക്ക് വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

2015-00-105-99-പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ് എന്ന ശീർഷകത്തിൽ 2008-2009 സാമ്പത്തിക വർഷത്തേയ്ക്ക് ധനവകുപ്പ് 19-11-2008-ലെ ജി.ഒ. (ആർടി.) നമ്പർ 9136/08/ഫിൻ നമ്പർ ഉത്തരവുപ്രകാരം 1,61,00,000 രൂപ (ഒരു കോടി അറുപത്തി ഒന്ന് ലക്ഷം രൂപ മാത്രം) അധിക വിനിയോഗത്തിനായി അനുവദിച്ച് ലഭ്യമാക്കിയിരുന്നു.

ശുപാർശ

2015-00-106-99—സംസ്ഥാന കേന്ദ്രഭരണപ്രദേശ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ്.

2008-09 വർഷത്തേയ്ക്ക് 20.02 ലക്ഷം രൂപ മാത്രമാണ് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. ഏതെങ്കിലും നിയമസഭാ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് ആസന്നമാകുകയാണെങ്കിൽ ബന്ധപ്പെട്ട ചെലവുകൾ നേരിടാൻ 20.02 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2015-00-106-99-സംസ്ഥാന കേന്ദ്ര ഭരണ പ്രദേശ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ചെലവ് എന്ന ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷം ഉപതെരഞ്ഞെടുപ്പുകളൊന്നും ആസന്നമാകാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യമായി വന്നില്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിച്ചില്ല.

ശുപാർശ

2015-00-108-99—സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുവാനുള്ള ചെലവ്

2008-09 വർഷം ഏകദേശം 9 ലക്ഷം പേർക്ക് തിരിച്ചറിയൽ കാർഡ് നൽകേണ്ട തായിവരും. എന്നാൽ, സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിരിക്കുന്ന 15 ലക്ഷം രൂപ തീരെ കുറവാണ്. ആയതിനാൽ ഈ തുകയ്ക്ക് പുറമേ 13.5 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

2015-00-108-99 സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുവാനുള്ള ചെലവ് എന്ന ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ ധനവകുപ്പ്, 30-1-2009-ലെ 762/09/ഫിൻ. നമ്പർ ഉത്തരവുപ്രകാരം 10000000 (ഒരു കോടി രൂപ മാത്രം) അധിക വിനിയോഗത്തിനായി അനുവദിച്ച് തന്നിട്ടുണ്ട്.

ശുപാർശ

2055—പോലീസ് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ജീവനക്കാർക്ക് അർഹതപ്പെട്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്ന തോടൊപ്പം ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ ചികിത്സാവശ്യങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന പലിശരഹിത മെഡിക്കൽ അഡ്വാൻസ് ക്രമീകരിക്കാനും ഈ ശീർഷ കത്തിൽ വകയിരുത്തുന്ന തുകയുടെ ഭൂരിഭാഗവും ചെലവു വരുന്നു. ഇക്കാരണത്താൽ ജീവനക്കാർക്ക് അർഹതപ്പെട്ട റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യം യഥാസമയം അനുവദിക്കാൻ കഴിയുന്നില്ല. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർക്കുന്നതിനുൾപ്പെടെ നടപ്പുവർഷത്തേയ്ക്ക് 593 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 440.85 ലക്ഷം രൂപ യാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, ബാക്കി തുകയായ 152.15 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ ധനപുനർവിനിയോഗംവഴി 7,00,000 (ഏഴ് ലക്ഷം) രൂപയും അഡീഷണൽ ഓതറൈസേഷൻ വഴി 2,50,000 (രണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപയും അനുവദിച്ചിട്ടുണ്ട്. 19-12-2008-ലെ സർക്കാർ ഉത്തരവ് നമ്പർ 9974/08/ധന. പ്രകാരം മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ഇനത്തിൽ ധനപുനർവിനിയോഗംവഴി 11,50,000 (പതിനൊന്ന് ലക്ഷത്തി അമ്പതിനായിരം രൂപ)യും അനുവദിച്ചിട്ടുണ്ട്. അതായത്, നടപ്പ് സാമ്പത്തിക വർഷം, മൊത്തം 21 ലക്ഷം രൂപ അധികമായി അനുവദിച്ചു.

ശുപാർശ

യാത്രാബത്ത

2008-09 വർഷത്തേയ്ക്ക് ക്രൈം ബ്രാഞ്ചിനായി നിർദ്ദേശിച്ചിരുന്ന 400 ലക്ഷം രൂപയിൽ 12 ലക്ഷം രൂപയും ബറ്റാലിയനുവേണ്ടി നിർദ്ദേശിച്ചിരുന്ന 1200 ലക്ഷം രൂപയിൽ 336 ലക്ഷം രൂപയും ജില്ലകൾക്കായി നിർദ്ദേശിച്ചിരുന്ന 1800 ലക്ഷം രൂപയിൽ 1198.33 ലക്ഷം രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആവശ്യമായ ഫണ്ടിന്റെ അഭാവത്തിൽ ഇപ്പോൾ ഈ ഇനത്തിൽ വൻ തുക കുടിശ്ശിക വന്നിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ മറ്റ് വിഭാഗങ്ങളിൽ വന്ന കുറവുകൂടി കണക്കിലെടുത്ത് മൊത്തം 1904.53 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

യാത്രാബത്തയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം ധനപുനർവിനിയോഗംവഴി 5,00,000 (അഞ്ച് ലക്ഷം) രൂപ അധികമായി നൽകിയിട്ടുണ്ട്. 19-12-2008-ലെ സർക്കാർ ഉത്തരവ് നം. 9974/08/ധന. പ്രകാരം ധനപുനർവിനിയോഗംവഴി 10,00,000 (പത്ത് ലക്ഷം) രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്. (മൊത്തം 15 ലക്ഷം രൂപ).

ശുപാർശ

ഓഫീസ് ചെലവുകൾ

കമ്പ്യൂട്ടർ, സ്റ്റേഷനറി, ഫർണീച്ചർ എന്നീ ആവശ്യങ്ങൾക്കുള്ള ചെലവുകൾ ഈ ഇനത്തിൽ നിന്നുമാണ് വഹിക്കുന്നത്. കൂടാതെ വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനുവേണ്ടി വരുന്ന ഭാരിച്ച ചെലവും ഇതിൽ നിന്നാണ് വഹിക്കുന്നത്. ഈ ചെലവുകൾ ഒന്നും തന്നെ ഒഴിവാക്കാനോ മാറ്റിവെയ്ക്കാനോ സാധിക്കാത്തതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ വകകൊള്ളിച്ചിരിക്കുന്ന 348.08 ലക്ഷം രൂപയ്ക്ക് പുറമേ 159.92 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം നാളിതുവരെ 37,25,000 രൂപ ധനപുനർവിനിയോഗംവഴി അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

പി.ഒ.എൽ

വർദ്ധിച്ചുവരുന്ന ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വകുപ്പിലുള്ള വാഹനങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരികയാണ്. ഇന്ധനവില വർദ്ധനവുമൂലം മുൻവർഷങ്ങളിൽ ഉണ്ടായ കുടിശ്ശിക

ഉൾപ്പെടെ കൊടുത്തുതീർക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 1138.01 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം നാളിതുവരെ 9,50,000 രൂപ ധനപുനർ വിനിയോഗംവഴി അധികമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ അഡീഷണൽ ഓതറൈ സേഷൻവഴി 1530 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ

**പോലീസ് സേനയുടെ നവീകരണം**

കേന്ദ്രസഹായത്തോടുകൂടിയുള്ള സംസ്ഥാന പോലീസ് സേനയുടെ നവീകരണ പദ്ധതി കഴിഞ്ഞ ഏഴുവർഷമായി നടപ്പിലാക്കി വരുന്നു. നടപ്പുവർഷം 63 കോടി രൂപയുടെ വിവിധ വാർഷിക പദ്ധതികൾ സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. എന്നാൽ ഈ വർഷം ഈ ഇനത്തിൽ 32 കോടി രൂപയാണ് (കേന്ദ്ര വിഹിതം 24 കോടി, സംസ്ഥാന വിഹിതം 8 കോടി) വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമായതിനാൽ ആവശ്യപ്പെട്ട 63 കോടിയും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷത്തിൽ പോലീസ് സേനയുടെ നവീകരണത്തിന് അംഗീകരിച്ചിട്ടുള്ള വിഹിതം 32 കോടി രൂപയാണ്. ഇതിൽ കേന്ദ്ര വിഹിതം 24 കോടി രൂപയും സംസ്ഥാന വിഹിതം 8 കോടി രൂപയുമാണ്. പോലീസ് സേനയുടെ നവീകരണത്തിനുള്ള വിഹിതം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും പോലീസ് കൺട്രോൾ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പ്രത്യേക ബഡ്ജറ്റ് ശീർഷകം അനുവദിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ബഡ്ജറ്റിൽ ഒരു പുതിയ ശീർഷകം അനുവദിച്ച് ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

പോലീസ് വകുപ്പിൽ പോലീസ് കൺട്രോൾ അതോറിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിയമംമൂലം രൂപീകരിച്ചിട്ടുണ്ട്. ന്യൂ സർവ്വീസ് ചട്ടം പാലിച്ച് ടി അതോറിറ്റിക്കുവേണ്ടി വരുന്ന ചെലവ് വഹിക്കുന്നതിനായി 2008-09-ലെ ഉപധനാഭ്യർത്ഥനയിൽ (ജൂലൈ 2008) ഒരു പുതിയ ശീർഷകം (800-80) തുറന്ന് 1000 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ശുപാർശ

പോലീസ് വകുപ്പുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റ പണികൾ നടത്തുന്നതിൽ പൊതുമരാമത്ത് വകുപ്പ് വീഴ്ച വരുത്തുന്നതിനാൽ അവ നശിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ പോലീസ് വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (കെ.പി.എച്ച്.സി.സി.) ഏല്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

6-8-2008-ലെ ജി.ഒ.(പി) 350/2008/ധന. നമ്പർ പ്രകാരം സർക്കാർ വകുപ്പു മേധാവികളുടെ ധനവിനിയോഗാധികാരം പുനർ നിർണ്ണയിച്ചിട്ടുണ്ട്. ടി പരിധിയിൽ നിന്നുകൊണ്ടുള്ള അറ്റകുറ്റപ്പണികൾ കെ.പി.എച്ച്.സി.സി.ക്ക് ചെയ്യാവുന്നതാണ്.

ശുപാർശ

1998-ൽ രൂപീകൃതമായ കേരള റൈഫിൾസ് വിഭാഗം ഇപ്പോൾ പ്രവർത്തനരഹിതമാണ്. മാത്രമല്ല ഇതിലെ സേനാംഗങ്ങളെ വിവിധ സ്ഥലങ്ങളിലായി പുനർവിന്യസിച്ചിരിക്കുകയാണ്. ആയതിനാൽ കേരള റൈഫിൾസ് വിഭാഗം പുനഃസംഘടിപ്പിച്ച് നിലനിർത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

22-9-2000-ലെ ജി.ഒ. (എംഎസ്.) നമ്പർ 212/2000/ആഭ്യന്തരം പ്രകാരം കേരള റൈഫിൾസ് രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇത് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. കേരള റൈഫിൾസിൽ നിന്നും ചില തസ്തികകൾ വിവിധ യൂണിറ്റുകളിലേയ്ക്കായി പുനർവിന്യസിച്ചിട്ടുണ്ട്. കേരള റൈഫിൾസിൽ നിന്ന് മറ്റ് വിഭാഗങ്ങളിലേയ്ക്ക് ചില തസ്തികകൾ പുനർ വിന്യസിക്കുന്നതിന് പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. കേരള റൈഫിൾസ് വിഭാഗം പുനഃസംഘടിപ്പിച്ച് നിലനിർത്തണമെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുകയോ പുനർവിന്യസിച്ച തസ്തികകൾ തിരികെ എടുക്കുകയോ ചെയ്യേണ്ടതായിട്ടുണ്ട്. എന്നാൽ പുനർവിന്യസിച്ച തസ്തികകൾ തിരികെ എടുക്കുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട യൂണിറ്റുകളിൽ/വിഭാഗങ്ങളിൽ പ്രതിസന്ധിക്ക് കാരണമാകും. ആയതിനാൽ കേരള റൈഫിൾസ് വിഭാഗം പുനഃസംഘടിപ്പിച്ച് നിലനിർത്തുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്.

## ശുപാർശ

പോലീസ് വകുപ്പിൽ നിലവിൽ ഒരു റിട്ടയർമെന്റ് ഒഴിവ് നികത്തുന്നതിന് കുറഞ്ഞത് 3 വർഷമെങ്കിലും സമയം എടുക്കുന്നുണ്ട്. തന്മൂലം വർഷം നാലായിരത്തോളം ഒഴിവുകൾ വകുപ്പിൽ ഉണ്ടാകുന്നുണ്ടെന്നും ഇത് പോലീസ് വകുപ്പിന്റെ കാര്യക്ഷമതയെ ഗുരുതരമായി ബാധിക്കുമെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ ഇത് ഒഴിവാക്കുന്നതിനായി പി.എസ്.സി.യുമായി കൂടിയാലോചിച്ച് റിസർവ്വ് ട്രെയിനികൾ എന്ന പേരിൽ ഒരു പ്രത്യേക വിഭാഗത്തിന് രൂപം നൽകണമെന്നും ഒഴിവുകൾ യഥാസമയം നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

## സ്വീകരിച്ച നടപടി

പോലീസ് സേനയിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം നികത്തുവാനായി 1000 ട്രെയിനിംഗ് പോലീസ് കോൺസ്റ്റബിൾ പോസ്റ്റുകൾ ട്രെയിനിംഗ് റിസർവ്വായി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## ശുപാർശ

കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ 8 ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന തീരദേശ പോലീസ് സ്റ്റേഷനുകളിൽ ആലപ്പുഴ, കാസർകോഡ് ജില്ലകളിൽ ആവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. പ്രസ്തുത ജില്ലകളിൽ സ്ഥലം ലഭ്യമാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കണമെന്നും തീരദേശ പോലീസ് സ്റ്റേഷൻ അനുവദിച്ച സ്ഥലങ്ങളിൽ പ്രവർത്തനം അടിയന്തരമായി ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

## സ്വീകരിച്ച നടപടി

സംസ്ഥാനത്ത് തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്:

1. വിഴിഞ്ഞം - തിരുവനന്തപുരം ജില്ല
2. നീണ്ടകര - കൊല്ലം ജില്ല
3. തോട്ടപ്പള്ളി - ആലപ്പുഴ ജില്ല
4. ഫോർട്ട് കൊച്ചി - എറണാകുളം ജില്ല
5. അഴീക്കോട് - തൃശ്ശൂർ ജില്ല
6. ബേപ്പൂർ - കോഴിക്കോട് ജില്ല
7. അഴീക്കൽ - കണ്ണൂർ ജില്ല
8. ബേക്കൽ (തലങ്ങറ) - കാസർഗോഡ് ജില്ല

ആലപ്പുഴ ജില്ലയിൽ തീരദേശ പോലീസ് സ്റ്റേഷൻ പണിയുന്നതിനാവശ്യമായ സ്ഥലം തോട്ടപ്പള്ളിയിൽ ലഭ്യമായിട്ടുണ്ട്. കാസർകോഡ് ജില്ലയിൽ തീരദേശ പോലീസ് സ്റ്റേഷൻ പണിയുന്നതിനാവശ്യമായ സ്ഥലം തലങ്ങരയിൽ കണ്ടെത്തി യിട്ടുണ്ട്. വിഴിഞ്ഞം, ബേപ്പൂർ എന്നീ തീരദേശ പോലീസ് സ്റ്റേഷനുകൾ പണിയുന്ന തിനാവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്. മറ്റ് തീരദേശ പോലീസ് സ്റ്റേഷനുകൾ, ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. നീണ്ടകരയിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്. ടി പോലീസ് സ്റ്റേഷന് അവശ്യമായ ജീപ്പുകൾ, മോട്ടോർബൈക്കുകൾ, മറ്റ് അവശ്യസാധനങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്. മറ്റ് പോലീസ് സ്റ്റേഷനുകളുടെ കെട്ടിടം പണി ആരംഭിക്കുന്നതിന് സി.ആർ.ഇസഡ്. ക്ലിയറൻസ് (കോസ്റ്റൽ റെഗുലേറ്ററി സോൺ) ലഭിക്കേണ്ടതായിട്ടുണ്ട്. ഇതിനായി നടപടികൾ നടന്നുവരുന്നു.

ശുപാർശ

ഗതാഗത നിയമലംഘനത്തിന് പിഴ ഈടാക്കുന്ന വകയിൽ ഓരോ വർഷവും ഏകദേശം 14 കോടി രൂപ പോലീസ് വകുപ്പ് സർക്കാരിന് നൽകുന്നുണ്ട്. വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രസ്തുത തുകയുടെ 10% എങ്കിലും ഗതാഗത നവീകരണത്തിനും അനുബന്ധ യന്ത്ര സാമഗ്രികൾ (ട്രാഫിക് ലൈറ്റ് കൺട്രോൾ എക്യുപ്മെന്റ്സ്) വാങ്ങുന്നതിനും അവ സംരക്ഷിക്കുന്നതിനുംവേണ്ടി പ്രത്യേക ശീർഷകം ഈ വകുപ്പിൻ കീഴിൽ അനുവദിച്ച് തുക വകയിരുത്തേണ്ട താണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

അടുത്ത ഉപധനാഭ്യർത്ഥനയിൽ പുതിയ ശീർഷകം തുറന്ന് ഫണ്ട് അനുവദിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

എല്ലാ ജില്ലകളിലെയും പോലീസ് സ്റ്റേഷനുകളും സമയബന്ധിതമായി കമ്പ്യൂട്ടർവൽക്കരിക്കണമെന്നും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണ മെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

സ്വീകരിച്ച നടപടി

കോമൺ ഇന്റഗ്രേറ്റഡ് പോലീസ് ആപ്ലിക്കേഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും മുഴുവൻ പോലീസ് സ്റ്റേഷനുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2008-09 മുതൽ ഇത് ആധുനികവൽക്കരണത്തിൽ നിന്ന് മാറ്റി പ്ലാൻ പദ്ധതിയാക്കി നടപ്പിലാക്കുന്ന താണ്. അതിനുവേണ്ടി എൻ.സി.ആർ.ബി.യുടെ പ്രത്യേക നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി തയ്യാറാക്കി അയയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതാണ്.

ശുപാർശ

**ജയിൽഭരണ നവീകരണം**

ജയിൽ പരിഷ്ക്കരണത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ (75% കേന്ദ്രവിഹിതം 25% സംസ്ഥാനവിഹിതം) നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി തടവുകാർ ജയിൽ ചാടുന്നത് നിയന്ത്രിക്കുന്നതിനായി ജയിലുകളിൽ അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അത്യാധുനിക സംവിധാനങ്ങളായ ഡിജിറ്റൽ ക്യാമറ, വയർലെസ് സെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും മെച്ചപ്പെട്ട രീതിയിൽ വളരെ വേഗം പാചകം ചെയ്യുന്നതിനായി സ്റ്റീം കുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

ജയിലുകളിൽ അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ഭാഗമായി ഡിജിറ്റൽ ക്യാമറ, വയർലെസ് സെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും മെച്ചപ്പെട്ട രീതിയിൽ വളരെ വേഗം പാചകം ചെയ്യുന്നതിനുമായി സ്റ്റീം കുക്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി 2009-10-ലെ ജയിൽ നവീകരണം എന്ന സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 22-9-2009-ലെ സ.ഉ. (സാധാ) നമ്പർ 2812/2009/ആഭ്യന്തരം പ്രകാരം 68.60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവ് പ്രകാരം സർവെയിലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ജയിൽ പരിഷ്ക്കരണത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജയിൽ നവീകരണ പദ്ധതിയിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് തുക വകയിരുത്തിയിട്ടില്ല.

ശുപാർശ

2058-00-001-99-21-1—ഭരണവും നടത്തിപ്പും-മോട്ടോർ വാഹനങ്ങൾ-വാഹനം വാങ്ങൽ

സ്റ്റേഷനറി വകുപ്പിന് ലോറികൾ ലഭ്യമല്ലാത്തതിനാൽ കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങളിലാണ് സാധനങ്ങൾ കയറ്റി അയയ്ക്കുന്നത്. ഈ ആവശ്യത്തിലേയ്ക്കായി നാമമാത്രമായ തുകയാണ് നടപ്പുവർഷം വകയിരുത്തിയിരിക്കുന്നത് ആയതിനാൽ വകുപ്പിന് ലോറി വാങ്ങുന്നതിലേയ്ക്കായി 14,99,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

സ്റ്റേഷനറി വകുപ്പിന് ലോറി വാങ്ങുന്നതിലേക്കായി അധിക തുക വകയിരുത്തുന്നതിന് ധനകാര്യ (ബഡ്ജറ്റ്) വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

സർക്കാർ ഓഫീസുകൾക്കും പ്രസ്സുകൾക്കും ആവശ്യമായ വിവിധ ഇനം പേപ്പർ വാങ്ങുന്നതിനാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം സർക്കാർ പ്രസ്സുകൾക്കാവശ്യമായ തോതിൽ കടലാസ് വാങ്ങി നൽകാൻ വകുപ്പിന് സാധിക്കുന്നില്ലെന്നും, ആയത് പ്രസ്സുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

സർക്കാർ ഓഫീസുകൾക്കും പ്രസ്സുകൾക്കും ആവശ്യമായ വിവിധ ഇനം പേപ്പർ വാങ്ങുന്നതിന് 28.70 കോടി രൂപ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 17.11 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതം. അധികതുക വകയിരുത്തുന്നതിന് ധനകാര്യ (ബഡ്ജറ്റ്) വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

ഡി.ടി.പി. പരിശീലനം

സർക്കാർ പ്രസ്സുകളിൽ ഹാന്റ് കമ്പോസിംഗ് പൂർണ്ണമായും ഒഴിവാക്കുന്നതിന്റെ ഭാഗമായി പ്രസ്സുകളിലെ ജീവനക്കാർക്ക് ഡി.ടി.പി. പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 50,000 രൂപയ്ക്ക് പുറമേ 1 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

ഗവൺമെന്റ് പ്രസ്സുകൾ-വേതനം

ജയിൽ പ്രസ്സുകളിൽ ജോലി ചെയ്യുന്ന തടവുകാരുടെ വേതനം വർദ്ധിപ്പിച്ച സാഹചര്യത്തിൽ നടപ്പുസാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 60 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

സ്വീകരിച്ച നടപടി

ദിവസ വേതനക്കാർക്കും തടവുകാർക്കും ഈ ശീർഷകത്തിൽ നിന്നുമാണ് വേതനം നൽകിയിരുന്നത്. അച്ചടി വകുപ്പിൽ ജോലി നോക്കുന്ന 77 ദിവസ വേതനക്കാരെ എസ്.എൽ.ആർ. ജീവനക്കാരായി സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായ സാഹചര്യത്തിൽ അധിക തുക ആവശ്യമില്ലാത്തതിനാൽ പ്രസ്തുത ശുപാർശയിൽ മേൽ നടപടി സ്വീകരിച്ചിട്ടില്ല.

ശുപാർശ

സർക്കാർ പ്രസ്സുകളിൽ പുതുതായി സ്ഥാപിക്കുന്ന അത്യാധുനിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിരിക്കുന്ന 10 ലക്ഷം രൂപ അപര്യാപ്തമായതിനാൽ, 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

അധിക തുക വകയിരുത്തുന്നതിന് ധനകാര്യ (ബഡ്ജറ്റ്) വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

ശുപാർശ

2058-00-103-99-(99)—വിവരസാങ്കേതിക വിദ്യ

സംസ്ഥാന സർക്കാരിന്റെ വിവരസാങ്കേതിക വിദ്യയുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്ന 1000 രൂപ തുലോം കുറവായതിനാൽ ഈ തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

സർക്കാരിന്റെ വിവര സാങ്കേതികവിദ്യയുടെ നടത്തിപ്പിനായി വകയിരുത്തിയിരിക്കുന്ന തുക 1 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് ധനകാര്യ (ബഡ്ജറ്റ്) വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിന്റെ കെട്ടിട നിർമ്മാണ ആവശ്യത്തിനും ആലപ്പുഴ ഫോറം സ്റ്റോറിന്റെ സ്ഥലമെടുപ്പിനും കെട്ടിടനിർമ്മാണത്തിനുമായി അനുവദിച്ചിരിക്കുന്ന തുക തീരെ കുറവാണെന്നും യുക്തമായ മാർഗ്ഗത്തിലൂടെ ആവശ്യമായ തുക വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

കെട്ടിട നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള ശുപാർശ നൽകുവാൻ പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശുപാർശ

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ്**

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പദ്ധതി ഇനത്തിൽ 60 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും കൂടുതൽ തുക ആവശ്യമായതിനാൽ അഡീഷണൽ ആതറൈസേഷൻവഴി 130 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അനുവദിച്ചിരുന്നു. എന്നാൽ ഈ വർഷത്തിൽ 70 ലക്ഷം രൂപയാണ് പദ്ധതിയിനത്തിൽ വകയിരുത്തിയിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ മതിയായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഫണ്ട് ലഭിക്കുന്നതിനുള്ള കാലതാമസംമൂലം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഐ.എം.ജി. നടത്താൻ നിശ്ചയിച്ചിരുന്ന പരിശീലന പരിപാടികളുടെ 1/3 ഭാഗം മാത്രമാണ് നടന്നിട്ടുള്ളത്. ആയതിനാൽ നിശ്ചയിച്ച പരിശീലന പരിപാടികൾ അതാത് വർഷങ്ങളിൽ തന്നെ നടത്തുന്നതിനായി, ഫണ്ടിന്റെ ലഭ്യതയിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തിര ശ്രദ്ധപതിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പരിശീലനം, വാഹനങ്ങൾ മാറ്റി വാങ്ങൽ, പുതിയ കോഴ്സുകളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങൽ, നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 190.04 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

വിവിധ വകുപ്പുകളിലെ സർക്കാർ ജീവനക്കാരുടെ പരിശീലനത്തിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഈ സർക്കാർ സ്ഥാപനത്തിന് വളരെ പരിമിതമായ തോതിലേ സ്വന്തമായി വരുമാനം ഉണ്ടാക്കാൻ കഴിയുകയുള്ളൂ എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ശമ്പളം, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി വിഹിതം എന്നിവ ഉൾപ്പെടെയുള്ള പദ്ധതിയേതര ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുകയ്ക്കു പുറമേ 278.41 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41,42,43,44)

സ്വീകരിച്ച നടപടി

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന് പദ്ധതി ഇനത്തിൽ 2008-09 സാമ്പത്തിക വർഷത്തിൽ 70 ലക്ഷം രൂപയും, പദ്ധതിയേതര ഇനത്തിൽ 225.85 ലക്ഷം രൂപയും ഗ്രാന്റായി ബഡ്ജറ്റിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഈ വർഷം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന

തിനേക്കാൾ കൂടുതൽ ഗ്രാന്റായി അനുവദിക്കാൻ നിർവ്വാഹമില്ല. സംസ്ഥാന പരിശീലന പരിപാടിയുടെ ഭാഗമായി ഐ.എം.ജി.ക്ക് 5.96 കോടി രൂപ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 3451-00-101-69 പരിശീലന പരിപാടി എന്ന ശീർഷകത്തിനുകീഴിൽ അധികമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈ സാമ്പത്തിക വർഷത്തിൽ മൂന്ന് ഗഡുക്കളായി അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള വിഭവലഭ്യതയുടെ പശ്ചാത്തലത്തിൽ ഐ.എം.ജി.ക്ക് ഇനിയും അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

ശുപാർശ

## അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

ആപൽഘട്ടങ്ങളിൽ ജീവന്റെയും സ്വത്തിന്റെയും സംരക്ഷണത്തിനും രക്ഷാ പ്രവർത്തനങ്ങൾക്കുമായാണ് അഗ്നിശമന സേന രൂപീകരിച്ചിട്ടുളളത്. ആധുനിക പരിശീലനവും അധുനിക ഉപകരണങ്ങളുടെ ആവശ്യകതയും ഈ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമാണ്. എന്നാൽ അഗ്നിശമനസേനാ വിഭാഗത്തെ അത് അർഹിക്കുന്ന പ്രാധാന്യത്തോടെ കാണുന്നില്ലായെന്നും അടിയന്തിര പ്രാധാന്യമുളള കാര്യങ്ങൾക്കുപോലും വിഹിതം അനുവദിക്കുന്നില്ലായെന്നും സമിതി വിലയിരുത്തുന്നു. ഈ വകുപ്പിന് പ്രത്യേകമായി ഒരു ധനാഭ്യർത്ഥന ഹെഡ് പോലുമില്ല. ഈ വകുപ്പുമായി യാതൊരു ബന്ധവും ഇല്ലാത്ത സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന ധനാഭ്യർത്ഥന XIV-ലാണ് ഈ വകുപ്പിന്റെ വിഹിതം ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രത്യേക ധനാഭ്യർത്ഥന ഇല്ലാത്തതുകൊണ്ടാണ് ഫണ്ട് വിഭജന വേളയിൽ അർഹമായ പ്രാധാന്യം ലഭിക്കാത്തത് എന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ അഗ്നിശമനസേനാ വിഭാഗത്തിനുവേണ്ടി പ്രത്യേകമായി ഒരു ധനാഭ്യർത്ഥന ഹെഡ് ആരംഭിക്കണമെന്നും ഈ വകുപ്പിന്റെ പ്രാധാന്യം കണക്കിലെടുത്ത് നവീകരണത്തിന് ആവശ്യമായ തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

അഗ്നിശമനസേനാ വിഭാഗം പോലുള്ള ചെറിയ വകുപ്പുകൾക്കായി പ്രത്യേക ധനാഭ്യർത്ഥനകൾ അനുവദിക്കുന്നത് പ്രായോഗികമല്ലെന്ന കാര്യം നിയമസഭാ സെക്രട്ടേറിയറ്റിനെ ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ശുപാർശ

അഗ്നിശമന വകുപ്പിന് ആധുനിക വാഹനങ്ങൾ വാങ്ങുന്നതിന് 1 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഇത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആധുനിക വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

<u>സ്വീകരിച്ച നടപടി</u>

(2009-10) സാമ്പത്തികവർഷത്തിൽ പദ്ധതി ഇനത്തിൽ രണ്ട് കോടി രൂപ 2070-ഒ.എസ്.10894 ഫയർഫോഴ്സിന്റെ ആധുനികവൽക്കരണം (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 53,74,181 (അൻപത്തിമൂന്നു ലക്ഷത്തി എഴുപത്തി നാലായിരത്തി നൂറ്റി എൺപത്തി ഒന്നു രൂപ) വാട്ടർ ടെണ്ടറുകൾ നിർമ്മിക്കുന്നതിനും, 99,25,819 (തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി പത്തൊൻപത് രൂപ) 5 മിനി വാട്ടർ ടെണ്ടറുകൾ വാങ്ങുന്നതിനും വിനിയോഗിക്കുന്നതിനും 20-7-2009-ലെ ജി.ഒ. (എംഎസ്.) നമ്പർ 110/09/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകി കഴിഞ്ഞു.

<u>സ്വീകരിച്ച നടപടി</u>

**ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ**

കേന്ദ്ര നിയമങ്ങളുടെ മലയാള പരിഭാഷ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ആധികാരിക പാഠങ്ങളായി പ്രസിദ്ധീകരിക്കുവാൻ ചുമതലപ്പെട്ട സംസ്ഥാനത്തെ ഏക സർക്കാർ സ്ഥാപനമായ കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുഗമവും ആക്കുന്നതിനായി ഒരു സിറോക്സ് മെഷീനും ഒരു കമ്പ്യൂട്ടർ സിസ്റ്റവും വാങ്ങുന്നതിനായി ഓഫീസ് ചെലവ് ഇനത്തിൽ 3,00,000 രൂപ നടപ്പു വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തുവാൻ അഭ്യർത്ഥിച്ചിരുന്നെങ്കിലും 1,15,000 രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. ഈ തുക അപര്യാപ്തമായതിനാൽ ബാക്കി തുകയായ 1,85,000 രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സ്വീകരിച്ച നടപടി</u>

കമ്മീഷന്റെ ഓഫീസ് പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുഗമവും ആക്കുന്നതിന്, ബഹുമാനപ്പെട്ട സമിതി ശുപാർശ ചെയ്ത പ്രകാരം 1,85,000 രൂപ കൂടി ഓഫീസ് ചെലവ് ഇനത്തിൽ അനുവദിക്കണമെന്ന് സർക്കാരിന് സമർപ്പിച്ച കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ, 2008-09 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളിലും 2009-10 വർഷത്തെ അസ്സൽ നിർദ്ദേശത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതിനു പുറമേ ബഹുമാനപ്പെട്ട സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി തുക നടപ്പ് സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനായി final batch of Supplementary Demands for grants 2008-09-ൽ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നിയമവകുപ്പിൽ നിന്നും സമർപ്പിച്ചിട്ടുണ്ട്. ടി തുക ഉപയോഗിച്ച്, 2008-09 സാമ്പത്തിക വർഷത്തിൽ കമ്മീഷനിലേക്ക് ഒരു സിറോക്സ് മെഷീൻ വാങ്ങുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ശുപാർശ

മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയിക്കുന്നതിനും അവസരം ഒരുക്കുന്നതിന് സർക്കാർ തലത്തിൽ ഔദ്യോഗിക ഭാഷാ വകുപ്പിന്റെ കീഴിൽ 'മലയാളം മിഷൻ' എന്ന ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചതായി സമിതി മനസ്സിലാക്കുന്നു. മലയാളമിഷന്റെ പ്രവർത്തനം ഇക്കൊല്ലംതന്നെ ആരംഭിക്കുന്നതിനായി പ്രത്യേകം ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

24-6-2008-ലെ സ.ഉ. (അച്ചടിച്ചത്) നമ്പർ 07/08/ഉഭപവ. പ്രകാരം മലയാളം മിഷൻ രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മലയാളം മിഷൻ സ്ഥാപിക്കുന്നതിന് 2008-09 ഉപ ധനാഭ്യർത്ഥന ഗ്രാന്റ് പ്രകാരം 2070-00-119-96 എന്ന ശീർഷകത്തിൽ ഒരുകോടി രൂപ ഈ ആവശ്യത്തിലേക്കും വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

**രാസപദാർത്ഥ പരിശോധനശാല**

ആഭ്യന്തര വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറി വകുപ്പിന്റെ മൂന്ന് ലാബോറട്ടറികളിലും ആധുനിക ശാസ്ത്ര ഉപകരണങ്ങളും കമ്പ്യൂട്ടറുകളും വാങ്ങി ആധുനിക വൽക്കരിക്കുന്നതിന് ഈ സാമ്പത്തിക വർഷം 25 ലക്ഷം രൂപയാണ് അനുവദി ച്ചിട്ടുള്ളത്. വർഷംതോറും വിവിധ ഇനം കുറ്റകൃത്യങ്ങളിൽപ്പെട്ട എഴുപതി നായിരത്തോളം തൊണ്ടിസാധനങ്ങൾ രാസപരിശോധന നടത്തി കോടതികൾക്കും അന്വേഷണ ഉദ്യോഗസ്ഥർക്കും നൽകേണ്ടതുണ്ട്. ഇവ വളരെ കൃത്യതയോടും വേഗത്തിലും നടത്തുന്നതിനായി ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങി ഈ വകുപ്പിന്റെ കീഴിലുള്ള മൂന്ന് ലാബോറട്ടറികളും ആധുനികവൽക്കരിക്കുന്നതിന് 5 കോടി 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സ്വീകരിച്ച നടപടി

നടപ്പുസാമ്പത്തിക വർഷം 2210-06-107-97-19 യന്ത്രോപകരണങ്ങൾ എന്ന ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 25 ലക്ഷം രൂപയ്ക്കും ആധുനിക ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായുള്ള ഭരണാനുമതി ഇതിനോടകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ ടി വകുപ്പിൽ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പ റേഷന്റെ ഫണ്ട് ഉപയോഗിച്ച് ആധുനിക ശാസ്ത്ര ഉപകരണങ്ങൾ വാങ്ങുന്ന തിലേയ്ക്കായി 30-5-2008-ൽ ജി.ഒ. (ആർറ്റി.) 1740/08/ആഭ്യന്തരം പ്രകാരം 90 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ശുപാർശ

**രാസവസ്തു പരിശോധനശാല സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ**

2008-09 വർഷത്തിൽ പദ്ധതി വിഹിതത്തിൽ മരാമത്ത് പണികൾക്കായി 40 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക തിരുവനന്തപുരം ലാബിൽ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ അലൂമിനിയം റൂഫിംഗ് പണിയുന്നതിന് മാത്രമേ തികയുന്നുള്ളൂ. ആയതിനാൽ പ്രസ്തുത ലാബിന്റെ പണി പൂർത്തീകരിക്കുന്നതിനായി ബാക്കി തുകയായ 35 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സ്വീകരിച്ച നടപടി

സമിതിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശുപാർശ

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പുതുതായി ആരംഭിച്ച നാർക്കോട്ടിക് ഡിവിഷനുകളുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സ്വീകരിച്ച നടപടി

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

ശുപാർശ

2220-01-001-98-21—മോട്ടോർ വാഹനങ്ങൾ

പി.ആർ.ഡി. യുടെ എല്ലാ ജില്ലാ ഓഫീസുകളിലും വാഹനങ്ങൾ വളരെ അവശ്യമാണ്. ഗവൺമെന്റിന്റെ എല്ലാ പരിപാടികളിലും ജീവനക്കാർ എത്തേണ്ടത് വളരെ അവശ്യമായ കാര്യമാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ 94,000 രൂപയേ അനുവദിച്ചിട്ടുള്ളൂ. എന്നാൽ മിക്ക വാഹനങ്ങളും പഴക്കം ചെന്നവയായതിനാൽ അവയുടെ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക തീരെ കുറവാണ്. ആയതിനാൽ ഒരു ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 6502/2008/ധന. തീയതി 7-3-2008 പ്രകാരം 1,50,000 രൂപയും സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 9547/2008/ധന. തീയതി 3-12-2001 പ്രകാരം 75,000 രൂപയും അധിക തുകയായി ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു.

ശുപാർശ

2220-01-001-98-45—പി.ഒ.എൽ.

ഇൻഫർമേഷൻ ഓഫീസുകളുടേയും മേഖലാ ഓഫീസുകളുടേയും വാഹനങ്ങളുടേയും ഇന്ധനചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ ഈ വർഷം 2,30,000 രൂപയാണ് അനുവദിച്ചിരുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ കഴിഞ്ഞ വർഷം അനുവദിച്ചതുപോലെ 1,70,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

2008-09 വർഷം ടി ശീർഷകത്തിൽ സ.ഉ.(സാധാ.) നമ്പർ 8141/2008/ധന. തീയതി 14-10-2008 പ്രകാരം 3,20,000 രൂപ ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു.

ശുപാർശ

2220-60-101-97—പരസ്യത്തിനുള്ള ചെലവ്

വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്ന് പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടേയും വിജ്ഞാപനങ്ങളുടേയും പരസ്യക്കൂലി ഈ ശീർഷകത്തിൽ നിന്നാണ് നൽകുന്നത്. വികസന പദ്ധതികൾക്ക് പ്രചാരം നൽകുന്നതിന് വർദ്ധിച്ച തോതിൽ പരസ്യങ്ങളെ ആശ്രയിക്കുന്നതുകൊണ്ട് ഈ ശീർഷകത്തിൽ ചെലവ് ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. 2008-09 വർഷത്തിൽ അനുവദിച്ചിട്ടുള്ള 4 കോടി രൂപ തീരെ അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

സ്വീകരിച്ച നടപടി

2008-09 വർഷത്തെ പുതുക്കിയ പരസ്യക്കൂലി നിരക്ക് നിലവിൽ വരുന്നതിന് കാലതാമസം നേരിട്ടതിനാൽ സമിതി ശുപാർശ ചെയ്ത 2 കോടി രൂപ ചെലവഴിക്കുന്നതിനുള്ള സമയം ടി സാമ്പത്തികവർഷം ലഭിക്കാത്തതിനാൽ പ്രസ്തുത തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യവകുപ്പിന് സമർപ്പിച്ചിരുന്നില്ല.

ശുപാർശ

2220-60-101-99—പ്രദർശനവും പരസ്യവും

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും ദിനപ്പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയിലൂടെയുള്ള പ്രദർശനപ്പരസ്യങ്ങൾവഴി പൊതുജനങ്ങളിൽ എത്തിക്കുന്നതിനുള്ള ചെലവ് ഇലക്ട്രോണിക് മാധ്യമങ്ങൾക്കുള്ള പരസ്യചാർജ്ജ്, പരസ്യം തയ്യാറാക്കി

നൽകുന്നതിനുള്ള ചെലവ്, പരസ്യ ഏജൻസിക്ക് നൽകേണ്ട തുക എന്നിവ ഈ ശീർഷകത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഡിസ്‌പ്ലേ പരസ്യക്കൂലി നൽകുന്നതിനായി ഏകദേശം ഒന്നരക്കോടി രൂപയുടെ പാസായ ബില്ലുകൾ വകുപ്പിൽ ശേഷിക്കുന്നുണ്ട്. കൂടാതെ 2008-09 സാമ്പത്തിക വർഷത്തിൽ കൂടുതൽ ഡിസ്‌പ്ലേ പരസ്യങ്ങൾ നൽകേണ്ടതായി വരുന്നതിനാൽ ഈ ഇനത്തിൽ 5 കോടി രൂപയെങ്കിലും ചെലവ് പ്രതീക്ഷിക്കുന്നു. എന്നാൽ 80 ലക്ഷം രൂപയാണ് ഈ വർഷത്തേക്ക് ഈ ഹെഡ്ഡിൽ വകകൊള്ളിച്ചിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ 4 കോടി 20 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം ടി. ശീർഷകത്തിൽ 5 കോടി രൂപ സ.ഉ.(സാധാ.) നമ്പർ 6068/2008/ധന. തീയതി 22-7-2008 പ്രകാരം ധനകാര്യ വകുപ്പ് അനുവദിച്ചിരുന്നു.

ശുപാർശ

2220-60-800-91—കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം-1993

പത്രപ്രവർത്തക പെൻഷൻ സ്കീമിൽ ഈ വർഷം ഉൾപ്പെടുത്തിയിട്ടുള്ളത് 15,40,000 രൂപയാണ്. കഴിഞ്ഞ വർഷത്തെ ചെലവ് തന്നെ 30 ലക്ഷം രൂപയാണ്. ചില പത്രസ്ഥാപനങ്ങളിൽ നിന്ന് കുറച്ച് തുക സംഭാവനയായി കിട്ടിയാൽപോലും ഈ തുകകൊണ്ട് പെൻഷൻ കൊടുത്ത് തീർക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഈ ഹെഡ്ഡിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം ടി ശീർഷകത്തിൽ 8 ലക്ഷം രൂപ ഉപധനാഭ്യർത്ഥന (ജൂലൈ-2009) വഴിയും 10,46,000 രൂപ സ.ഉ. (സാധാ.) നമ്പർ 9692/08/ധന. തീയതി 6-12-2008 പ്രകാരവും ധനകാര്യവകുപ്പ് അനുവദിച്ചിരുന്നു.

## 2009-2010 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശുപാർശ

**പബ്ളിക് സർവ്വീസ് കമ്മീഷൻ**

02-വേതനം

2009-10 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 22,50,000 രൂപയുടെ ബഡ്ജറ്റ് നിർദ്ദേശം സമർപ്പിച്ചിരുന്നെങ്കിലും 18,23,000 രൂപ മാത്രമാണ്

വകയിരുത്തിയിരിക്കുന്നത്. ഈ തുക തീരെ അപര്യാപ്തമായതിനാൽ ബാക്കി തുകയായ 4,27,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷത്തിൽ 22,50,000 രൂപ ആവശ്യപ്പെട്ടിരുന്നതിൽ 18,23,000 രൂപയാണ് വിഹിതമായി അനുവദിച്ചിരുന്നത്. എന്നാൽ ഈ ഇനത്തിൽ അനുവദിച്ച വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 4,27,000 രൂപ കൂടി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. മുഖ്യമായും പാർട്ട്-ടൈം ജീവനക്കാർക്ക് വേതനം നൽകേണ്ട ഈ ശീർഷകത്തിൽ ഇന്നുവരെ 12,00,000 രൂപയോളം ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തിട്ടുള്ള ബാക്കി തുക ചെലവഴിക്കുന്നതിനുള്ള അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

പബ്ളിക് സർവ്വീസ് കമ്മീഷന്റെ ചില ജില്ലാ/മേഖല ഓഫീസുകൾ സ്ഥല പരിമിതിമൂലം പുതിയ വാടക കെട്ടിടങ്ങളിലേക്ക് മാറ്റിയിട്ടുള്ളതിനാലും കേന്ദ്ര ആഫീസിനോടൊപ്പം പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം ജില്ലാ ഓഫീസ് പുതിയ വാടക കെട്ടിടത്തിലേക്ക് മാറിയതിനാലും ഈ വർഷം അനുവദിച്ച 33,00,000 രൂപ പര്യാപ്തമല്ലാത്തതിനാൽ 6 ലക്ഷം രൂപ കൂടി അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന 33,00,000 രൂപ അപര്യാപ്തമാണെന്ന് വിഷയനിർണ്ണയ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 6,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. കമ്മീഷന്റെ 8 ജില്ലാ ഓഫീസുകളും 2 മേഖലാ ഓഫീസുകളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ശീർഷകത്തിൽ ഇതുവരെയായി 23,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തിട്ടുള്ള അധിക തുക ചെലവഴിക്കുന്നതിനുള്ള അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

പി.എസ്.സി.യുടെ പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷാ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന അദ്ധ്യാപകർക്കും ബന്ധപ്പെട്ട ജോലികൾ ചെയ്യുന്ന മറ്റ് ജീവനക്കാർക്കും വളരെ തുച്ഛമായ പ്രതിഫലമാണ് നൽകി വന്നിരുന്നത്. എന്നാൽ പ്രതിഫല തുകയിൽ കാലോചിതമായ വർദ്ധനവ് വരുത്തി 2007 ജൂലൈ മുതൽ എല്ലാ വിഭാഗം ജീവനക്കാർക്കും നിലവിലുള്ള പ്രതിഫലത്തിൽ 30% വർദ്ധനവ് അനുവദിച്ചു കൊണ്ട് കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത്

28 'പി.പി.എസ്.എസ്.' എന്ന ശീർഷകത്തിൽ മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിലെ 3,16,25,000 രൂപയുടെ വിഹിതം പര്യാപ്ത മല്ലാത്തതിനാൽ മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിട്ടുണ്ട്. 1,50,00,000 രൂപയോളം ഈ ശീർഷകത്തിൽ ഇതുവരേയും ചെലവഴിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരികയാണ്. തുക തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്ത പ്രകാരമുള്ള അധിക തുക ചെലവഴിക്കുന്നതിനുള്ള അനുമതി തേടുന്നതാണ്.

ശുപാർശ

പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുന്ന സജ്ജീകരണങ്ങൾക്കുള്ള പ്രതിഫലം, പരീക്ഷാ സാമഗ്രികളുടെ വില, വിവിധ പരീക്ഷകളിൽ കമ്മീഷനെ സഹായിക്കുന്ന വിദഗ്ദ്ധർക്കും മറ്റ് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്കുള്ള പ്രതിഫലം, വിവിധ തസ്തികകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന ശാരീരിക ക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയ്ക്കായുള്ള ചെലവുകൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്ത മായതിനാൽ മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന 34,79,000 രൂപ അപര്യാപ്ത മാണെന്ന സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മതിയായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, പോലീസ് കോൺസ്റ്റബിൾ (ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ) എന്നീ തസ്തികകളുടെ തെരഞ്ഞെടുപ്പിനായുള്ള ശാരീരിക ക്ഷമതാ പരീക്ഷയുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ വളരെയധികം തുക ആവശ്യമായി വന്ന സാഹചര്യത്തിൽ അധികം തുക ചെലവഴിക്കുന്നതിനുള്ള അനുവാദം ഈ ആഫീസിൽ നിന്നും തേടുകയും ഇതിനെത്തുടർന്ന് 23-5-2009-ലെ 3837/ഫിൻ, 27-6-2009-ലെ 4464/09/ഫിൻ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 50,00,000 രൂപ വീതം രണ്ടു ഘട്ടങ്ങളിലായി (ആകെ 1,00,00,000 രൂപ) അധികമായി ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള 1,34,79,000 രൂപയിൽ 1,20,00,000 രൂപയോളം ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്.

ശുപാർശ

**സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ**

കേരളത്തിൽ പാരമ്പര്യ വിജ്ഞാനം, ജൈവിക വിഭവങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാനം എന്നിവയുടെ ദുരുപയോഗം തടയുന്നതിന് നിലവിലുള്ള നയങ്ങൾ അപര്യാപ്തമായതിനാൽ ഇവയെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ

രൂപീകൃതമായ നയമാണ് ബൗദ്ധിക സ്വത്തവകാശ നയം. പ്രസ്തുത നയം വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനായി ബൗദ്ധിക സ്വത്തവകാശ മേൽനോട്ട സമിതി രൂപീകൃതമാകുകയും ഇതിന്റെ ഭരണ കാര്യങ്ങൾക്കായി വിവിധ തസ്തികകളിലായി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് ഐ.പി.ആർ. അഡ്മിനിസ്ട്രേഷൻ വിഭാഗം രൂപീകരിക്കുന്നതിനായി 2009-10 ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തുവാൻ അഭ്യർത്ഥിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ നിർബന്ധമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

<u>സ്വീകരിച്ച നടപടി</u>

ശുപാർശയുടെ വെളിച്ചത്തിൽ ഐ.പി.ആർ. അഡ്മിനിസ്ട്രേഷൻ വിഭാഗം രൂപീകരിക്കുന്നതിനായി 10 ലക്ഷം രൂപ അനുവദിക്കുന്നതിലേക്കായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായം ആരാഞ്ഞശേഷം വിശദമായ കുറിപ്പ് സഹിതം ഫയൽ വീണ്ടും ബഹുമാനപ്പെട്ട നിയമവകുപ്പ് മന്ത്രിയുടെ ഉത്തരവിനായി സമർപ്പിച്ചിരിക്കുകയാണ്.

<u>ശുപാർശ</u>

2052-00-092-88—<u>കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ</u>

34—<u>മറ്റ് ചെലവുകൾ</u>

ബഡ്ജറ്റിൽ പ്രത്യേകമായി തുക അനുവദിക്കാത്ത ചെലവുകൾക്കായാണ് ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നത്. 2009-2010 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും, ഈ സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ കമ്മീഷൻ ആവശ്യപ്പെട്ട തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാന വിവരാവകാശ കമ്മീഷനുവേണ്ടി 2052-092-88-34-മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 8-4-2009-ലെ സ.ഉ.(ആർറ്റി.) നമ്പർ 3128/09/ഫിൻ. പ്രകാരം 20 ലക്ഷം രൂപ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

**നിയമ ഓഫീസുകൾക്ക് കോടതി കേസ്സുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ**

അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ ഓൺ ലൈൻ മോണിറ്ററിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിന്, നിർവ്വഹണ ഏജൻസിയായ കെൽട്രോണിന്റെ റിപ്പോർട്ട് അനുസരിച്ച് 2009-10 വർഷത്തിൽ 31,88,547 രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ 2009-10 വർഷത്തെ ബഡ്ജറ്റിൽ 5,00,000 രൂപ

മാത്രമാണ് ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ കുറവ് വന്ന തുകയായ 26,88,547 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സ്വീകരിച്ച നടപടി</u>

2009-2010-ൽ 31,88,547 രൂപ ചെലവു പ്രതീക്ഷിച്ചിരുന്നെങ്കിലും പിന്നീട് റിവൈസ്ഡ് എസ്റ്റിമേറ്റിൽ 10,79,000 രൂപയായി കുറഞ്ഞിട്ടുള്ളതാണ്. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 5 ലക്ഷം രൂപ നിർവ്വഹണ ഏജൻസിക്ക് നൽകുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ടി തുക നൽകുന്ന മുറയ്ക്ക് ബാക്കി തുകയായ 5.79 ലക്ഷം രൂപ Additional authorization ആയി ആവശ്യപ്പെടാവുന്നതാണ്.

<u>ശുപാർശ</u>

**കേരള വിവരസാങ്കേതികത്വ സർവ്വീസ് സൊസൈറ്റി-സഹായ ധനം**

ഇലക്ട്രോണിക് ഭരണ സംവിധാനം ത്വരിതപ്പെടുത്തുന്നതിനുള്ള കേരള സർക്കാരിന്റെ ഒരു നോഡൽ ഏജൻസിയാണ് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ. പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായതും ഉന്നത നിലവാരം പുലർത്തുന്നതുമായ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, അക്ഷയ ഇ പേ സെന്ററുകൾ, ഫ്രണ്ട്സ്, സിറ്റിസൺ കാൾ സെന്റർ, വീഡിയോ കോൺഫറൻസിംഗ് എന്നീ തുടർപദ്ധതികൾ മിഷൻ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. പ്രസ്തുത ശീർഷ കത്തിലേക്ക് ഈ സാമ്പത്തിക വർഷത്തിൽ 1849 ലക്ഷം രൂപയാണ് വകയിരുത്തിയി രിക്കുന്നത്. ഈ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അനുവദിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

ഇക്കാര്യം ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു. നിലവിലുള്ള പദ്ധതി വിഹിതത്തിൽ വർദ്ധന വരുത്താനുള്ള ശുപാർശ പരിഗണിക്കണമെങ്കിൽ അധിക വിഭവസമാഹരണമോ, ധന പുനർവിനിയോഗത്തിനുള്ള സാദ്ധ്യതയോ ഉണ്ടാവേണ്ടതുണ്ട്. ഇതിനുള്ള സാദ്ധ്യത വിരളമായതിനാൽ ഖണ്ഡിക 9-ലെ ശുപാർശ പരിഗണിക്കാനാവില്ല എന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടേറിയറ്റ് വൈഡ് ഏരിയാ നെറ്റ് വർക്ക് (SecWAN) പദ്ധതിയുടെ നടത്തിപ്പിനായി 2 കോടി രൂപ അധിക വിഭവ സമാഹരണംവഴി ഐ.ടി. മിഷന് അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

**സ്ഥിരലോക അദാലത്ത്**

പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന ടെലിഫോൺ, വെള്ളം, വൈദ്യുതി, കമ്പി തപാൽ, നഗര ശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷ്വറൻസ് എന്നീ പബ്ലിക്ക് യൂട്ടിലിറ്റി സർവ്വീസ് രംഗങ്ങളിൽ, പൊതുജനങ്ങൾക്കുണ്ടാകുന്ന

തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കുവാനുള്ള സംവിധാനമാണ് സ്ഥിരലോക് അദാലത്ത്. കോഴിക്കോട് എറണാകുളം എന്നിവിടങ്ങളിൽ പെർമെനന്റ് ലോക അദാലത്തുകൾ ആരംഭിക്കുന്നതിനായി 2009-10 വർഷം 52.38 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിൽ പെർമെനന്റ് ലോക് അദാലത്തുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. ഇതുവരെയും അന്തിമ തീരുമാനമായിട്ടില്ല.

ശുപാർശ

**കേരള സംസ്ഥാന നിയമസഹായ സമിതി**

കേരള സംസ്ഥാന നിയമസഹായ സമിതിയുടെ നിയമസേവന പ്രവർത്തനങ്ങളുടെ നടത്തിപ്പ് വർദ്ധിക്കുന്നതിനനുസൃതമായി അംഗീകരിക്കപ്പെട്ട മുഴുവൻ നിയമനവും നടത്തേണ്ടതിനാൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ച 3,86,53,000 രൂപയ്ക്ക് പുറമേ 1,13,47,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

2009-2010 വർഷത്തേക്ക് അനുവദിച്ചിരിക്കുന്ന 3,86,53,000 രൂപ തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തിട്ടുള്ള 1,13,47,000 രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യവകുപ്പിനെ സമീപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശുപാർശ

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും

2014-00-114-99—ലാ ഓഫീസർമാർ

അഡ്വക്കേറ്റ് ജനറൽ ഓഫീസ്, ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകൾ, പബ്ളിക് പ്രോസിക്യൂട്ടർമാരുടെ ഓഫീസുകൾ എന്നിവിടങ്ങളിലെ ശമ്പളം, വേതനം, യാത്രാബത്ത, ഓഫീസ് ചെലവ്, മോട്ടോർ വാഹനങ്ങളോടനുബന്ധിച്ചുള്ള ചെലവ്, സുപ്രീം കോടതിയിലെ സീനിയർ അഡ്വക്കേറ്റ്, സ്റ്റാൻഡിംഗ് കൗൺസിൽ, അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, പബ്ളിക് പ്രോസിക്യൂട്ടർ, അഡീഷണൽ പബ്ളിക് പ്രോസിക്യൂട്ടർ തുടങ്ങിയവരുടെ ഫീസ്, പെട്രോൾ ചെലവ് തുടങ്ങിയവ ഉൾപ്പെടുന്ന പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 13,58,06,000 രൂപ അപര്യാപ്തമായതിനാൽ 2,77,81,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 658/10/ധന. തീയതി 27-1-2010 പ്രകാരം 2014-114-99-05-4 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1027/10/ധന. തീയതി 8-2-2010 പ്രകാരം 2014-114-98-28 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും, കൂടാതെ 8-2-2010-ലെ ധനകാര്യ (ബഡ്ജറ്റ്-എഫ്) വകുപ്പിന്റെ 8794/ബി.ഡബ്ലിയു.എഫ്.2/2010/ധന. നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം 2009-2010-ലെ അവസാനവട്ട ഉപ ധനാഭ്യർത്ഥനയിൽ 2014-00-114-99-01, 2014-00-114-98-28 എന്നീ ശീർഷകങ്ങളിൽ ഒരു കോടി രൂപ വീതവും കൂടുതലായി അനുവദിച്ചിട്ടുണ്ട്. മൊത്തം 2 കോടി അമ്പത്തി രണ്ട് ലക്ഷം രൂപ രണ്ടു ശീർഷകങ്ങളിലായി ധനകാര്യവകുപ്പ് അനുവദിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2014-00-800-91—<u>മനുഷ്യാവകാശ സംരക്ഷണ ആക്ട് 1993 പ്രകാരമുള്ള കേരള മനുഷ്യാവകാശ സംരക്ഷണ കമ്മീഷൻ, 1998 സഹായധനം</u>

സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും ചീഫ് ജസ്റ്റീസുമാരുടെ ശമ്പളം 01-06-2006 മുതൽ പുതുക്കി നിശ്ചയിച്ചിരിക്കുന്നതിനാൽ ഈ കമ്മീഷനിലെ ചെയർമാനും മൂന്ന് അംഗങ്ങൾക്കും ശമ്പള കുടിശ്ശിക വിതരണം ചെയ്യേണ്ടതാണ്. കൂടാതെ കേന്ദ്രസർക്കാർ ജീവനക്കാരുടെ ശമ്പളം പുതുക്കിയത് പ്രകാരം ഈ കമ്മീഷനിൽ ജോലി ചെയ്തിരുന്നതും ചെയ്യുന്നതുമായ ഉദ്യോഗസ്ഥർക്ക് 60% ശമ്പള കുടിശ്ശിക നൽകുവാനുണ്ട്. ആയതിനാൽ ശമ്പളവും കുടിശ്ശികകളും കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 80,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17 )

<u>സ്വീകരിച്ച നടപടി</u>

പുതുക്കിയ പെൻഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷനിലെ ചെയർപേഴ്സനും അംഗങ്ങൾക്കും ശമ്പള വർദ്ധന ഇനത്തിൽ നൽകേണ്ടുന്ന തുക 41,75,752 ആകുന്നു. കമ്മീഷന്റെ നിലവിലുള്ള ഫണ്ടിൽ നിന്നും ശമ്പള കുടിശ്ശികയുടെ ആദ്യഗഡു എന്ന നിലയിൽ 12 ലക്ഷം രൂപ നൽകിയിട്ടുള്ളതും ബാക്കി നൽകേണ്ടുന്ന തുകയായ 29,75,752 രൂപ അനുവദിച്ചു തരുന്നതിന് ധനകാര്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

2015-00-108-99—<u>സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള ചെലവ്</u>

2008-2009 സാമ്പത്തിക വർഷത്തിൽ സാധാരണ വോട്ടർ പട്ടിക പുതുക്കൽ പ്രക്രിയയ്ക്ക് പുറമെ അതിർത്തി പുനർനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഏകദേശം 3 കോടി രൂപ ചെലവു

വന്നിട്ടുള്ള ഒരു "പ്രത്യേക വോട്ടർ പട്ടിക പുതുക്കൽ പ്രക്രിയ" യും വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ ഒരു കോടി രൂപ കുടിശ്ശിക വന്നിട്ടുള്ളതിനാൽ 2009-2010 വർഷത്തിൽ അനുവദിച്ച ഒരു കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

2015-00-108-99 എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ (2009-10) ഒരു കോടി രൂപ അധികമായി ചെലവിടാൻ 24-9-2009-ലെ ജി.ഒ. (ആർറ്റി.) നമ്പർ 6448/09/ധന. പ്രകാരം അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശുപാർശ

2055—പോലീസ്

തീരദേശ സുരക്ഷാ ഭീഷണിയുടെയും ഭീകരവാദ പ്രവർത്തനങ്ങളുടെയും നിരീക്ഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളെ അപേക്ഷിച്ച് സേനാ അംഗങ്ങൾക്ക് കൂടുതൽ പ്രാവശ്യം സംസ്ഥാനത്തിന് അകത്തും പുറത്തും യാത്ര ചെയ്യേണ്ടതായി വരുന്നു. ആവശ്യമായ ഫണ്ടിന്റെ അഭാവത്തിൽ ഈ ഇനത്തിൽ വൻതുക കുടിശ്ശികയായിട്ടുണ്ട്. എന്നാൽ 2009-10 വർഷത്തിൽ 2153.58 ലക്ഷം രൂപയാണ് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ളത്. ഇത് നിർദ്ദേശിച്ചിരുന്ന 2856.01 ലക്ഷം രൂപയേക്കാൾ 702.43 ലക്ഷം രൂപ കുറവാണ്. ആയതിനാൽ കുറവ് വരുത്തിയിട്ടുള്ള 702.43 ലക്ഷം രൂപയ്ക്ക് പ്രത്യേക പരിഗണന നൽകി, അടിയന്തരമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

യാത്രാബത്തയിനത്തിൽ കുടിശ്ശികയായിട്ടുള്ള തുക പോലീസ് സേനാംഗങ്ങൾക്ക് നൽകുന്നതിനായി 1,74,25,000 രൂപ 17-11-2009-ലെ സ.ഉ. (സാധാ.) 7758/09/ധന. 9-12-2009-ലെ സ.ഉ. (സാധാ.) 8289/09/ധന. എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 50,00,000 രൂപ റീ-അപ്രോപ്രിയേഷൻ മുഖാന്തിരം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

ശുപാർശ

**യന്ത്രോപകരണങ്ങൾ**

സേനാംഗങ്ങൾ പരിശീലനത്തിനായി ഉപയോഗിക്കുന്ന ബുള്ളറ്റുകൾക്ക് ഭീമമായ തുക വേണ്ടിവരുന്നു. പ്രസ്തുത തുക Modernisation Fund-ൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതല്ല. കൂടാതെ പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, പോലീസ് ആഫീസുകളിലേക്കുള്ള കമ്പ്യൂട്ടറും, മറ്റ് അനുബന്ധ ഉപകരണങ്ങളും,

ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയ്ക്കും ഈ ശീർഷകത്തിലെ തുക യാണ് വിനിയോഗിക്കുന്നത്. ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 295.44 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

യന്ത്രോപകരണങ്ങൾ വാങ്ങിയ വകയിൽ കൊടുത്തുതീർക്കാനുള്ള തുകയ്ക്കായി 36,45,000 രൂപ 8-1-2010-ലെ സ.ഉ.(സാധാ.) 203/2010/ധന. നമ്പർ ഉത്തരവുപ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ അടിയന്തിര ചെലവുകൾക്കായി 5,35,000 രൂപ അപ്രോപ്രിയേഷൻവഴി അനുവദിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇതിനുപുറമേ ശബരിമല തുടങ്ങിയ പ്രധാന സ്ഥലങ്ങളിലെ സുരക്ഷാ ഉപയോഗത്തിന് യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 4,41,37,000 രൂപയും, ഇൻഡ്യാ റിസർവ്വ് ബറ്റാലിയനിലേയ്ക്ക് ആയുധങ്ങളും വെടിക്കോപ്പുകളും വാങ്ങുന്നതിനായി 3,45,00,000 രൂപയും ഉൾപ്പെടെ ആകെ 7,86,37,000 രൂപ ഉപധനാഭ്യർത്ഥനവഴി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശുപാർശ</u>

**പി.ഒ.എൽ.**

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണി, ക്രമസമാധാന പ്രശ്നങ്ങൾ അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനം എന്നിവയുമായി ബന്ധപ്പെട്ട് വാഹനങ്ങളുടെ ഉപയോഗത്തിൽ വൻതോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ബഡ്ജറ്റിൽ ഈ സാമ്പത്തിക വർഷം ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള 1992.83 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. ആയതിനാൽ കുടിശ്ശിക തീർത്ത് വകുപ്പിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഈ ശീർഷകത്തിൽ 315.78 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

<u>സ്വീകരിച്ച നടപടി</u>

ഇന്ധന ചെലവിനത്തിൽ അടിയന്തിരമായി ആവശ്യമായ 81,20,000 രൂപ 17-11-2009-ലെ സ.ഉ.(സാധാ.)7758/09/ധന. 9-12-2009-ലെ സ.ഉ(സാധാ.) 8289/09/ധന. 8-1-2010-ലെ സ.ഉ.(സാധാ.) 203/2010/ധന. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 20,00,000 രൂപ റീ-അപ്രോപ്രിയേഷൻവഴി അനുവദിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശുപാർശ</u>

2055-00-112-98—<u>തീരദേശ പോലീസ് സ്റ്റേഷനുകൾ</u>

സംസ്ഥാനത്ത് പുതിയതായി ആരംഭിക്കുന്ന 8 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾക്ക്, കോസ്റ്റൽ പട്രോളിംഗ് ബോട്ടുകൾ വാടകയ്ക്ക് എടുക്കുന്നതിന് 2 കോടി രൂപ

ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്ന 24 ബോട്ടുകൾ ഓടിക്കുന്നതിനും ബന്ധപ്പെട്ട സ്റ്റാഫിനും മറ്റുമായി ഭീമമായ തുക ചെലവ് ചെയ്യേണ്ടതായിട്ടുണ്ട്.

ആയതിനാൽ, കോസ്റ്റൽ പോലീസിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന ടോക്കൺ പ്രൊവിഷൻ വർദ്ധിപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾക്കായി 23,66,000 രൂപ 20-10-2009-ലെ സ.ഉ.(സാധാ.)7027/09/ധന. 9-12-2009-ലെ സ.ഉ(സാധാ.) 8289/09/ധന. 8-1-2010-ലെ സ.ഉ. (സാധാ.) 203/2010/ധന. എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 237.40 ലക്ഷം രൂപ തീരദേശ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം, വാഹനങ്ങൾ വാങ്ങൽ എന്നിവയ്ക്കും, 68 ലക്ഷം രൂപ തീരദേശ സുരക്ഷയ്ക്കായി അനുവദിച്ച ഇന്റർസെപ്റ്റർ ബോട്ടുകളുടെ ഇന്ധനചെലവിനായും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

ശുപാർശ

**ഇലക്ഷൻ ചെലവുകൾ**

സംസ്ഥാനത്ത് 2009 ഏപ്രിൽ, മേയ് മാസങ്ങളിൽ നടക്കാനിരിക്കുന്ന ലോക് സഭാ ഇലക്ഷനുമായി ബന്ധപ്പെട്ട യാത്രാബത്ത, ടെലിഫോൺ, മറ്റിനങ്ങൾ, വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണിയും, 45 പി.ഒ.എൽ., വാഹനങ്ങളുടെ വാടക, രഹസ്യാന്വേഷണ ചെലവുകൾ എന്നീ ശീർഷകങ്ങളിലായി 15.12 കോടി രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ പോലീസ് വകുപ്പിന് ആവശ്യമായ തുക പ്രസ്തുത ശീർഷകങ്ങളിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2009-ൽ നടന്ന ലോകസഭാ ഇലക്ഷനോടനുബന്ധിച്ച് പോലീസ് ബന്തവസ്സിനുള്ള ചെലവുകൾ 2009-10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും വഹിച്ചിട്ടുണ്ട്. ഈ വർഷം നടന്ന ലോക്സഭാ ഇലക്ഷനോടനുബന്ധിച്ച് പോലീസ് ബന്തവസ്സിനുള്ള ചെലവുകൾ 2009-10 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് വഹിച്ചിട്ടുണ്ട്. അപ്രകാരം സാമ്പത്തിക വർഷാരംഭം തന്നെ ഗണ്യമായ തുക അധികമായി ചെലവാക്കിയതുമൂലം സാമ്പത്തിക വർഷാവസാനം ഉണ്ടായിട്ടുള്ള ഫണ്ട് ദൗർലഭ്യം പരിഹരിക്കുന്നതിന് മുഖ്യമായി യാത്രാബത്ത, ഇന്ധനചെലവ് എന്നിവയ്ക്കായി മുൻ ഖണ്ഡികകളിൽ പറഞ്ഞിട്ടുള്ളതുപോലെ അധിക ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇലക്ഷൻ ഡ്യൂട്ടിക്കായി വാടകയ്ക്കെടുത്ത വാഹനങ്ങളുടെ വാടക നൽകാനായി 36,00,000 രൂപ സ.ഉ. (സാധാ.) 8043/09/ധന. തീയതി 1-12-2009 പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്.

ശുപാർശ

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

കേരള സർക്കാരിന്റെ വിവര സാങ്കേതിക വിദ്യയുടെ (സ്പാർക്ക്) നടത്തിപ്പിനായി 25,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

സ്പാർക്ക് പദ്ധതി സംസ്ഥാന വ്യാപകമായി സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യ വികസനം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവയ്ക്കായി ആവശ്യമായ ഫണ്ട് അനുവദിക്കാൻ 18-12-2009-ൽ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉപധനാഭ്യർത്ഥന പ്രകാരം 2.5 കോടി രൂപ സ്പാർക്ക് പദ്ധതിക്കായി അനുവദിക്കുന്നതിനുള്ള ശുപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

ശുപാർശ

2070-104-99—വിജിലൻസ് 04-1 യാത്രാബത്ത

വിജിലൻസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അന്വേഷണ സംബന്ധമായും രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും മറ്റുമായി ധാരാളം യാത്ര ചെയ്യേണ്ടിവരുന്നു. കൂടാതെ അഴിമതി കൂടുതലായി നടക്കുന്ന വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുക, ബ്യൂറോയിലെ ഉദ്യോഗസ്ഥരെ സംസ്ഥാനത്തിന് പുറത്ത് വിദഗ്ദ്ധ പരിശീലനത്തിന് അയയ്ക്കുക, എന്നീ കാരണങ്ങളാൽ യാത്രാപ്പടിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത യാത്രാ ചെലവുകൾ യഥാസമയം നൽകുന്നതിനായി ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയ്ക്ക് പുറമേ 25,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്നതാണ്.

ശുപാർശ

04-1—വൈദ്യുത ചെലവ്

വിജിലൻസ് വകുപ്പിന്റെ കോഴിക്കോട്, എറണാകുളം ജില്ലാ ഓഫീസുകളുടെ പണി പൂർത്തിയായി വരുന്നതിനാൽ വൈദ്യുതീകരണം നടത്തുന്നതിനുവേണ്ടി സ്ഥിരം നിക്ഷേപത്തിനും മറ്റ് ചെലവുകൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്നതാണ്.

<u>ശുപാർശ</u>

15—<u>രഹസ്യവേതന ചെലവുകൾ</u>

മുൻ വർഷങ്ങളിൽ നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനകൾ തുടരുന്നതിനും അഴിമതി തടയുന്നതിനാവശ്യമായ രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും മറ്റന്വേഷണങ്ങൾക്കുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്നതാണ്.

<u>ശുപാർശ</u>

45—<u>പി.ഒ.എൽ.</u>

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ചെലവും ഈ ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കുന്നതിനായി ഈ വർഷം വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 25,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്നതാണ്.

<u>ശുപാർശ</u>

2070-105-55—<u>കേരള ലോക് ആയുക്ത് 1998-45-പി.ഒ.എൽ.</u>

പഴക്കം ചെന്ന വാഹനങ്ങൾ ആയതിനാൽ ഇന്ധന ചെലവ് അധികമായി വേണ്ടിവരുന്നു. ഈ ശീർഷകത്തിൽ 7,20,000 രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 3,58,000 രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ 1,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ആവശ്യമെങ്കിൽ അധിക തുക അനുവദിക്കുന്നതാണ്.

<u>ശുപാർശ</u>

**അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം**

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2008-09 വർഷത്തെ മൂന്നാമത് റിപ്പോർട്ടിൽ അഗ്നിശമന സേനയ്ക്ക് പ്രത്യേക ശീർഷകം അനുവദിക്കണമെന്ന 47-ാം ഖണ്ഡികയിലെ ശുപാർശയിന്മേൽ സ്വീകരിച്ച നടപടിയുടെ ഭാഗമായി, ധനകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിശോധിച്ച സമിതി, അഗ്നിശമന സേനാ വിഭാഗത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ധനകാര്യ വകുപ്പിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നും ആയതിന് ഒരു പ്രത്യേക ധനാഭ്യർത്ഥന ശീർഷകം അനുവദിക്കണമെന്നും ശക്തമായി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

<u>സ്വീകരിച്ച നടപടി</u>

കേന്ദ്രസംസ്ഥാന സർക്കാരുകൾ പ്രവർത്തനങ്ങളുടെയും ധർമ്മങ്ങളുടെയും അടിസ്ഥാനത്തിലാണ് ബഡ്ജറ്റിൽ മേജർ ഹെഡുകൾ ക്രമീകരിച്ചിരിക്കുന്നത്. കംപ്ട്രോളർ ജനറൽ ഓഫ് അക്കൗണ്ട്സ് സ്വീകരിച്ചിട്ടുള്ള ഏകീകൃത സ്വഭാവമുള്ള 'മേജറും മൈനറും ഹെഡുകളുടെ പട്ടികയിൽ' (List of major and minor Heads) നിഷ്കർഷിച്ചിട്ടുള്ള തരത്തിലുള്ള വർഗ്ഗീകരണമാണ് കേന്ദ്ര സർക്കാരും വിവിധ സംസ്ഥാന സർക്കാരുകളും സ്വീകരിച്ചിരിക്കുന്നത്. മേജറും മൈനറും ഹെഡുകളുടെ പട്ടിക പ്രകാരം '2070 സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും' എന്ന മുഖ്യ ശീർഷകത്തിൻകീഴിൽ '108 ഫയർ ആന്റ് റെസക്യൂ സർവ്വീസസ്' എന്ന മൈനർ ഹെഡാണ് അഗ്നിശമന പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുള്ളത്. ഈ ഏകീകൃത സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി ഒരു സംസ്ഥാനത്തിന് മാത്രമായി അഗ്നിശമന വകുപ്പിന് പ്രത്യേക മേജർ ഹെഡോ, ധനാഭ്യർത്ഥനയോ, ശീർഷകങ്ങളോ ആരംഭിക്കുന്നത് അപ്രായോഗികമാണ്.

<u>ശുപാർശ</u>

2210-06-107-97—<u>രാസപദാർത്ഥ പരിശോധനശാല</u>

19—<u>യന്ത്രോപകരണങ്ങൾ</u>

ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനുവേണ്ടി ആധുനിക ശാസ്ത്ര ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 20 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. പ്രസ്തുത തുക മുഴുവൻ ലഭിച്ചാൽ മാത്രമേ ആധുനികവൽക്കരണം ഉദ്ദേശിച്ച രീതിയിൽ പൂർത്തിയാക്കാൻ സാധിക്കൂ എന്നുള്ളതിനാൽ ബാക്കി തുകയായ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

'2210-06-107-97-19-യന്ത്രോപകരണങ്ങൾ' എന്ന ശീർഷകത്തിൽ 2009-10 സാമ്പത്തിക വർഷം അനുവദിച്ചതായ 20 ലക്ഷം രൂപ പൂർണ്ണമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. സമിതിയുടെ ശുപാർശ പ്രകാരമുള്ള 50 ലക്ഷം രൂപ അനുവദിച്ചാൽത്തന്നെ നടപടിക്രമങ്ങൾ പാലിച്ച് ഈ സാമ്പത്തിക വർഷം തുക ചെലവഴിക്കാൻ കഴിയില്ല.

<u>ശുപാർശ</u>

4210-04-107-98—<u>രാസവസ്തുപരിശോധനശാല സ്ഥലമെടുപ്പ്, കെട്ടിടങ്ങൾ</u>

രാസവസ്തു പരിശോധനശാല സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 45 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചത്. ടി തുക ഉപയോഗിച്ച് ഉദ്ദേശിച്ച പണികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ബാക്കി തുകയായ 40 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

'4210-04-107-98' എന്ന ശീർഷകത്തിൽ സമിതി ശുപാർശ ചെയ്ത 40 ലക്ഷം രൂപ അനുവദിച്ചാൽത്തന്നെ പി.ഡബ്ല്യൂ.ഡി.യുമായി സഹകരിച്ച് പ്രസ്തുത തുക ഈ സാമ്പത്തിക വർഷം ചെലവഴിക്കാൻ സാധിക്കുകയില്ല.

<u>ശുപാർശ</u>

2220-60-109-98—<u>വീഡിയോ പ്രചരണം</u>

വകുപ്പിൽ പൂർണ്ണ തോതിലുള്ള വാർത്താവിതരണം സാധ്യമാക്കുന്നതിനായി ഒരു ഇലക്ട്രോണിക് മീഡിയ ഡിവിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ അതിനുവേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും പൂർത്തിയായിട്ടില്ലാത്തതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 10,00,000 രൂപയ്ക്ക് പുറമേ 25 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

<u>സ്വീകരിച്ച നടപടി</u>

2009-10 സാമ്പത്തിക വർഷം 2220-60-109-98 വീഡിയോ പബ്ലിസിറ്റി ശീർഷകത്തിൽ അനുവദിച്ചിരുന്ന 10 ലക്ഷം രൂപ പൂർണ്ണമായും ചെലവാകാത്തതിനാലും സമയപരിധി കഴിഞ്ഞതിനാലും ധനകാര്യ വകുപ്പിനോട് അധിക തുക ആവശ്യപ്പെടുവാൻ സാധിച്ചില്ല.

ശുപാർശ

2220-60-800-91—കേരള പത്രപ്രവർത്തക പെൻഷൻ സ്കീം 1993

കേരള സംസ്ഥാനത്തു നിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ വർക്കിംഗ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽ നിന്ന് വിരമിക്കുന്നവരുടെയും അവരുടെ കുടുംബാംഗങ്ങളുടേയും ക്ഷേമം ലക്ഷ്യമാക്കിയാണ് ഈ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം മുതൽ പത്രപ്രവർത്തക പെൻഷൻ തുകയും ആശ്രിത പെൻഷൻ തുകയും വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 30,00,000 രൂപയ്ക്ക് പുറമേ 46,80,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

24-9-2009 സ.ഉ. (സാധാ) നമ്പർ 6453/09/ധന ഉത്തരവ് പ്രകാരം 2220-60-800-91 കേരള പത്രപ്രവർത്തക പെൻഷൻ സ്കീം ശീർഷകത്തിൽ 34 ലക്ഷം രൂപ അധികമായി ധനകാര്യ വകുപ്പ് അനുവദിച്ചു.

ശുപാർശ

2220-60-800-97—പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ വിഹിതം നൽകാനാണ് ഈ തുക വിനിയോഗിക്കുന്നത്. കൂടാതെ ഈ ശീർഷകത്തിൽ നിന്നുമാണ് അവശ പത്രപ്രവർത്തകർക്കുള്ള പെൻഷൻ തുകയും നൽകുന്നത്. 2009-10 വർഷം മുതൽ അവശ പത്രപ്രവർത്തക പെൻഷൻ തുക 1,000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന 12,14,000 രൂപയ്ക്ക് പുറമേ 7,30,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

26-10-2009-ലെ സ.ഉ. (സാധാ) നമ്പർ 7196/09/ധന ഉത്തരവ് പ്രകാരം 2220-60-800-97 ശീർഷകത്തിൽ 7,06,000 രൂപ അധികമായി ധനകാര്യ വകുപ്പ് അനുവദിച്ചു.

## 2010-2011 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശുപാർശ

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ-01-ശമ്പളം

അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങൾക്കായിട്ടാണ് ഈ

ശീർഷകത്തിലെ തുക വകയിരുത്തിയിരിക്കുന്നത്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ പുതുതായി 101 തസ്തികകൾ കൂടി അനുവദിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2,76,70,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2010-2011 സാമ്പത്തിക വർഷത്തിൽ 41,94,50,000 രൂപ ആവശ്യപ്പെട്ടിരുന്നതിൽ 38,44,58,000 രൂപയാണ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. എന്നാൽ പുതുതായി 101 തസ്തികകൾകൂടി അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഈയിനത്തിൽ അനുവദിച്ച വിഹിതം തികച്ചും അപര്യാപ്തമായതിനാൽ 2,76,70,000 രൂപ കൂടി അനുവദിക്കണമെന്ന് വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്തിരുന്നു. അനുവദിച്ചിട്ടുള്ള തുക തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തിട്ടുള്ള ബാക്കി തുക ചെലവഴിക്കുന്നതിനുള്ള അനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

06—വാടക, കരം, നികുതി

കഴിഞ്ഞ സാമ്പത്തിക വർഷം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചില ജില്ല/ മേഖല ഓഫീസുകൾ സ്ഥലപരിമിതിമൂലം പുതിയ വാടകക്കെട്ടിടങ്ങളിലേയ്ക്ക് മാറ്റിയിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ചിരുന്ന 36,30,000 അപര്യാപ്തമാണെന്ന വിഷയ നിർണ്ണയസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 50,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഈ ശീർഷകത്തിൽ ഇതുവരെയായി 35,09,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 40 ലക്ഷം രൂപകൂടി അധികമായി ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 29-7-2010-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിലെ സ്വന്തമായുള്ള വാഹനങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക

അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക 10,76,000 രൂപയാണ്. പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിലെ സ്വന്തമായുള്ള വാഹനങ്ങളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ ടി തുക അപര്യാപ്തമാണെന്ന വിഷയ നിർണ്ണയസമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 5,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഈ ശീർഷകത്തിൽ ഇതുവരെയായി 8,37,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ശുപാർശ

34—മറ്റു ചെലവുകൾ

പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുന്ന സജ്ജീകരണങ്ങൾക്കുള്ള പ്രതിഫലം, പരീക്ഷാസാമഗ്രികളുടെ വില, വിവിധ പരീക്ഷകളിൽ കമ്മീഷനെ സഹായിക്കുന്ന വിദഗ്ദ്ധർക്കും മറ്റ് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്കുള്ള പ്രതിഫലം ശാരീരികക്ഷമതാ പരീക്ഷ, പ്രായോഗിക പരീക്ഷ എന്നിവയ്ക്കുള്ള ചെലവുകൾ ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ഇതിനായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ 35,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 40,00,000 രൂപയാണ്. പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുന്ന സജ്ജീകരണങ്ങൾക്കുള്ള പ്രതിഫലം, പരീക്ഷാ സാമഗ്രികളുടെ വില, വിവിധ പരീക്ഷകളിൽ കമ്മീഷനെ സഹായിക്കുന്ന വിദഗ്ദ്ധർക്കും മറ്റ് വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്കുള്ള പ്രതിഫലം, മുതലായവ നിർവ്വഹിക്കേണ്ടത് ഈ ശീർഷകത്തിൽ നിന്നാണ്. അനുവദിക്കപ്പെട്ട തുക പരിമിതമായതിനാൽ 35,00,000 രൂപ കൂടി അനുവദിക്കാൻ വിഷയ നിർണ്ണയ സമിതി ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ എല്ലാ റവന്യൂ ജില്ലകളിലേക്കുമുള്ള ശിപായി വിവിധ കമ്പനി കോർപ്പറേഷനുകളിലേക്കുള്ള ശിപായി തുടങ്ങി ലക്ഷക്കണക്കിനു അപേക്ഷകരുള്ള തസ്തികകളുടെ പരീക്ഷകൾ ഈ വർഷം തന്നെ നടത്തുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്. ആയതിനാൽ 75,00,000 രൂപ അധികമായി അനുവദിക്കണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും 8-7-2010-ലെ G.O. (Rt.) No. 5384/10/Fin. ഉത്തരവ് പ്രകാരം 50,00,000 രൂപ അധികമായി ചെലവഴിക്കുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

45—പി.ഒ.എൽ.

കമ്മീഷനിലെ വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗവും ഇന്ധന വിലയിലുണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുകയറ്റവും കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 16,80,000 രൂപ തീരെ അപര്യാപ്തമാണെന്നും ആയതിനാൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ ആകെ അനുവദിച്ചിട്ടുള്ള തുക 16,80,000 രൂപയാണ്. കമ്മീഷനിലെ വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗവും ഇന്ധന വിലയിലുണ്ടായിക്കൊണ്ടിരിക്കുന്ന കുതിച്ചുകയറ്റവും കണക്കിലെടുക്കുമ്പോൾ ടി തുക അപര്യാപ്തമാണെന്ന വിഷയ നിർണ്ണയ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയുണ്ടായി. ഈ ശീർഷകത്തിൽ ഇതുവരെയായി 9,01,000 രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദിച്ച തുക തീരുന്ന മുറയ്ക്ക് സമിതി ശുപാർശ ചെയ്തിട്ടുള്ള അധിക തുകയായ 10,00,000 രൂപ ചെലവഴിക്കുന്നതിനുള്ള അനുവാദം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശുപാർശ

2052-00-090-86—പാർലമെന്ററികാര്യ വകുപ്പ്

പഴയ നിയമസഭാ മന്ദിരത്തിന്റെ നവീകരണം, അതോടനുബന്ധിച്ച് ചരിത്ര മ്യൂസിയം സ്ഥാപിക്കൽ, നിയമസഭാ നടപടിക്രമങ്ങളിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം, യൂണിവേഴ്സിറ്റികളിൽ പാർലമെന്ററികാര്യങ്ങളുടെ ഗവേഷണത്തിനായി ചെയറുകൾ സ്ഥാപിക്കൽ, ആർട്ട് ഗ്യാലറി സ്ഥാപിക്കൽ എന്നീ പദ്ധതികൾ പൂർത്തിയാക്കാൻ 2010–11 വർഷത്തിൽ അനുവദിച്ചിരിക്കുന്ന 88 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ നീക്കിവച്ചിരുന്ന തുക മതിയായി വന്നതിനാൽ അധിക തുക അനുവദിക്കേണ്ടിവന്നില്ല.

ശുപാർശ

2052-00-090-73—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്-ഗ്രാന്റ്-ഇൻ-എയ്ഡ്

നിയമസഭാംഗങ്ങൾക്കുള്ള പരിശീലന പരിപാടി, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പ്രബന്ധരചനാ മത്സരങ്ങൾ, ദേശീയ

അന്തർദേശീയ സെമിനാറുകൾ, പുസ്തക പ്രസിദ്ധീകരണം, നിയമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലീഗൽ ഡ്രാഫ്റ്റിംഗ് പരിശീലന പരിപാടി തുടങ്ങിയ പരിപാടികൾ നടത്തുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപന ചെലവുകൾക്കുമായി 2010-11 വർഷത്തിൽ അനുവദിച്ച 55 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ നീക്കി വച്ചിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക അനുവദിക്കേണ്ടി വന്നില്ല.

ശുപാർശ

**സെക്രട്ടേറിയറ്റ് പൊതുസർവ്വീസുകൾ (നിയമ വകുപ്പ്)**

ബൗദ്ധിക സ്വത്തവകാശ നയം വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ സഫലീകരിക്കുന്നതിനായി ബൗദ്ധിക സ്വത്തവകാശ ഭരണവകുപ്പിന്റെ രൂപീകരണത്തിനായി 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സബ്ജക്ട് കമ്മിറ്റി X-ന്റെ 2009-2010 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നെങ്കിലും ഈ സാമ്പത്തിക വർഷവും ഈ ശീർഷകത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

ബൗദ്ധിക സ്വത്തവകാശനയ സംബന്ധമായ വിവിധ ആവശ്യങ്ങൾ നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപ 2011-12-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്ലാനിംഗ് ബോർഡിനോട് ആവശ്യപ്പെടുന്നതാണ്.

ശുപാർശ

3451-00-090-97—നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ പദ്ധതി

സർക്കാർ കേസുകളുടെ നടത്തിപ്പും മേൽനോട്ടവും കൂടുതൽ ഫലപ്രദമാക്കുന്നതു ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ പദ്ധതി പ്രകാരം ബന്ധപ്പെട്ട ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെ സോഫ്റ്റ്വെയർ, ഹാർഡ്വെയർ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 5 ലക്ഷം രൂപയ്ക്ക് പുറമേ 8.4 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

പ്രസ്തുത ആവശ്യങ്ങൾക്കായി 13.4 ലക്ഷം രൂപ കണക്കാക്കിയിരുന്നുവെങ്കിലും ഡാറ്റാ എൻട്രിക്കായി മാറ്റിവച്ച 5.4 ലക്ഷം രൂപയുടെ ചെലവ്, ജി.ഒ. (എംഎസ്.) നമ്പർ 26/10/നിയമം തീയതി 19-2-2010 പ്രകാരം പദ്ധതിയുടെ കീഴിലുള്ള 14 ജില്ലാ ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസിലും പദ്ധതിയുടെ മേൽനോട്ടത്തിനും ഡാറ്റാ എൻട്രിക്കും മറ്റുമായി ഓരോ ലീഗൽ അസിസ്റ്റന്റിനെ നിയമിച്ചത് വഴി ആവശ്യ മില്ലാതെ വരികയുണ്ടായി. അതിനാൽ 8 ലക്ഷം രൂപ മാത്രമാണ് പദ്ധതിയുടെ 2010-11-ലെ ആവശ്യങ്ങൾക്കായി വർക്കിംഗ് ഗ്രൂപ്പിന്റെ മുമ്പിൽ സമർപ്പിച്ചത്. 13-8-2010-ൽ കൂടിയ നിയമവകുപ്പിലെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ പ്രസ്തുത ആവശ്യങ്ങൾക്കായി 8 ലക്ഷം രൂപയുടെ ഭരണാനുമതി ബഡ്ജറ്റ് തുകയായ 5 ലക്ഷ ത്തിനുള്ളിൽ ചെലവുകൾ ക്രമീകരിക്കണമെന്ന നിർദ്ദേശത്തോടെ നൽകുകയുണ്ടായി. അപ്രകാരം സ.ഉ. (ആർറ്റി.) നമ്പർ 777/2010/നിയമം. തീയതി 3-9-2010 മുഖേന ഭരണാനുമതി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

ലാ ഇൻഫർമേഷൻ സിസ്റ്റത്തിന്റെ മെയിന്റനൻസിനും അപ്ഗ്രഡേഷനും 2010-2011 വർഷത്തേയ്ക്കുള്ള നോളഡ്ജ് ബാങ്ക് അപ്ഡേറ്റ് ചെയ്യുന്നതിനും 126 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഈ സാമ്പത്തിക വർഷം വകയിരുത്തിയി ട്ടുള്ള 70 ലക്ഷം രൂപയ്ക്കുപുറമെ 56 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ വകയിരുത്ത ണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

പ്രസ്തുത ആവശ്യത്തിനായി കണക്കാക്കിയിരുന്ന 126 ലക്ഷം രൂപയുടെ ചെലവ് ഘട്ടം II(C)യുടെ പൂർത്തീകരണത്തിലേക്ക് വേണ്ടിവരുന്ന 102.5 ലക്ഷം രൂപയുടെ ആവശ്യം കൂടി കണക്കിലെടുത്തതുകൊണ്ട് 70 ലക്ഷം രൂപയായി കുറയ്ക്കു കയുണ്ടായി. അതിനാൽ 56 ലക്ഷം രൂപ ഈ ഇനത്തിൽ വകയിരുത്തേണ്ടതായി വന്നില്ല. 17-8-2010-ൽ കൂടിയ നിയമ വകുപ്പിലെ വർക്കിംഗ് ഗ്രൂപ്പ് പദ്ധതിയുടെ 2010-11-ന്റെ നടത്തിപ്പിനായി 70 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും സ.ഉ (ആർറ്റി.) നമ്പർ 839/2010/നിയമം തീയതി 22-9-2010 മുഖേന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

**നിയമ വകുപ്പിന്റെ നവീകരണം**

നിയമ വകുപ്പ് നവീകരണ പദ്ധതിയുടെ ഘട്ടം II(C), 2009-2010 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഈ പദ്ധതിയുടെ പൂർത്തീകര ണത്തിനായി 127.5 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു. 2009-2010 സാമ്പത്തിക വർഷം 25 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയിരുന്നത്. എന്നാൽ ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

ആയതിനാൽ ഘട്ടം II(C)യുടെ പൂർത്തീകരണത്തിന് വേണ്ടിവരുന്ന ബാക്കി തുകയായ 102.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത ബാക്കി തുക അഡീഷണൽ ഓതറൈസേഷൻ വഴി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ശുപാർശ

2052-00-092-93

കേരളഹൗസ് മെയിൻ ബ്ലോക്കിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി ആയത് താമസയോഗ്യമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും ഇവിടത്തെ ക്യാന്റീനിന്റെ പ്രവർത്തനം കൂടതൽ കാര്യക്ഷമമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

കേരള ഹൗസിലെ മെയിൻ ബ്ലോക്കിലെ ഗസ്റ്റ് റൂമുകളുടെ മരാമത്ത് പണികൾ 2011 മാർച്ച് മാസത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ആയത് ഇപ്പോൾ താമസ യോഗ്യമാണ്.

കേരള ഹൗസിലെ ക്യാന്റീനിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 88 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഇതിൽ 29.90 ലക്ഷം രൂപ ക്യാന്റീനിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി ടെണ്ടർ പൂർത്തീകരിച്ച് 25-11-2011-ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്നും പ്രസ്തുത ജോലി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതായും കേരള ഹൗസ് റസിഡന്റ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

ശുപാർശ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ക്യാബിനറ്റിന്റെ അംഗീകാരമില്ലാതെ അനുവദിക്കാവുന്ന കൂടിയ തുക 5000 രൂപയാണെന്നും ക്യാൻസർപോലെയുള്ള മാരക രോഗങ്ങൾക്ക് ഈ തുക വളരെ കുറവാണെന്നും അതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ക്യാബിനറ്റിന്റെ അനുമതി കൂടാതെ നൽകാവുന്ന ധനസഹായം 10000 രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. നിലവിലുള്ള സ്ഥിതി തുടർന്നാൽമതി എന്നാണ് സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുത്തിരിക്കുന്നത്.

<u>ശുപാർശ</u>

**പെർമനന്റ് ലോക് അദാലത്ത്**

പൊതുസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന പബ്ലിക് യൂട്ടിലിറ്റി സർവ്വീസുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസ് ഇല്ലാതെ തീർപ്പാക്കുവാനുള്ള സംവിധാനമാണ് പെർമനന്റ് ലോക് അദാലത്ത്. തിരുവനന്തപുരത്ത് മാത്രമാണ് പി.എൽ.എ ഇപ്പോൾ നിലവിലുള്ളത്. ആയതിനാൽ ജില്ലാതലത്തിൽ പി.എൽ.എ.കൾ തുടങ്ങുന്നതിന്റെ ഭാഗമായി കോഴിക്കോട്, എറണാകുളം ജില്ലകളിൽ പി.എൽ.എ. തുടങ്ങുന്നതിനായി 2010-11 വർഷത്തിൽ അനുവദിച്ചിരിക്കുന്ന 25.53 ലക്ഷം രൂപയ്ക്ക് പുറമെ 49.47 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

പെർമനന്റ് ലോക് അദാലത്തിന് വേണ്ടി സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 49.17 ലക്ഷം രൂപയിൽ നിന്നും 32.35 ലക്ഷം 2014-00-114-92 പി.എൽ.എ എന്ന ശീർഷകത്തിൽ അധികമായി ഈ സാമ്പത്തിക വർഷം തന്നെ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ പെർമനന്റ് ലോക് അദാലത്ത് തുടങ്ങുന്നതിന് സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 49.17 ലക്ഷം രൂപയിൽ എറണാകുളം ജില്ലയ്ക്കുള്ള 32.35 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 17.12 ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ട് ധനകാര്യ വകുപ്പിനെ സമീപിക്കുന്നതിലേക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

<u>ശുപാർശ</u>

**കേരള ലീഗൽ സർവ്വീസസ് അതോറിറ്റി**

01—<u>ശമ്പളം</u>

എല്ലാ ജില്ലാ അതോറിറ്റികളിലും താലൂക്ക് കമ്മിറ്റികളിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചതോടെ നിയമസേവന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലിയിൽ വർദ്ധനവുണ്ടായതിനാൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള മുഴുവൻ നിയമനവും നടത്തേണ്ടതായിവരും. കേന്ദ്ര അതോറിറ്റിയുടെ പുതിയ പ്രോഗ്രാമുകളും കോടതിയിൽ എത്തുന്നതിന് മുൻപുള്ള കേസുകൾ ലോക് അദാലത്തിലൂടെ ഒത്തുതീർപ്പാക്കുന്നതിനും മറ്റുമുള്ള നിയമസേവന പ്രവർത്തനങ്ങളും ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ 2010-11 വർഷത്തെ ബഡ്ജറ്റിൽ ശമ്പള ഇനത്തിൽ വകയിരുത്തിയിട്ടുള്ള 131.01 ലക്ഷം രൂപയും ഇതിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

ഇനത്തിൽ വകയിരുത്തിയിട്ടുള്ള 36,000 രൂപയും അപര്യാപ്തമാണ്. ആയതിനാൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 2.64 ലക്ഷം രൂപ ഉൾപ്പെടെ ശമ്പളയിനത്തിൽ 11.37 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

2010-11 വർഷത്തിലേക്ക് അനുവദിച്ചിരുന്ന 13101 ലക്ഷം രൂപ തീരുന്ന മുറയ്ക്ക് സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള 11.37 ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടു കൊണ്ട് ധനകാര്യവകുപ്പിനെ സമീപിക്കുന്നതിലേയ്ക്കാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതാണ്.

ശുപാർശ

**ഗ്രാമ ന്യായാലയം**

പാർലമെന്റ് പാസ്സാക്കിയ 2008-ലെ ഗ്രാമന്യായാലയ നിയമം പ്രകാരം സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഓരോ ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടക്കത്തിൽ 30 ബ്ലോക്കുകേന്ദ്രങ്ങളിൽ ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ 1000 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. ആയതിനാൽ സംസ്ഥാനത്ത് ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ജുഡീഷ്യറിയുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനുള്ള ജസ്റ്റിസ് ഷെട്ടി കമ്മീഷൻ റിപ്പോർട്ടിലെയും അതിന്റെ തുടർച്ചയായുള്ള ജസ്റ്റിസ് പത്മനാഭൻ കമ്മീഷൻ റിപ്പോർട്ടിലെയും ശുപാർശകൾ പ്രകാരം ജുഡീഷ്യൽ ഓഫീസർമാർക്ക് മെച്ചപ്പെട്ട സേവന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 17, 18)

സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശകളിന്മേലുള്ള നിർദ്ദേശങ്ങൾ ഹൈക്കോടതി രജിസ്ട്രാറിൽ നിന്നും ലഭ്യമാക്കുകയും ടി ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം സർക്കാർ വിശദമായി പരിശോധിക്കുകയും ചെയ്തു. ഈ വർഷത്തെ ഉപ ധനാഭ്യർത്ഥനയ്ക്കുള്ള സമയം അവസാനിച്ചതിനാൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ ഹൈക്കോടതി രജിസ്ട്രാർ ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

**സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ**

02—<u>വേതനം</u>

കമ്മീഷനിലെ താൽക്കാലിക ജീവനക്കാരുടെ വേതനം ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. 2010-11 സാമ്പത്തിക വർഷം പൊതുതെരഞ്ഞെടുപ്പ് വർഷമായതിനാൽ ദിവസവേതന അടിസ്ഥാനത്തിൽ പല ജോലിക്കാരെയും നിയമി ക്കേണ്ടിവരുമെന്നതിനാൽ ഈ സാമ്പത്തിക വർഷം അനുവദിച്ച 3.5 ലക്ഷം രൂപ അപര്യാപ്തമാണെന്നും വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദി ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

<u>സ്വീകരിച്ച നടപടി</u>

2010-11 വർഷം 3,50,000 രൂപ 2015-00-101-99-02-വേതനം എന്ന കണക്ക് ശീർഷ കത്തിൽ വകയിരുത്തിയിരിക്കുന്നു. കമ്മീഷനിലെ തൂപ്പുകാർ, ടൈപ്പിസ്റ്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ തുങ്ങിയ താൽക്കാലിക ജീവനക്കാരുടെ വേതനം ഈ കണക്ക് ശീർഷകത്തിൽ നിന്നും വഹിക്കുന്നു. 2010-2011 പൊതുതിരഞ്ഞെടുപ്പ് വർഷമായതിനാൽ ദിവസവേതന അടിസ്ഥാനത്തിൽ പല ജോലിക്കാരെയും നിയമിക്കേണ്ടി വന്നു. എന്നിരുന്നാലും ഈ ശീർഷകത്തിൽ അനുവദിച്ച തുക കമ്മീഷന്റെ പ്രവർത്തനത്തിന് പര്യാപ്തമായിരുന്നതിനാൽ കമ്മീഷൻ കൂടുതൽ തുക ആവശ്യപ്പെട്ടില്ല.

<u>ശുപാർശ</u>

02—<u>ഓഫീസ് ചെലവുകൾ</u>

2010-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഈ ആവശ്യ ത്തിലേക്കായി പുതിയ കമ്പ്യൂട്ടർ, ഫോട്ടോ കോപ്പിയർ, പ്രിന്റർ തുടങ്ങിയ സാധന ങ്ങൾ വാങ്ങുന്നതിനും മറ്റ് ഓഫീസ് ചെലവുകൾക്കുമായി 7 ലക്ഷം രൂപ അധിക മായി വേണ്ടിവരുമെന്നും ആയത് വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

<u>സ്വീകരിച്ച നടപടി</u>

2015-00-101-99-05-ഓഫീസ് ചെലവുകൾ എന്ന കണക്ക് ശീർഷകത്തിൽ നിന്നും കമ്മീഷന്റെ വൈദ്യുതി ചാർജ്, ടെലിഫോൺ ചാർജ്, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ വഹിക്കുന്നു. ഈ ഇനത്തിൽ ബഡ്ജറ്റ് വിഹിതമായി 13,59,000 രൂപ 2010-11 വർഷം വകയിരുത്തിയിരുന്നു. പൊതുതിരഞ്ഞെടുപ്പ് വർഷത്തിൽ ഈ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടു. പ്രത്യേകിച്ച് വൈദ്യുതി ചാർജ്, മറ്റ് ഇനങ്ങൾ എന്നീ ശീർഷകങ്ങളിൽ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം

വൈദ്യുതി ചാർജിനത്തിൽ നേരത്തേ അനുവദിച്ചിരുന്ന 2,77,000 രൂപക്കു പുറമേ 70,000 രൂപ കൂടി സർക്കാർ കൂടുതലായി അനുവദിച്ചു. വൈദ്യുതി ചാർജ്ജ് ഇന ത്തിൽ ആകെ വിഹിതമായ 3,47,000 രൂപ ചെലവിന് തികയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ 'മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 6,08,000 രൂപയ്ക്ക് പുറമേ കമ്മീഷന്റെ ആവശ്യപ്രകാരം അധികമായി 4 ലക്ഷം രൂപ കൂടി അനുവദിച്ചി ട്ടുണ്ട്. ആകെ വിഹിതമായ 10,08,000 രൂപ ഈ സാമ്പത്തിക വർഷത്തേയ്ക്ക് തിക യുമെന്ന് കണക്കാക്കുന്നു. ഈ രണ്ടിനത്തിലും ധനകാര്യ വകുപ്പിന്റെ 29-9-2010-ലെ 7202/2010/ധന. നമ്പർ ഉത്തരവ് പ്രകാരമാണ് കൂടുതൽ തുക അനുവദിച്ചത്.

### ശുപാർശ

21.2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണിയും

2010-ലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ച 1,30,000 രൂപ തികയാതെ വരുമെന്നും ആയതിനാൽ വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് അധിക തുക അനുവദി ക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

### സ്വീകരിച്ച നടപടി

വാഹനം വാങ്ങൽ-പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അടിയന്തിര സന്ദേ ശങ്ങൾ എത്തിക്കേണ്ട ആവശ്യത്തിന് കമ്മീഷൻ ഒരു സ്പെഷ്യൽ മെസഞ്ചറെ (മോട്ടോർ സൈക്കിൾ ഓർഡർലി) നിയമിക്കുകയും, ആ ഉദ്യോഗസ്ഥന്റെ ഉപയോഗ ത്തിന് ഒരു ഹീറോഹോണ്ട മോട്ടോർ സൈക്കിൾ വാങ്ങുകയുമുണ്ടായി. ഈ ആവശ്യത്തിനായി, കമ്മീഷൻ ആവശ്യപ്പെട്ടതനുസരിച്ച് 44,000 രൂപ 09-07-2010-ലെ ജി.ഒ. (സാധാ) നമ്പർ 5432/10/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം അധികമായി അനുവദിച്ചു.

സംരക്ഷണവും അറ്റകുറ്റപ്പണികളും

ഈ ആവശ്യത്തിലേയ്ക്ക് അനുവദിച്ച തുക ചെലവഴിച്ച് തീർന്നിട്ടില്ലാ ത്തതിനാൽ അധിക തുക കമ്മീഷൻ ആവശ്യപ്പെട്ടിട്ടില്ല. അധിക തുക വേണ്ടി വരുന്നപക്ഷം അനുവദിക്കാൻ കഴിയുന്നതാണ്.

### ശുപാർശ

**സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും**

കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവ് പ്രകാരം ഇലക്ടറൽ റോൾ ഡേറ്റാബേസ് മാനേജ്മെന്റിനോട് അനുബന്ധമായി ഇലക്ടറൽ റോൾ മാനേജ്മെന്റ് സിസ്റ്റം എന്ന പുതിയ പ്രക്രിയ നടപ്പിൽ വരുത്തുന്നതിന് 1.25 കോടി രൂപ അധിക ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രതിഫല തുകയുടെ നിരക്ക് നിലവിലുള്ള 750 രൂപയിൽ നിന്ന് 3000 രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവായിട്ടുള്ളതിനാൽ ഈ ഇനത്തിലെ

ചെലവ് 5 കോടി രൂപയായി വർദ്ധിക്കും. കൂടാതെ താൽക്കാലിക ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത എന്നിവയും സമ്മതിദായകരുടെ പട്ടിക പരിഷ്കരിക്കുന്നതിന് നിയോഗിക്കപ്പെടുന്നവർക്ക് നൽകുന്നതിനുള്ള പ്രതിഫലം, സാധനസാമഗ്രികളുടെ വില എന്നിവ കൂടി കണക്കിലെടുക്കുമ്പോൾ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

2015-00-103 സമ്മതിദായകരുടെ പട്ടിക തയ്യാറാക്കലും അച്ചടിയും എന്ന ശീർഷ കത്തിൽ 10-11-2010-ലെ ജി.ഒ. (ആർറ്റി.) 8126/10/ഫിൻ. ഉത്തരവ് പ്രകാരം 10 കോടി രൂപ ധനവകുപ്പ് അധികവിനിയോഗത്തിനായി അനുവദിച്ച് ലഭ്യമാക്കിയിരുന്നു.

ശുപാർശ

2015-00-106-99—നിയമസഭ

13-ാം കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ പ്രാരംഭ പ്രവർത്തന ത്തിനായി ഈ സാമ്പത്തിക വർഷാവസാനത്തിൽ ഏകദേശം 3.5 കോടിയിലധികം രൂപയുടെ ചെലവുണ്ടാകുമെന്ന് കണക്കാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ 3,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

2015-00-106-99 സംസ്ഥാന നിയമസഭയിലേക്ക് തെരഞ്ഞെടുപ്പു നടത്തു ന്നതിനുള്ള ചെലവ് എന്ന ശീർഷകത്തിൽ 3.5 കോടി രൂപ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു എങ്കിലും ധനവകുപ്പ് പ്രസ്തുത തുക അനുവദിച്ച് ലഭ്യമാക്കിയിരുന്നില്ല.

ശുപാർശ

സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിന്

2010-11 സാമ്പത്തിക വർഷം, നിയമസഭയിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിന്റെ മുന്നോടിയായ വർഷമായതിനാൽ തിരിച്ചറിയൽ കാർഡുകളുടെ എണ്ണത്തിൽ വർദ്ധന വുണ്ടാകും. ഈ സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 1 കോടി രൂപ തികച്ചും അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

സ്വീകരിച്ച നടപടി

2015-00-108 സമ്മതിദായകർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡു നൽകുവാനുള്ള ചെലവ് എന്ന ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ ധനവകുപ്പ്, 10-11-2010-ലെ ജി.ഒ. (ആർറ്റി.) 8126/10/ഫിൻ. ഉത്തരവ് പ്രകാരം 1 കോടി രൂപ അധികവിനിയോഗത്തിനായി അനുവദിച്ച് ലഭ്യമാക്കിയിരുന്നു.

ശുപാർശ

പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

2010 സെപ്റ്റംബറിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പൊതു തെരഞ്ഞെടുപ്പ് നടക്കുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ചെലവുകൾ ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. പൊതുതെരഞ്ഞെടുപ്പിന്റെ നടത്തിപ്പിന് ഏകദേശം 80 കോടി രൂപ വരുമെന്നാണ് കമ്മീഷൻ കണക്കാക്കിയിരിക്കുന്നത്. ഈ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 60 കോടി രൂപ തീരെ അപര്യാപ്തമാണെന്നും ആയതിനാൽ 20 കോടി രൂപ കൂടി വകുപ്പ് ആവശ്യപ്പെടുന്നപക്ഷം അധിക തുകയായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നു. കമ്മീഷൻ രൂപീകൃതമായതിന് ശേഷമുള്ള 4-ാമത് പൊതുതിരഞ്ഞെടുപ്പ് 2010 ഒക്ടോബർ മാസം നടന്നു. പൊതുതിരഞ്ഞെടുപ്പിന്റെ നടത്തിപ്പിനായി 14 ജില്ലാ കളക്ടർമാർക്കും തുക അനുവദിച്ചിരുന്നു. ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് പോലീസ് ബന്തവസിനും മറ്റ് ക്രമീകരണങ്ങൾക്കുമായി 16.78 കോടി രൂപയും അനുവദിച്ചിരുന്നു. അച്ചടിയുമായി ബന്ധപ്പെട്ട ചെലവുകൾ, വിവിധ ഫോമുകളുടെയും മറ്റും വിലയായി സ്റ്റേഷനറി കൺട്രോളർക്ക് നൽകേണ്ട തുകകൾ എന്നിവ അനുവദിച്ചുവരുന്നു. എന്നാൽ അച്ചടി വകുപ്പിനും, സ്റ്റേഷനറി വകപ്പിനും പലയിനത്തിൽ ഇനിയും തുക അനുവദിക്കേണ്ടതുണ്ട്. അവരുടെ പ്രൊപ്പോസലുകൾ കിട്ടുന്ന മുറയ്ക്ക് തുക അനുവദിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതമായി നേരത്തേ അനുവദിച്ചിരുന്ന 60 കോടി രൂപക്കു പുറമേ വകുപ്പ് ആവശ്യപ്പെടുന്ന പക്ഷം 20 കോടി രൂപ കൂടി അധികമായി അനുവദിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തിരുന്നെങ്കിലും കമ്മീഷൻ 12 കോടി രൂപ മാത്രമാണ് അധികമായി ആവശ്യപ്പെട്ടത്. ആയത് (12 കോടി രൂപ) ധനകാര്യ വകുപ്പിന്റെ 29-2-2010-ലെ ജി.ഒ. (ആർറ്റി.) 7202/2010/ധന. നമ്പർ ഉത്തരവ് പ്രകാരം അനുവദിക്കുകയും ചെയ്തു.

ശുപാർശ

2055—പോലീസ്

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്**

സേനാംഗങ്ങൾക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ

സാമ്പത്തിക വർഷം അനുവദിച്ച 532.72 ലക്ഷം രൂപയ്ക്ക് പുറമേ 32.79 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിൽ 16,48,000 രൂപ സർക്കാർ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

യാത്രാബത്ത

തീവ്രവാദ പ്രവർത്തനം തടയൽ, സാമൂഹ്യശ്രദ്ധ പിടിച്ചുപറ്റുന്ന വൻകുറ്റകൃത്യങ്ങളുടെ അന്വേഷണം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും സേനാംഗങ്ങൾക്ക് നിരന്തരം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ യാത്രാചെലവ് കൂടുതലാണ്. കൂടാതെ ആസന്നമായിരിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് മുൻവർഷങ്ങളെ അപേക്ഷിച്ച് വൻതുക ഈ ശീർഷകത്തിൽ ആവശ്യമായി വരുന്നു. യാത്രാബത്ത ഇനത്തിൽ ഇപ്പോഴുള്ള കുടിശ്ശികയുൾപ്പെടെ കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 2010-11 വർഷത്തിൽ വകയിരുത്തിയിട്ടുള്ള 2585.29 ലക്ഷം രൂപയ്ക്ക് പുറമേ 1109.21 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

ടിയിനത്തിൽ 1,01,50,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

**സ്കോളർഷിപ്പും സ്റ്റൈപ്പന്റും**

റിക്രൂട്ട്മെന്റ് കഴിഞ്ഞ് ട്രെയിനിംഗ് നടത്തിവരുന്ന പോലീസുകാർക്ക് പരിശീലന കാലയളവിൽ സ്റ്റൈപന്റാണ് നൽകിവരുന്നത്. ഇപ്പോൾ 3500 പേരുടെ പരിശീലനം നടന്നുവരുന്നതിനാലും 3500 പേരെ കൂടി നിയമിക്കാനുള്ള നടപടി നടന്നുകൊണ്ടിരിക്കുന്നതിനാലും ഈ ഇനത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ച 250.01 ലക്ഷം രൂപയ്ക്ക് പുറമേ 250 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

ടിയിനത്തിൽ 1,50,00,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

**യന്ത്രോപകരണങ്ങൾ**

പോലീസ് സേനയ്ക്ക് ആവശ്യമുള്ള വിവിധതരം വെടിക്കോപ്പുകൾ, ബുള്ളറ്റുകൾ, കമാണ്ടോ പരിശീലനത്തിനുള്ള ചെലവുകൂടിയ ബുള്ളറ്റുകൾ, തീവ്രവാദ ഭീഷണിയും വിധ്വംസക പ്രവർത്തനങ്ങളും മറ്റും ഫലപ്രദമായി നേരിടുന്നതിന് സേനയ്ക്ക് അത്യാധുനിക ഉപകരണങ്ങൾ, കൂടാതെ പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, പോലീസ് ആഫീസുകളിലേക്കുള്ള കമ്പ്യൂട്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവയ്ക്ക് ഈ ശീർഷകത്തിലെ തുകയാണ് വിനിയോഗിക്കുന്നത്. ആയതിനാൽ പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സുസജ്ജമാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 747.15 ലക്ഷം രൂപയ്ക്ക് പുറമേ 1435.80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

ടിയിനത്തിൽ 5,00,21,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

വാഹനം വാങ്ങൽ

പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിനായി മുൻവർഷങ്ങളിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിവരുന്നില്ല. ഇക്കാരണത്താൽ ക്രമസമാധാനപാലനത്തിൽ നേരിട്ട് ബന്ധപ്പെടാത്ത പോലീസ് യൂണിറ്റുകൾക്കും ഹെഡ്ക്വാർട്ടർ യൂണിറ്റുകൾക്കും വാഹനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ തുക ലഭ്യമാകാതെവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2,52,24,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

പി.ഒ.എൽ.

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണി, ക്രമസമാധാന പ്രശ്നങ്ങൾ, അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനം എന്നിവയുമായി ബന്ധപ്പെട്ട് വാഹനങ്ങളുടെ ഉപയോഗത്തിൽ വൻതോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കഴിഞ്ഞ വർഷം നടന്ന ലോക്സഭാ ഇലക്ഷനോടനുബന്ധിച്ച് ഈ ഇനത്തിൽ 320 ലക്ഷത്തിൽപരം രൂപ കുടിശ്ശികയായി ഇന്ധനവിതരണക്കാർക്ക് നൽകാനുണ്ട്. ഇതിനുപുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വൻതുക

ഇന്ധനചെലവിനത്തിൽ വരുന്നതാണ്. ഇക്കാരണങ്ങളാൽ 2010-11 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 2398.39 ലക്ഷം രൂപ തീരെ അപര്യാപ്തമാണെന്നും ആയതിനാൽ ഈ ശീർഷകത്തിൽ 576.36 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ 2,49,75,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ് (പദ്ധതി)**

പരിശീലനം, വാഹനം മാറ്റിവാങ്ങിക്കൽ, പുതിയ കോഴ്സുകളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും വാങ്ങൽ എന്നിവയ്ക്കുള്ള ചെലവുകളിൽ വർദ്ധനവുണ്ടാകുമെന്നതിനാൽ ഐ.എം.ജി. യുടെ ഭരണ നിർവ്വഹണത്തിനായി 865.75 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 100 ലക്ഷം രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭ്യമായത്. ആയതിനാൽ, ആവശ്യപ്പെട്ട ബാക്കി തുകയായ 765.75 ലക്ഷം രൂപകൂടി ഐ.എം.ജി.ക്ക് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

സ്വീകരിച്ച നടപടി

പദ്ധതി, പദ്ധതിയേതര ഇനങ്ങളിലായി 3.75 കോടി രൂപ ഈ വർഷം അനുവദിച്ചിരുന്നതിനുപുറമേ 11-8-2010-ലെ സ.ഉ.(സാധാ) 199/10/ഉഭപവ. പ്രകാരം പരിശീലന പരിപാടികൾ ഏറ്റെടുത്തു നടത്തുന്നതിനായി പദ്ധതിയിനത്തിൽ 3.83 കോടി രൂപ ഈ സാമ്പത്തിക വർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനവഴി അധികം അനുവദിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ കൂടുതൽ സാമ്പത്തിക സഹായം ഈ സാമ്പത്തിക വർഷം അനുവദിക്കാൻ കഴിയുകയില്ല.

ശുപാർശ

2070-00-104-99—വിജിലൻസ് (പദ്ധതിയേതരം) 15-രഹസ്യസേവനചെലവുകൾ

മുൻവർഷങ്ങളിൽ നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനകൾ തുടരുന്നതിനും അഴിമതി തടയുന്നതിനാവശ്യമായ രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിനും മറ്റന്വേഷണങ്ങൾക്കുമായി 2010-11 വർഷത്തിൽ അനുവദിച്ചിരിക്കുന്ന 5,00,000 രൂപ പര്യാപ്തമല്ലാത്തതിനാൽ 5,00,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം വിലയിരുത്തിയശേഷം അധിക വിഹിതം അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

ശുപാർശ

17—ചെറുകിട മരാമത്ത് പണികൾ

2010-11 സാമ്പത്തിക വർഷത്തിൽ ചെറുകിട മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 10,000 രൂപ തീരെ അപര്യാപ്തമായതിനാൽ 5,00,000 രൂപകൂടി അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

ഏറ്റെടുത്ത പണികളുടെ പുരോഗതിയുടേയും ഭരണാനുമതിയുടേയും അടിസ്ഥാനത്തിൽ ആവശ്യമായിവരുന്ന അധിക തുക അനുവദിക്കുന്നതാണ്.

ശുപാർശ

45—പി.ഒ.എൽ.

വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇന്ധനചെലവും മുൻ വർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെ കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 60,84,000 രൂപയ്ക്ക് പുറമേ 20,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

സ്വീകരിച്ച നടപടി

ഇപ്പോൾ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയുടെ വിനിയോഗം വിലയിരുത്തിയശേഷം അധികതുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശുപാർശ

സർക്കാർ ജീവനക്കാർക്കും പൊതുമേഖലാസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ജീവനക്കാർക്കും പൊതുജനസേവകർക്കും എതിരെ ഉന്നയിക്കപ്പെടുന്ന അഴിമതി ആരോപണങ്ങളാണ് പ്രധാനമായും ഈ വകുപ്പ് അന്വേഷിക്കുന്നത്. എന്നാൽ മിക്കപ്പോഴും ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലവിളംബം ഉണ്ടാകുന്നതിനാൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ സാദ്ധ്യമാകുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇത് പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

സ്വീകരിച്ച നടപടി

വിജിലൻസ് അന്വേഷണങ്ങൾ അതിവേഗം തീർപ്പാക്കുന്നതിലേയ്ക്കായി ജി.ഒ (എംഎസ്.) നമ്പർ 20/10/വിജി. തീയതി 7-6-2010 പ്രകാരം ഒരു പുതിയ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പ്രവർത്തനമാരംഭിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30 സബ് ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഉയർത്തി ഇൻസ്പെക്ടർമാരുടേതാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

ശുപാർശ

2070-00-119-97—ഭരണഭാഷ നടപ്പാക്കൽ

02—വേതനം

ഔദ്യോഗിക ഭാഷാ വകുപ്പിന്റെവക വാഹനം ഓടിക്കുന്നതിന് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഡ്രൈവറുടെ ശമ്പളം ഈ ശീർഷകത്തിൽ നിന്നാണ് നൽകുന്നത്. ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരിക്കുന്ന 60,000 രൂപ അപര്യാപ്തമായതിനാൽ 30,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

28-6-2010-ലെ 9057/ഔ.ഭാ1/10/ഉ.ഭ.പ.വ എന്ന നമ്പരിലുള്ള അനൗദ്യോഗികക്കുറിപ്പു പ്രകാരം 2010-11-ലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിന്റെ ആദ്യ ബാച്ചിൽപ്പെടുത്തി 30,000 രൂപ അധികമായി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികതുക അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. (ബജറ്റ് വിംഗിന്റെ അനൗദ്യോഗികക്കുറിപ്പ് നമ്പർ 50015/എഫ്3/2010/ധന. തീയതി 23-7-2010)

ശുപാർശ

34—മറ്റ് ചിലവുകൾ

ഔദ്യോഗിക ഭാഷാ പരിശീലന പരിപാടിയുടെ കോഴ്സ് ഫീസ് 125 രൂപയിൽ നിന്ന് 250 രൂപയായി വർദ്ധിപ്പിക്കണമെന്ന ഔദ്യോഗിക ഭാഷാ ഉന്നതതല സമിതിയുടെ തീരുമാനം നടപ്പിലാക്കുന്നതിനും ഭരണശബ്ദാവലി പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്ക് പുറമേ 24,00,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

<u>സ്വീകരിച്ച നടപടി</u>

28-6-2010-ലെ 9057/ഔ.ഭാ1/10/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള അനൗദ്യോഗിക കുറിപ്പുപ്രകാരം 2010-11-ലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിന്റെ ആദ്യ ബാച്ചിൽപ്പെടുത്തി 24,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികതുക അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. (ബജറ്റ് വിംഗിന്റെ അനൗദ്യോഗികക്കുറിപ്പ് നമ്പർ 50015/ എഫ്3/2010/ധന. തീയതി 23-7-2010)

<u>ശുപാർശ</u>

45—<u>പി. ഒ. എൽ.</u>

ഔദ്യോഗിക ഭാഷാവകുപ്പിന്റെ വാഹനത്തിന് ഡീസൽ നിറയ്ക്കുന്നതിലേയ്ക്കുള്ള ചെലവുകൾ വഹിക്കുന്ന ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 91,000 രൂപ അപര്യാപ്തമായതിനാൽ 40,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

28-6-2010-ലെ 9057/ഔ.ഭാ1/10/ഉ.ഭ.പ.വ എന്ന നമ്പരിലുള്ള അനൗദ്യോഗിക കുറിപ്പുപ്രകാരം 2010-11-ലെ സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ്സിന്റെ ആദ്യ ബാച്ചിൽപ്പെടുത്തി 40,000 രൂപ അധികമായി അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിനുശേഷം അധികതുക അഡീഷണൽ ഓതറൈസേഷനായി അനുവദിക്കുന്നതാണെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടുണ്ട്. (ബജറ്റ് വിംഗിന്റെ അനൗദ്യോഗികക്കുറിപ്പ് നമ്പർ 50015/ എഫ്3/2010/ധന. തീയതി 23-7-2010)

<u>ശുപാർശ</u>

2210-06-107-97—<u>രാസപദാർത്ഥ പരിശോധനശാല</u>

19—<u>യന്ത്രോപകരണങ്ങൾ</u>

രാസപരിശോധനാ ലബോറട്ടറി വകുപ്പിന്റെ കീഴിലുള്ള മൂന്നു ലബോറട്ടറികളിൽ ആധുനിക യന്ത്രോപകരണങ്ങളുടെ അഭാവം തൊണ്ടി സാധനങ്ങളുടെ പരിശോധന യഥാസമയം കൃത്യതയോടെ നിർവ്വഹിക്കുന്നതിന് തടസ്സമാകുന്നതായി സമിതി വിലയിരുത്തുന്നു. ലബോറട്ടറികളുടെ ആധുനികവൽക്കരണത്തിനുവേണ്ടി ആധുനിക ശാസ്ത്ര ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 487.5 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 80 ലക്ഷം രൂപ മാത്രമാണ്

വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, '17-ചെറുകിട മരാമത്ത് പണികൾ' എന്ന ശീർഷകത്തിൽ അനുവദിച്ച 97 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷവും '24-സാധന സാമഗ്രികൾ' എന്ന ശീർഷകത്തിൽ അനുവദിച്ച 40 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷവും വകമാറ്റി '19-യന്ത്രോപകരണങ്ങൾ' എന്ന ശീർഷകത്തിലേക്ക് വക കൊള്ളിക്കുന്നതിനും കൂടാതെ 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

## സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്തതിൻപ്രകാരം '17-ചെറുകിട മരാമത്ത് പണികൾ' എന്ന ശീർഷകത്തിൽ അനുവദിച്ച 97 ലക്ഷം രൂപയിൽ നിന്നും 20 ലക്ഷം വകമാറ്റി '19-യന്ത്രോപകരണങ്ങൾ' എന്ന ശീർഷകത്തിലേയ്ക്ക് വകകൊള്ളിച്ചു. എന്നാൽ സമിതിയുടെ ശുപാർശയിൻ പ്രകാരം 50 ലക്ഷം രൂപ കൂടി അധികമായി '19-യന്ത്രോപകരണങ്ങൾ' എന്ന ശീർഷകത്തിൽ അനുവദിച്ചാൽപ്പോലും നടപ്പു സാമ്പത്തിക വർഷത്തിൽത്തന്നെ നടപടി ക്രമങ്ങൾ പാലിച്ച് വിദേശ നിർമ്മിത അത്യാധുനിക ശാസ്ത്രോപകരണങ്ങൾക്കായി തുക ചെലവഴിക്കാൻ കഴിയാത്തതിനാൽ സമിതിയുടെ ശുപാർശ നടപ്പിലാക്കിയില്ല.

## ശുപാർശ

### 2230-01-103-39—നോർക്ക വകുപ്പിന് കീഴിലുള്ള സാന്ത്വനപദ്ധതി

25,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്ഥിരമായി തിരികെ എത്തിയ പ്രവാസി കേരളീയർക്ക് ധനസഹായം നൽകുന്നതിനുവേണ്ടി രൂപീകൃതമായ പദ്ധതിയാണ് സാന്ത്വന. വിവാഹം, ചികിത്സാ ധനസഹായങ്ങൾ, മരണാനന്തര ധനസഹായം എന്നിവ ഈ പദ്ധതിയിലൂടെ നൽകിവരുന്നുണ്ട്. സാന്ത്വന ധനസഹായത്തിനുള്ള അപേക്ഷകരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിരുന്ന 14 ലക്ഷം രൂപ തീരെ അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 70)

## സ്വീകരിച്ച നടപടി

2010-11 സാമ്പത്തിക വർഷം സാന്ത്വന പദ്ധതിക്കായി വകയിരുത്തിയിരുന്ന 14 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചശേഷവും പ്രസ്തുത പദ്ധതിയിൻ കീഴിൽ സഹായത്തിനായുള്ള നിരവധി അപേക്ഷകൾ നോർക്ക വകുപ്പിലും അതിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സിലുമായി തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടായിരുന്നു. അതിനാൽ തീർപ്പാക്കാനുള്ള അപേക്ഷകളും സാമ്പത്തിക വർഷത്തെ അവശേഷിക്കുന്ന മാസങ്ങളിൽ ലഭിക്കാൻ സാധ്യതയുള്ള അപേക്ഷകളും കണക്കിലെടുത്ത്, ധനകാര്യവകുപ്പിനോട് 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെടുകയും ധനകാര്യവകുപ്പ് 2 പ്രാവശ്യമായി 47

ലക്ഷം രൂപ, (യഥാക്രമം 22 ലക്ഷം രൂപ, 25 ലക്ഷം രൂപ വീതം) പ്രസ്തുത പദ്ധതിക്കായി അധികമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ നടപ്പു സാമ്പത്തിക വർഷം സാന്ത്വന പദ്ധതിക്കായി ആകെ 61 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

## 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

ശുപാർശ

സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്-06-വാടക, കരം, നികുതി

14-7-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 5360/2011/ജി.എ.ഡി. പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന് ഔദ്യോഗിക വസതിയായി സ്വകാര്യ കെട്ടിടം അനുവദിക്കുകയുണ്ടായി. പ്രസ്തുത കെട്ടിടത്തിന് വാടക നൽകുന്ന തിലേക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

ഇതിലേക്കായി 23-11-2011-ലെ ജി.ഒ (ആർറ്റി.) നമ്പർ 8589/11/ഫിൻ. പ്രകാരം 3451-00-101-99-06 എന്ന ശീർഷകത്തിൽ നാല് ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ഭരണ നിർവ്വഹണ ത്തിനായി നടപ്പുവർഷത്തിൽ പദ്ധതിയിനത്തിൽ 930.90 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. പരിശീലനം, വാഹനങ്ങൾ മാറ്റിവാങ്ങൽ, പുതിയ കോഴ്സുകളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങൽ എന്നിവയുടെ ചെലവുകൾ കൂടുതലായതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, ആവശ്യപ്പെട്ട തുകയുടെ ബാക്കി 830.90 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, യാത്രാ ചെലവ്, അച്ചടി, സ്റ്റേഷനറി, വെള്ളം/വൈദ്യുതി ചാർജ്ജ് തുടങ്ങിയവയ്ക്കായി 838.60 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 327.92 ലക്ഷം രൂപ മാത്രമേ 2011-12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 119, 120)

സ്വീകരിച്ച നടപടി

എസ്.റ്റി.പി. ഇനത്തിൽ ഐ.എം.ജി.ക്ക് പരിശീലനപരിപാടികൾ നടത്തുന്നതിന് 547.00 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

ശുപാർശ

2070-104-99—വിജിലൻസ് —01-3—വീട്ടുവാടക അലവൻസ്

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച 84,00,000 രൂപ തികച്ചും അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചെലവ് ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതലാണ്. കൂടാതെ ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി വീട്ടുവാടക അലവൻസ് വർദ്ധിപ്പിച്ചതിനാലും 2011-12 വർഷത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 122)

സ്വീകരിച്ച നടപടി

2009 ശമ്പള പരിഷ്ക്കരണംമൂലമുണ്ടാകുന്ന അധിക ചെലവുകൂടി കണക്കിലെടുത്തുകൊണ്ടാണ് നടപ്പ് സാമ്പത്തിക വർഷം ശമ്പളയിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. എന്നിരുന്നാലും അധിക തുക ആവശ്യമായി വരുന്നപക്ഷം നിലവിലെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധികതുകാനുമതിക്ക് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

ശുപാർശ

01-5—മറ്റു അലവൻസുകൾ

ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി മറ്റ് അലവൻസുകൾ 10 മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ നടപ്പു വർഷത്തേയ്ക്ക് 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 123)

സ്വീകരിച്ച നടപടി

2009 ശമ്പള പരിഷ്ക്കരണംമൂലമുണ്ടാകുന്ന അധിക ചെലവുകൂടി കണക്കിലെടുത്തുകൊണ്ടാണ് നടപ്പ് സാമ്പത്തിക വർഷം ശമ്പളയിനത്തിൽ തുക വകയിരുത്തിയിട്ടുള്ളത്. എന്നിരുന്നാലും അധിക തുക ആവശ്യമായി വരുന്ന പക്ഷം നിലവിലെ ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധികതുകാനുമതിക്ക് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

ശുപാർശ

05-01—വെള്ളക്കരം

കഴിഞ്ഞ വർഷം ഉദ്ഘാടനം ചെയ്ത എറണാകുളം വിജിലൻസ് ഓഫീസ് കെട്ടിടത്തിനും പുതുതായി അനുവദിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 2-നും വെള്ളക്കരം ഈ വർഷം കൊടുക്കാനുള്ളതിനാൽ 30,000 രൂപകൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശുപാർശ</u>

05-4—<u>മറ്റിനങ്ങൾ</u>

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 30,00,000 രൂപ തികച്ചും അപര്യാപ്തമാണ്. വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും അധിക തുക ആവശ്യമായി വരുന്നുണ്ട്. ആയതിനാൽ, ഈ ആവശ്യങ്ങൾക്കായി 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശുപാർശ</u>

06—<u>വാടക, കരം, നികുതി</u>

വാടക, കരം, നികുതി ഇനങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തേക്കുള്ള വിഹിതമായ 20,00,000 രൂപ തികച്ചും അപര്യാപ്തമാണ്. സ്പെഷ്യൽ സെൽ എറണാകുളം, മധ്യമേഖല ഓഫീസ് എറണാകുളം എന്നിവ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറിയെങ്കിലും കുടിശ്ശിക ഇനത്തിൽ 12,00,000 രൂപ നൽകാനുണ്ട്. ആയതിനാൽ, പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിനും കൂടിയായി 2011-12 വർഷത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

<u>ശുപാർശ</u>

17—<u>ചെറുകിട മരാമത്ത് പണികൾ</u>

2011-12 സാമ്പത്തിക വർഷത്തിൽ 17 ചെറുകിട മരാമത്ത് പണികൾ എന്ന ഹെഡ്ഡിൽ അനുവദിച്ചിട്ടുള്ള തുക 10,000 രൂപയാണ്. ഇത് തികച്ചും അപര്യാപ്തമാണ്. ഡയറക്ടറേറ്റ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ശുപാർശ

45—പി.ഒ.എൽ.

വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 25 മോട്ടോർ സൈക്കിളുകൾ ഉൾപ്പെടെ 173 വാഹനങ്ങൾ ഉണ്ട്. ഡീസൽ വാഹനങ്ങൾക്ക് ശരാശരി 250 ലിറ്റർ ഇന്ധനവും പെട്രോൾ വാഹനങ്ങൾക്ക് ശരാശരി 200 ലിറ്റർ ഇന്ധനവും പ്രതിമാസം ചെലവാകുന്നുണ്ട്. വർദ്ധിച്ചു വരുന്ന ഇന്ധന വിലയും ഡിപ്പാർട്ട് മെന്റിൽ പുതുതായി അനുവദിച്ച വാഹനങ്ങളുടെ ആവശ്യത്തിനായി വരുന്ന ഇന്ധന ചെലവും കണക്കിലെടുത്ത് ഈ ഇനത്തിൽ 10,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സ്വീകരിച്ച നടപടി

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ചതിനുശേഷം ആവശ്യമായി വരുന്ന ഘട്ടത്തിൽ അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## ഭാഗം II

### I. ചട്ടങ്ങളുടെ പരിശോധന

എ. സമിതിയുടെ 3-1-2012-ൽ ചേർന്ന യോഗം താഴെപ്പറയുന്ന കരട് ചട്ടം പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. (അനുബന്ധം 6)

The Kerala Fire and Rescue Services Rules, 2010

(2012 ജനുവരി 24-ാം തീയതി ചേർന്ന സമിതി യോഗം സംസ്ഥാനത്ത് ഒരു പുതിയ ഫയർ ആന്റ് റെസ്ക്യൂ നിയമം കൊണ്ടുവരുവാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ശുപാർശ ചെയ്യുകയും 3-1-2012-ന് അംഗീകാരം നൽകിയ The Kerala Fire and Rescue Services Rules, 2010-മേൽ തുടർനടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് ശുപാർശ ചെയ്യുകയും ചെയ്തു.)

ബി. സമിതിയുടെ 17-1-2012-ൽ ചേർന്ന യോഗം താഴെപ്പറയുന്ന കരട് ചട്ടങ്ങൾ പരിഗണിക്കുകയും ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു. (അനുബന്ധം 7)

1. The Kerala Service (Amendment) Rules, 2010 (Amendment to Appendix II of Part I, KSR)

2. The Kerala Service (Amendment) Rules, 2010 ( Amendment to Rule 100 and 101 of Part I, KSRs)
3. The Kerala Service (Amendment) Rules, 2010. (Amendment to Rule 8 of Appendix XII-A and Appendix XII-C Part I, KSRs)
4. The Kerala Service (Amendment) Rules, 2010. (Amendment to Rule 22 A, Part I, KSRs)
5. The Kerala Service (Amendment) Rules, 2010. (Amendment of the Rule 100- insertion of Note 6 below Note 5, Part I, KSRs)
6. The Kerala Service (Amendment) Rules, 2011. ( Amendment to Appendix XII A of Part I, KSRs)
7. The Kerala Service (Amendment) Rules, 2011. (Amendment to Rule 90 Sub rule (7) Part III, KSRs)
8. The Kerala Service (Amendment) Rules, 2011.(Amendment to Rule 20 for the Note below the proviso in Part III, KSRs)
9. The Kerala Service (Amendment) Rules, 2011. (Amendment to Rule 102A, Part I, KSRs)
10. The Kerala Service (Amendment) Rules, 2011. (Amendment to Rule 113 (a), Rule 5(2) of Part A and Rule 5 (iii) of Part C of Appendix X of Part III, KSRs)
11. The Kerala Service (Amendment) Rules, 2011. (Amendment to Rule 90 & Rule 68 of Part III , KSRs)
12. The Kerala Civil Service (Classification, Control and Appeal) (Amendment) Rules,2010. (Amendment to Rule 15, Part V, KCS (CC & A)
13. The Kerala Civil Services (Classification, Control and Appeal) Amendment Rules, 2010. ( Amendment to Rule 13 of Kerala Civil Services (Classification, Control & Appeal) Rules, 1960)
14. The Kerala State and Subordinate Services (Amendment) Rules, 2010. (Amendment to Rule 4, Part II, KS & SSR)
15. The Kerala State and Subordinate Services (Amendment) Rules, 2010. (Amendment to Rule 8, 9, 18, 31 of Part II, KS & SSR)
16. The Kerala State and Subordinate Services (Amendment) Rules, 2011. (Amendment to Rule 9 (d) of Part II, KS & SSR)

17. The Kerala State and Subordinate Services (Amendment) Rules, 2011. (Amendment to Rule 27 for the second Proviso to clause (C) and to Rule 28, for Clause (ii) of Sub rule (b) of Part II, KS & SSR)

18. The Special Rules for Kerala Stationery Service.

19. Personal Staff of Ministers, the Leader of Opposition and the Government Chief Whip (Amendment) Special Rules, 2011.

20. The Kerala Special Marriage (Amendment) Rules, 2010. (Amendment to Rule, 10, for items (i) to (ix) of Kerala Special Marriage Rules, 1958)

21. The Kerala Legal Benefit Fund (Amendment) Rules, 2011. (Amendment to Rule 3 Sub rule (3) of Kerala Legal Benefit Fund Rules,1991)

സി. സമിതിയുടെ അംഗീകാരം ലഭിക്കുന്നതിന് മുമ്പായി പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടങ്ങൾക്ക് 17-1-2012-ലെ യോഗം സാധൂകരണം നൽകി.

1. S R O No. 516/2010. The Kerala Administrative Tribunal (Financial and Administrative Powers) Rules, 2010.

2. S R O No. 517/2010. The Kerala Administrative Tribunal Staff (Conditions of Service) Rules, 2010.

3. S R O No. 763/2010. The Kerala State and Subordinate Service(Amendment)Rules, 2010.

4. S R O No. 535/2010. The Kerala State Legal Services Authorities (Amendment) Rules, 2010.

5. S R O No. 250/2011. The Kerala State Legal Services Authorities (Amendment) Rules, 2011.

6. S R O No. 416/2011. The Kerala Government Law Officers (Appointment and Conditions of Service) and Conduct of Cases (Amendment) Rules, 2011.

7. S R O No. 1174/2010. The Kerala Judicial Ministerial Subordinate Services (Amendment) Rules, 2010.

8. S R O No. 1175/2010. The Kerala Judicial Ministerial Service (Amendment) Rules, 2010.

9. S R O No. 610/2008. The Kerala State Higher Judicial Service (Amendment) Rules, 2008.

10. S R O No. 188/2011. The Kerala Secretariat Subordinate Service (Amendment) Special Rules, 2011.

11. S R O No. 193/09, 194/09, 195/09. Non-Resident Keralites Welfare Fund Scheme and Rules.

12. S R O No. 43/2011. (പിശകുകൾക്ക് തിരുത്തൽ വിജ്ഞാപനം നൽകണമെന്ന നിർദ്ദേശത്തോടെ അംഗീകരിച്ചു.) The Kerala Anti-Social Activities (Prevention) Advisory Board Rules, 2010.

ഡി. നിയമവകുപ്പ് വെറ്റ് ചെയ്തതിൽ നിന്നും ഭിന്നമായും നിർദ്ദിഷ്ട വ്യവസ്ഥകൾ പാലിക്കാതെയും പുറപ്പെടുവിച്ച താഴെപ്പറയുന്ന ചട്ടം പിൻവലിക്കുവാനും പുതിയ ചട്ടം പുറപ്പെടുവിക്കുവാനും 17-1-2012-ൽ ചേർന്ന സമിതിയോഗം നിർദ്ദേശിച്ചു.

SRO No. 184/2011. The Kerala State and Subordinate Service (Amendment) Rules, 2011.

### II ബില്ലുകളുടെ പരിശോധന

20-3-2012-ൽ ചേർന്ന സമിതി യോഗം താഴെപ്പറയുന്ന ബില്ലുകൾ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. (അനുബന്ധം 10)

1. The Payment of Salaries and Allowances (Amendment) Bill, 2011
2. The Payment of Salaries and Allowances (Second Amendment) Bill, 2011
3. The Kerala Payment of Pension to Members of Legislature (Amendment) Bill, 2011.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ച് സമിതി 24-1-2012 തീയതി യോഗം ചേർന്ന് "അഗ്നിശമനസേനാ വിഭാഗം നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും" എന്ന വിഷയത്തിൻമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. (അനുബന്ധം 8)

തിരുവനന്തപുരം,
2012 മേയ് 8.

**ഉമ്മൻ ചാണ്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-XIV.*

അനുബന്ധം 1

## 2011 ആഗസ്റ്റ് 1-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റി 2011–2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി 2011 ആഗസ്റ്റ് 1-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും, ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയും പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. ബെന്നി ബെഹനാൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. പി. സി. ജോർജ്
5. ശ്രീ. മാത്യു റ്റി. തോമസ്
6. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി.
2. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി.
3. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.
4. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. ടോം ജോസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്
2. ശ്രീ. സുബ്രതോ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ്
3. ശ്രീ. റ്റി. ജെ. മാത്യു, സെക്രട്ടറി P & ARD
4. ശ്രീ. റ്റി. കെ. മനോജ്കുമാർ, സെക്രട്ടറി, നോർക്ക
5. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
6. ശ്രീ. സി. പി. രാമരാജ പ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.

7. ശ്രീ. എം. നന്ദകുമാർ, ഡയറക്ടർ, I & PRD
8. ശ്രീ. എൻ. ശങ്കർ റെഡ്ഡി, ADGP, VACB
9. ശ്രീ. പി. സി. ബിനോയ്, സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
10. ശ്രീമതി ശ്രീല എസ്. സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
11. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
12. ശ്രീ. എസ്. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
13. ഡോ. റ്റി. വർഗ്ഗീസ്, ഡയറക്ടർ ജനറൽ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്.
14. ശ്രീ. നോയൽ തോമസ്സ്, ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്
15. ശ്രീ. കെ. എസ്. ശരത്ചന്ദ്രൻ, രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
16. ശ്രീ. കെ. പി. മണിലാൽ, സൂപ്രണ്ട് ഓഫ് ഗവൺമെന്റ് പ്രസസ്സ്.
17. ശ്രീമതി എൻ. മായാദേവി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
18. ശ്രീ. പി. എ. റെജി, അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്.

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊളളിച്ചിട്ടുളള ധനാഭ്യർത്ഥന നമ്പർ II, III, XIV, XXIII, XXIV എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന II**

**സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ**

**മന്ത്രിസഭ**

2013-00-104-99—അതിഥി സൽക്കാര ചെലവുകൾ

അതിഥി സൽക്കാര ചെലവിന് 2010-11 സാമ്പത്തികവർഷത്തിൽ വകയിരുത്തിയ അതേ തുകയാണ് നടപ്പുസാമ്പത്തിക വർഷത്തിലും വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 6,00,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-108-99—സഞ്ചാര ചെലവുകൾ

കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച 1,20,00,000 രൂപ തികയാത്തതിനാൽ ഉപധനാഭ്യർത്ഥനവഴി 10,00,000 രൂപ കൂടി അനുവദിച്ചിരുന്നു. ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപാ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-800-99

99—മറ്റ് ചെലവുകൾ ഓഫീസ് ചെലവുകൾ

മന്ത്രിമാരുടെ ഓഫീസ് ചെലവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 1,40,00,000 രൂപ അപര്യാപ്തമായതിനാൽ 37,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-800-97—എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള ചെലവുകൾ

04—യാത്രചെലവുകൾ

എം.പി.മാരുടെ സമ്മേളനം സംബന്ധിച്ചുള്ള യാത്രാചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആകയാൽ, 60,000 രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-800-98-24—സാധനസാമഗ്രികൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഇതിലേയ്ക്കായി 75,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-00-800-98-34—മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60,000 രൂപയ്ക്ക് പുറമേ 50,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2051-00-102-99—പബ്ലിക് സർവ്വീസ് കമ്മീഷൻ

01—ശമ്പളം

പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിലെ ജീവനക്കാരുടെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക ബത്ത, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ എന്നിവയ്ക്കായി നടപ്പുസാമ്പത്തികവർഷം വകയിരുത്തി യിരിക്കുന്നത് 56,58,87,000 രൂപയാണ്. ഇതിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ അനുവദിച്ച 47,77,000 രൂപ അപര്യാപ്തമായതിനാൽ വകുപ്പ് ആവശ്യപ്പെട്ട 65,00,000 രൂപയിൽ ബാക്കി തുകയായ 17,23,000 രൂപ കൂടി അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02- വേതനം

പി.എസ്സ്.സി.യിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് വേതനം നൽകുന്നതിന് അനുവദിച്ചിരിക്കുന്ന 26,32,000 രൂപ അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—യാത്രാചെലവ്

യാത്രാചെലവുകൾക്കായി 2011-12 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം 87,40,000 രൂപയാണ്. ഇതിൽ 70,24,000 രൂപ യാത്രാബത്ത യിനത്തിലും 17,16,000 രൂപ സ്ഥലംമാറ്റ ബത്തയിനത്തിലുമാണ് അനുവദിച്ചിട്ടുള്ളത്. 2011-12 വർഷത്തിൽ ഏകദേശം 30 ലക്ഷത്തിനുപുറത്ത് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികയിലേക്കുള്ള പരീക്ഷകൾക്കായി അപേക്ഷിച്ചിട്ടുണ്ട്. പതിനാല് ജില്ലകളിലെയും എൽ.ഡി. ക്ലാർക്ക് ഉൾപ്പെടെയുള്ള തസ്തികകളുടെ പരീക്ഷകളും ഈ സാമ്പത്തികവർഷത്തിൽ നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ യാത്രാചെലവ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ട 1,19,50,000 രൂപയിൽ ബാക്കി വരുന്ന 32,10,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

പി.എസ്.സി. ആഫീസിലുള്ള വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ (പി.പി.എസ്.എസ്.)

വിവിധ വകുപ്പുകളിലേയ്ക്ക് ലോവർ ഡിവിഷൻ ക്ലാർക്ക് ജീവനക്കാരുടെ നിയമനത്തിനോടനുബന്ധിച്ചുള്ള എഴുത്ത് പരീക്ഷ ഈ വർഷത്തിൽ നടക്കുന്ന തിനാൽ ഈ ശീർഷകത്തിൽ 1,00,00,000 രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഓ.എൽ

കമ്മീഷനിലെ വാഹനങ്ങളുടെ ഇന്ധനച്ചെലവിനായി കഴിഞ്ഞ സാമ്പത്തിക വർഷം 16,80,000 രൂപയാണ് അനുവദിച്ചിരുന്നത്. വാഹനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യവും ഇന്ധനവിലയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-73-09—പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്-ഗ്രാന്റ് ഇൻ എയ്ഡ്

2011-2012 വർഷത്തേയ്ക്ക് ഇൻസ്റ്റിറ്റ്യൂട്ടിന് ഗ്രാന്റായി 66 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത് എന്നും 25 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതിൽ 16.5 ലക്ഷം രൂപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപന ചെലവുകൾക്കായി വേണ്ടി വരും. ശേഷിക്കുന്ന 49.5 ലക്ഷം രൂപയാണ് കലണ്ടർ ഓഫ് ആക്ടിവിറ്റീസ് പ്രകാരമുള്ള പരിപാടികൾ നടത്തുന്നതിനായി ശേഷിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനവും ലക്ഷ്യവും വിപുലമാക്കുന്നതിനുള്ള ബൃഹത് പദ്ധതികൾ നിലവിൽ മുഖ്യമന്ത്രി ചെയർമാനായ ബോർഡ് ഓഫ് ഗവർണേഴ്സ് അംഗീകരിച്ചിട്ടുണ്ട്. പാർലമെന്ററി ലിറ്ററസി ക്ലബ്, സ്കൂൾ-കോളേജ്

തലങ്ങളിൽ ഹ്യൂമൻറൈറ്റ്സ് എഡ്യുക്കേഷൻ, പാർലമെന്ററി ഇൻഫർമേഷൻ ഔട്ട്ലെറ്റ് തുടങ്ങിയവ അടിയന്തര പ്രാധാന്യത്തോടെ തുടങ്ങാൻ ഉദ്ദേശിക്കുന്നതായും കേന്ദ്ര സഹായ പദ്ധതികളും യു.എൻ. സഹായ പദ്ധതിയുമായി തുടങ്ങാനാണ് ഉദ്ദേശിക്കുന്നതെങ്കിലും പ്രാരംഭ പരിപാടികൾക്കായി തുക വേണ്ടിവരുമെന്നും കൂടാതെ പാർലമെന്ററി അവബോധം സ്കൂൾ കുട്ടികളിൽ വ്യാപിപ്പിക്കുന്നതിനായി സ്കൂൾ തലത്തിൽ സെമിനാറുകൾ നടത്താനും ഉദ്ദേശ്യമുണ്ട് എന്നും സമിതിയിൽ വെളിപ്പെടുത്തുകയുണ്ടായി. ആയതിനാൽ ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക കൂടാതെ 25,00,000 രൂപാ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-97—മറ്റു മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫ്

04—യാത്രാചെലവുകൾ

യാത്രാ ചെലവിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-98—മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

04—യാത്രാചെലവുകൾ

യാത്രാചെലവിനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5,84,252 രൂപ ചെലവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 2,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-99—അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്

02—വേതനം

കണ്ടിജന്റ് ജീവനക്കാരുടെ വേതനമാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് പുതുക്കിയ നിരക്കിലുള്ള വേതനം നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 35,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—യാത്രാചെലവുകൾ

യാത്രാചെലവുകളിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ

ഈ ശീർഷകത്തിൽ നിന്നുമാണ് വെള്ളക്കരം, വൈദ്യുതിചെലവ്, ടെലഫോൺ ചെലവ്, ഇൻഡ്യൻ കോഫി ഹൗസിലേയ്ക്കുള്ള ബില്ലുകൾ,

അറ്റകുറ്റപ്പണികൾക്കുള്ള ചെലവ് എന്നിവ വഹിക്കുന്നത്. ഈ ശീർഷകത്തിൽ ഉൾപ്പെട്ട വെള്ളക്കരം ഇനത്തിൽ 2010-11 വർഷത്തിൽ അനുവദിച്ച 8,64,000 രൂപ തികയാതെ വന്നതിനാൽ ഉപധനാഭ്യർത്ഥനയിലൂടെ 3,15,000 രൂപ ലഭിച്ചിരുന്നു. കൂടാതെ വൈദ്യുതി ചാർജ്ജിനത്തിലും 2010-11 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 1,15,50,000 രൂപയും തികയാതിരുന്ന സാഹചര്യത്തിൽ ഉപധനാഭ്യർത്ഥന വഴി 14,00,000 അധികമായി നേടിയിരുന്നു. ഈ ഇനങ്ങളിൽ ചെലവ് വർദ്ധിച്ചുവരുന്നതിനാൽ ഇതിലേയ്ക്കായി അനുവദിച്ച തുക അപര്യാപ്ത മാണ്. ആയതിനാൽ, വെള്ളക്കരത്തിനു ഇനിയും ആവശ്യമായി വരാവുന്ന 4,00,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 32,00,000 രൂപ അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ

1—വാഹനം വാങ്ങൽ

2010-11 സാമ്പത്തിക വർഷം അനുവദിച്ച 1000 രൂപ തികയാതെ വന്ന സാഹചര്യത്തിൽ ഉപധനാഭ്യർത്ഥന മുഖേന 29,59,000 രൂപ നേടുകയും അതിൽ 21,62,715 രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1,50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2—സംരക്ഷണവും അറ്റകുറ്റപ്പണികളും.

2010-11 സാമ്പത്തിക വർഷം ഈ ഇനത്തിൽ 1,38,163 രൂപ ചെലവായി എന്നതും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവ് കൂടുന്നു എന്നതും പരിഗണിച്ച് ഈ ശീർഷകത്തിൽ 2,00,000 രൂപ കൂടി വകയിരുത്തണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

24—സാധനസാമഗ്രികൾ

സാധനസാമഗ്രികൾ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 10,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

മറ്റുചെലവുകൾ എന്ന ശീർഷകത്തിൽ 2010-11 സാമ്പത്തിക വർഷം 5,09,000 രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക തികയാതെ വന്നപ്പോൾ 5,00,000 രൂപ ഉപധനാഭ്യർത്ഥന വഴിയും 3,50,000 രൂപ ധനപുനർവിനിയോഗം വഴിയും ലഭ്യമാക്കു കയുണ്ടായി. ഈ ഇനത്തിൽ ചെലവായ തുക 13,43,919 രൂപയാണ്. ആയതിനാൽ നടപ്പുവർഷം ഈ ശീർഷകത്തിൽ 7,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-092-93—റസിഡന്റ് കമ്മീഷണർ, കേരള, ന്യൂഡൽഹി

റസിഡന്റ് കമ്മീഷണറുടേയും അദ്ദേഹത്തിന്റെ ഓഫീസ് ജീവനക്കാരുടെയും വേതനം, യാത്രാ ചെലവുകൾ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി നടപ്പുവർഷം 1,64,92,000 രൂപ വകയിരുത്തിയിട്ടുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷം ആകെ ചെലവ് 1,39,52,362 രൂപയാണെന്നും ആയതിനാൽ, ഈ വർഷം വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2052-00-090-95-01—നിയമവകുപ്പ്

02—ക്ഷാമബത്ത

ശമ്പള പരിഷ്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷം നൽകേണ്ടിവരുന്ന ക്ഷാമബത്തയുടെ ചെലവുകൾ അഭിമുഖീകരിക്കുന്നതിന് ഈ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ

4—മറ്റിനങ്ങൾ

നിയമവകുപ്പിലെ അനാമത്ത് ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ, 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21 - 2 —മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണിയും

നിയമവകുപ്പിലെ 8 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ, പ്രസ്തുത ശീർഷകത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-090-95—ബൗദ്ധിക സ്വത്തവകാശ നയം

നിയമവകുപ്പിൽ നിക്ഷിപ്തമായ ബൗദ്ധിക സ്വത്തവകാശവും അനുബന്ധ കാര്യങ്ങളുടെയും ഭരണ നിർവ്വഹണത്തിനായി മുൻവർഷങ്ങളിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2052-00-092-88—കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ

02—വേതനം

കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ കോർപ്പറേഷനിൽ നിന്നും ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട സെക്യൂരിറ്റി ജീവനക്കാർ ഉൾപ്പെടെ ഉള്ളവരുടെ വേതനം ജി.ഒ. (പി) നമ്പർ 204/2011/Fin. dated 2-5-2011 പ്രകാരം പുതുക്കിയ സാഹചര്യത്തിൽ കമ്മീഷന് അനുവദിച്ച തുകയായ 19,94,000 രൂപ

അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ ഇതിലേയ്ക്ക് വേണ്ടിവരുന്ന തുകയായ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ

കമ്മീഷനിൽ പുതുതായി ചാർജ് എടുത്ത ഇൻഫർമേഷൻ കമ്മീഷണർക്ക് വാഹനം വാങ്ങുന്നതിനായി 7,00,000 രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

കമ്മീഷനിലെ സ്വന്തമായുള്ള വാഹനങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റ പണികൾക്കുമായി 1,56,000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ ഈ ആവശ്യത്തിലേക്കായി കമ്മീഷൻ ആവശ്യപ്പെട്ട 4 ലക്ഷം രൂപയിൽ ബാക്കി വരുന്ന 2,44,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-090-97—നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ

സർക്കാർ കേസുകളുടെ നടത്തിപ്പും മേൽനോട്ടവും കൂടുതൽ ഫലപ്രദമാക്കുന്നത് ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ഡിസ്ട്രിക്റ്റ് ഗവൺമെന്റ് പ്ലീഡർമാരുടെയും ഓഫീസുകളിലും, ന്യൂഡൽഹി ലാ ഓഫീസിലും, എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലും, കമ്പ്യൂട്ടറൈസ്ഡ് കോർട്ട് കേസ് ട്രാക്കിംഗും മോണിറ്ററിംഗും സിസ്റ്റം നടപ്പിലാക്കുന്നതിനായാണ് നിയമ ഓഫീസുകൾക്ക് കോടതി കേസുകളുടെ മോണിറ്ററിംഗ് സൊല്യൂഷൻ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ 2010-11 സാമ്പത്തിക വർഷത്തിൽ കെൽട്രോണിന് 3 ലക്ഷം രൂപ കൂടി ബാക്കി നൽകുവാനുണ്ട് എന്നും പ്രസ്തുത തുക അനുവദിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയോട് ആവശ്യപ്പെട്ടു. പ്രസ്തുത തുക കെൽട്രോണിന് നൽകുന്നതിലേയ്ക്ക് ഈ ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ച തുകയ്ക്കുപുറമേ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-090-98—നിയമവകുപ്പിന്റെ നവീകരണം

ആസൂത്രണ കമ്മീഷൻ 2003-04-ൽ അംഗീകരിച്ച നിയമവകുപ്പ് നവീകരണ പദ്ധതി ഘട്ടംഘട്ടമായാണ് നടപ്പിലാക്കി വരുന്നത്. നിയമ നിർമ്മാണം, നിയമോപദേശം, പ്രസിദ്ധീകരണം, പരിഭാഷ ഉൾപ്പെടെ വകുപ്പിലെ എല്ലാ പ്രവർത്തനങ്ങളും ഓട്ടോമേറ്റ് ചെയ്യുന്നതിനും ഒരു ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതി ലക്ഷ്യങ്ങൾ ഏറെക്കുറെ പൂർത്തിയാക്കുകയും അതുവഴി നിയമവകുപ്പ്, സംസ്ഥാനത്തെ ആദ്യത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത വകുപ്പാകുകയും ചെയ്തു. പദ്ധതി നടത്തിപ്പിന്റെ ചെലവിനത്തിൽ കെൽട്രോണിന് കുടിശ്ശികയായി നൽകാനുണ്ടായിരുന്ന

17,50,000 രൂപ 2010-11 സാമ്പത്തിക വർഷം supplementary demand ന്റെ final batch-ൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി അപേക്ഷിച്ചിരുന്നുവെങ്കിലും ലഭ്യമായിട്ടില്ല. ആയതിനാൽ, പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിനായി 17,50,000 രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-090-99—<u>സെക്രട്ടേറിയറ്റ്</u>

04—<u>യാത്രാചെലവുകൾ</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 3,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-101-99—<u>സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്</u>

06—<u>വാടക, കരം, നികുതി</u>

ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, യാത്രാചെലവുകൾ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവക്കായി പദ്ധതിയേതര ഇനത്തിൽ 6,79,15,000 രൂപ വകയിരുത്തിയിട്ടുണ്ട്. 14-7-2011-ലെ ജി.ഒ. (ആർറ്റി.) നമ്പർ 5360/2011/ജി.എ.ഡി. പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന് ഔദ്യോഗിക വസതിയായി സ്വകാര്യ കെട്ടിടം അനുവദിക്കുകയുണ്ടായി. ഇതിന്റെ വാടക നൽകുന്നതിന് 5 ലക്ഷം രൂപ വേണ്ടിവരുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പ്രസ്തുത കെട്ടിടത്തിന് വാടക നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ നടപ്പുവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3451-00-1-1-69—<u>സംസ്ഥാന പരിശീലനനയം-പരിശീലനപരിപാടി.</u>

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന് 2010-2011 സാമ്പത്തിക വർഷം STP ഇനത്തിൽ 383.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് പ്രോഗ്രാമുകൾ നടന്നുവരുന്നു. എന്നാൽ 2011-2012 സാമ്പത്തിക വർഷത്തിൽ 1367.14 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക ഒന്നുംതന്നെ വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ നടപ്പു വർഷം തന്നെ 1367.14 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന III—നീതിന്യായ നിർവ്വഹണം**

2014-00-114-92—<u>പെർമനന്റ് ലോക് അദാലത്ത് (പി. എൽ. എ)</u>

ടെലഫോൺ, വൈദ്യുതി, കമ്പി തപാൽ, നഗര ശുചീകരണം, ആരോഗ്യം, ആശുപത്രികൾ, ഇൻഷുറൻസ് തുടങ്ങിയ സേവന രംഗങ്ങളിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന തർക്കങ്ങൾ കോർട്ട് ഫീസില്ലാതെ തീർപ്പാക്കുവാനുള്ള സംവിധാനമാണ് പി. എൽ. എ. തിരുവനന്തപുരത്തും എറണാകുളത്തും മാത്രമാണ് പി. എൽ. എ. ഇപ്പോൾ നിലവിലുള്ളത്. ഈ ജില്ലകളിലെ പി. എൽ. എ.കളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും കോഴിക്കോട് ജില്ലയിൽ പി. എൽ. എ. പുതിയതായി തുടങ്ങുന്നതിനുമായി ഇപ്പോൾ അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്.

ആയതിനാൽ ശമ്പളം ഇനത്തിൽ 24,71,000 രൂപയും യാത്രാ ചെലവുകൾക്കായി 4,61,000 രൂപയും ഓഫീസ് ചെലവുകൾക്കായി 12,16,500 രൂപയും വാടകയിനത്തിൽ 4,85,000 രൂപയും ചേർത്ത് ഈ ആവശ്യങ്ങളിലേയ്ക്കായി 46,33,500 രൂപ അധിക മായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-93—കേരള സംസ്ഥാന നിയമ സഹായ സമിതി

01-ശമ്പളം

ഈ ശീർഷകത്തിൽ ക്ഷാമബത്ത ഇനത്തിലും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് വകയിലും ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ക്ഷാമബത്ത ഇനത്തിൽ 15.53 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇന ത്തിൽ 6. 82 ലക്ഷം രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 22,35,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—യാത്രാ ചെലവുകൾ

ഈ ഇനത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ യാത്രാബത്ത ഇനത്തിൽ 5.64 ലക്ഷം രൂപയും സ്ഥലംമാറ്റ ബത്ത ഇനത്തിൽ 21,000 രൂപയും ചേർത്ത് ഈ ശീർഷകത്തിൽ 5,85,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ

ഓഫീസ് ചെലവുകളിൽ ഉണ്ടാകുന്ന കാലാനുസൃതമായ വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുത ചെലവ് ഇനത്തിൽ 51,000 രൂപയും ടെലഫോൺ ചെല വിനായി 59,000 രൂപയും അതോറിറ്റിയുടെ ഹെഡ്ക്വാർട്ടേഴ്സിലെ ചെലവുകൾ കൂടാതെ 14 ജില്ലാ അതോറിറ്റികൾക്കും 62 താലൂക്ക് കമ്മിറ്റികൾക്കും ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ വാങ്ങുന്നതിനായി മറ്റിനങ്ങൾ എന്നുള്ളതിൽ 11,74,000 രൂപയും ചേർത്ത് ഈ ശീർഷകത്തിൽ ആകെ 12,84,000 രൂപ അധിക മായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപണികളും.

കാലാനുസൃതമായ വില വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 92,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവർക്ക് കോടതി അടിസ്ഥാനമാക്കിയിട്ടുള്ള നിയമസേവനങ്ങൾ നൽകുന്നതും പ്രതിരോധാത്മകമായുള്ള നിയമബോധന ക്ലാസ്സുകൾ നടത്തേണ്ടതും അതോറിറ്റിയുടെ ചുമതലയാണ്. നിയമസേവന ക്ളിനിക്കുകളും മൊബൈൽ ടെലഫോൺ വഴിയുള്ള നിയമസേവന സംവിധാനവുമെല്ലാം ഈ അതോറിറ്റിയുടെ പ്രവർത്തനമേഖലയിൽ ഉൾപ്പെടുന്നു. ചെലവു കുറഞ്ഞ തർക്ക പരിഹാര മാർഗ്ഗമായി ലോക് അദാലത്തുകൾ നടത്തുന്നതും

അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു. സംസ്ഥാന അതോറിറ്റിയുടെ മുഖ്യ ലക്ഷ്യ മായ മേൽസൂചിപ്പിച്ച വിവിധ നിയമ സേവന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ തുക യൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. അതോറിറ്റിയുടെ താലൂക്ക് ഓഫീസുകളിൽ ജീവനക്കാർക്കുള്ള ശമ്പളം കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള തുകയാണ് മേൽ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത്. അതോറിറ്റിയുടെ നിയമ സേവന പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ ഈ ശീർഷകത്തിൽ ഉൾക്കൊള്ളി ച്ചിട്ടുള്ള തുക തുലോം അപര്യാപ്തമാണ്. ആകയാൽ, ഈ ശീർഷകത്തിൽ 3,00,32,000 രൂപ കൂടി അധിക വിഹിതമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014 - 00 -114– 99—ലാ ഓഫീസർമാർ

01—ശമ്പളം

ഗവൺമെന്റ് ലാ ആഫീസർമാരുടേയും, ജീവനക്കാരുടേയും ശമ്പള പരിഷ്കരണംമൂലം ഉണ്ടാകുന്ന അധിക ചെലവ് കണക്കിലെടുക്കുമ്പോൾ ഈ ഹെഡ്ഡിൽ അനുവദിച്ച തുകയിലും കൂടുതൽ തുകയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ലാ ഓഫീസർമാരുടെയും ജീവനക്കാരുടെയും പുതിയ നിയമനങ്ങൾ കൂടി നടക്കാൻ സാദ്ധ്യതയുള്ളതിനാൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02—വേതനം

ലാ ഓഫീസർമാരുടെ എണ്ണത്തിൽ വന്ന വർദ്ധനവിനനുസരിച്ച് ശിപായിമാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല. ഇതുകാരണം ദിവസ വേതനാടിസ്ഥാനത്തിൽ ശിപായിമാരെ വയ്ക്കേണ്ടതായും 2011-2012 സാമ്പത്തിക വർഷത്തിൽ പാർട്ട് ടൈം ജീവനക്കാരുടെ ശമ്പള പരിഷ്കരണവും അനുബന്ധിതമായി വരുന്ന ആനുകൂല്യങ്ങളും കുടിശ്ശിക വിതരണവും ചെയ്യേണ്ടതായും ഉള്ളതിനാൽ ഈ ഹെഡ്ഡിൽ അഭ്യർത്ഥിച്ച തുകയിലും കൂടുതൽ തുക ചെലവ് പ്രതീക്ഷിക്കുന്നു. അതുകൊണ്ട് അഭ്യർത്ഥിച്ച 8,27,000 രൂപ യിൽ ബാക്കി വരുന്ന 1,05,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—യാത്രാ ചെലവുകൾ

ഗവൺമെന്റ് ലോ ഓഫീസർമാർക്ക് സുപ്രീംകോടതിയിൽ നിലവിലുള്ള കേസു കളുടെ നടത്തിപ്പിനായി ധാരാളം വിമാന യാത്രകൾ നടത്തേണ്ടി വരുന്നതു കൊണ്ട് ഈ ശീർഷകത്തിൽ വകയിരുത്തിയ തുകയ്ക്ക് പുറമേ 87,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ

1—വെള്ളക്കരം

ഈ ആഫീസിൽ പ്രതിമാസം വെള്ളക്കരം ഇനത്തിൽ ഏകദേശം 50,000 രൂപയോളം ചെലവു വരുന്നുണ്ട്. ഈ ആഫീസിന് അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങ ളിലേയ്ക്ക് പുതിയ വാട്ടർ കണക്ഷൻ എടുക്കേണ്ടി വന്നാൽ ഉണ്ടാകുന്ന അധിക

ചെലവു കണക്കിലെടുക്കുമ്പോൾ ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ 1,31,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2—വൈദ്യുതി ചെലവ്

വൈദ്യുത ഉപഭോഗത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1,67,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3—ടെലഫോൺ ചെലവ്

പുതിയ ലോ ഓഫീസർമാരെ ഈ സാമ്പത്തിക വർഷം നിയമിക്കുന്നതിനാലും സമയബന്ധിതവും അടിയന്തരവുമായ കേസുകൾ കൈകാര്യം ചെയ്യുന്ന ഓഫീസ് എന്ന നിലയിലും ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 2,28,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4—മറ്റിനങ്ങൾ

സ്പീഡ് പോസ്റ്റ് ചാർജ്ജ്, ഫോട്ടോ കോപ്പി ചാർജ്ജ്, ഫ്രാങ്കിംഗ് മെഷീൻ റീഫില്ലിംഗ് ചാർജ്ജ്, ഫർണിച്ചർ വാങ്ങൽ, കമ്പ്യൂട്ടർ, യു. പി. എസ്. എന്നിവയുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട് പുതുക്കൽ, കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. ഇ-ഗവേണൻസ് പ്രോജക്ട് ഈ സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ ചെലവുകൾക്കെല്ലാം കൂടി അനുവദിച്ച തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിലേക്ക് 14,37,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

നികുതി കുടിശ്ശിക അടയ്ക്കുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി അനുവദിച്ച തുക പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ഇനത്തിൽ 2,80,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ

2—സംരക്ഷണവും അറ്റകുറ്റപ്പണികളും

സ്പെയർപാർട്ട്സുകളുടേയും മറ്റ് അറ്റകുറ്റപ്പണികളുടേയും ചെലവുകൾ വർദ്ധിച്ചിട്ടുള്ളതിനാൽ ഈ ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, 47,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ അഡ്വക്കേറ്റ് ജനറൽമാർ, ഡി.ജി.പി, അഡീഷണൽ ഡി.ജി.പി., സുപ്രീംകോടതിയിൽ കേസ് വാദിക്കുന്നതിനുവേണ്ടി ഹാജരാകുന്ന സീനിയർ അഡ്വക്കേറ്റ്സ് എന്നിവരുടെ ഫീസും സുപ്രീം കോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലർമാരുടെ ഫീസും അനുബന്ധ ചെലവുകളും ലൈബ്രറിയിലേയ്ക്ക് നിയമപുസ്തകങ്ങളും ജേർണലുകളും മറ്റും വാങ്ങുന്നതിനുള്ള തുകയും കേസ് നടത്തിപ്പിനാവശ്യമായ കോർട്ട്ഫീസ് സ്റ്റാമ്പുകൾ വാങ്ങുന്ന ചെലവും മറ്റും ഈ ശീർഷകത്തിൽ നിന്നാണ് ചെലവ് വഹിക്കുന്നത്.

2010-2011 സാമ്പത്തിക വർഷത്തിൽ ഈ ഹെഡ്ഡിൽ 2,10,00,000 രൂപ ചെലവാകുകയും 70,00,000 രൂപയുടെ ക്ലെയിമുകൾ ബാക്കി നിൽക്കുകയും ചെയ്യുന്നതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പെട്രോൾ

പെട്രോളിനും ഡീസലിനും ഉണ്ടായ വില വർദ്ധന പരിഗണിക്കുമ്പോൾ ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, 2,11,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-114-98—ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും.

ഗവൺമെന്റ് പ്ലീഡർമാരുടെ ചെലവുകളും പബ്ലിക് പ്രോസിക്യൂട്ടർമാരുടെ ഫീസും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ ഓരോ മൈനർ ഹെഡിലും താഴെപ്പറയും പ്രകാരം തുക അധികമായി വകയിരുത്തേണ്ടതായുണ്ട്.

01—ശമ്പളം

1—ശമ്പളം-20,00,000 രൂപ

2—ക്ഷാമബത്ത-6,52,000 രൂപ

3—വീട്ടുവാടക അലവൻസ്-2,00,000 രൂപ

04—യാത്രാചെലവുകൾ-79,000 രൂപ

05—ഓഫീസ് ചെലവുകൾ

3—ടെലഫോൺ ചാർജ്ജ്-2,95,000 രൂപ

4—മറ്റിനങ്ങൾ-7,56,000 രൂപ

06—വാടക, കരം, നികുതി-20,000 രൂപ

28—തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ-1,50,00,000

ആയതിനാൽ 2014-00-114-98-ശീർഷകത്തിലെ മേൽപ്പറഞ്ഞ മൈനർ ഹെഡ്ഡുകളിലായി ആകെ 1,90,02,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-116-99—കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

ട്രൈബ്യൂണലിലെ ചെയർമാനും മെമ്പർമാരും ഹൈക്കോടതി ജഡ്ജിമാരുടേതിന് സമാനമായ ആനുകൂല്യങ്ങൾക്ക് അർഹരാണ്. ഇക്കാര്യം കണക്കിലെടുക്കുമ്പോൾ ശമ്പളം, യാത്രാച്ചെലവ്, മോട്ടോർ വാഹനങ്ങൾ, പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആകയാൽ പ്രസ്തുത ശീർഷകങ്ങളിൽ താഴെക്കാണുംപ്രകാരം അധിക തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

| ശീർഷകം | കൂടുതൽ ആവശ്യമായ തുക |
|---|---|
| 01-1 ശമ്പളം | 3,00,00,000 |
| 01-2 ക്ഷാമബത്ത | 50,00,000 |
| 01-3 വീട്ടുവാടക ബത്ത | 25,00,000 |
| 01-4 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് | 19,00,000 |
| 01-5 മറ്റ് അലവൻസുകൾ | 14,00,000 |
| 02 വേതനം | 13,00,000 |
| 04-1 യാത്രാബത്ത | 35,00,000 |
| 05-1 വെള്ളക്കരം | 1,00,000 |
| 05-2 വൈദ്യുത ചെലവ് | 5,00,000 |
| 05-3 ടെലിഫോൺ ചെലവ് | 7,00,000 |
| 05-4 മറ്റിനങ്ങൾ | 20,00,000 |
| 21-1 വാഹനം വാങ്ങൽ | 70,00,000 |
| 21-2 സംരക്ഷണവും അറ്റകുറ്റപ്പണികളും | 5,00,000 |
| 45 പി.ഒ.എൽ. | 3,00,000 |

04-2—സ്ഥലംമാറ്റ ബത്ത

കേരള സർക്കാർ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ നിലവിലുള്ളതും പുതിയതുമായ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുവാനായി രൂപീകരിച്ചിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ജീവനക്കാരുടെ നിയമനം നടക്കുന്നത്. ഇപ്രകാരം ട്രൈബ്യൂണലിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വരുന്നവർക്ക് ട്രാൻസ്ഫർ ടി.എ. നൽകുന്നതിന് ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ചെയർമാനും അതിലെ അഞ്ച് അംഗങ്ങളും ഹൈക്കോടതി ജഡ്ജിയുടേതിനുസമാനമായ വീട്ടുവാടക ലഭിക്കുന്നതിന് അർഹരാണ്. കൂടാതെ രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ (ജുഡീഷ്യൽ) എന്നിവർക്കും വീട്ടുവാടക നൽകേണ്ടതുണ്ട്. പ്രസ്തുത ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഓഫീസ് മന്ദിരത്തിനു നൽകേണ്ടതായ നികുതി തുക കൂടി ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഇനത്തിൽ 12,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

പുതുതായി പ്രവർത്തനം ആരംഭിച്ച ട്രൈബ്യൂണലിൽ ആവശ്യമായ ഫർണിച്ചർ, ഫോട്ടോ കോപ്പിയർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനായി യാതൊരു തുകയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 5,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99—ഇൻഫർമേഷൻ ടെക്നോളജി

ട്രൈബ്യൂണലിൽ National Informatics Centre വഴി കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിന് 40 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-88—ഗ്രാമന്യായാലയം

ഗ്രാമന്യായാലയങ്ങൾ സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാൻ ഭരണാനുമതി ലഭിച്ച സംസ്ഥാനത്തെ 60 ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനത്തിനായി 15,29,19,000 രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-86—നീതിന്യായ നിർവ്വഹണ പുരോഗതി—13-ാം ധനകാര്യ കമ്മീഷൻ ശുപാർശകൾ

പ്രഭാത സായാഹ്ന കോടതികൾ, ജുഡീഷ്യൽ ഓഫീസർമാരുടെ പരിശീലനം, പൈതൃകമൂല്യമുള്ള കോടതി മന്ദിരങ്ങളുടെ സംരക്ഷണം, സംസ്ഥാന ജുഡീഷ്യൽ അക്കാദമി, കോടതി മാനേജർമാർ തുടങ്ങിയ ഹൈക്കോടതി നടത്തുന്നതും നിയന്ത്രിക്കുന്നതുമായ ഘടകങ്ങൾക്കായി 21,75,60,000 രൂപ ആവശ്യമായിട്ടുള്ള തിനാൽ പ്രസ്തുത തുക ഈ സാമ്പത്തികവർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-800-85—ഇ-കോടതി നടപ്പാക്കൽ

ഈ സ്കീമിന് ആവശ്യമായ മുഴുവൻ ഫണ്ടും ഇ-കോടതി പ്രോജക്ടിൻ കീഴിൽ അനുവദിക്കുന്നത് എൻ.ഐ.സി. ആണ്. എൻ.ഐ.സി. ഗവൺമെന്റിന് കൈമാറിയ ഫണ്ടുകൾ അനുയോജ്യമായ ഗവൺമെന്റ് അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച് ആയത് വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അപ്രകാരം 2011-12 സാമ്പത്തിക വർഷം

ആകെ 28403487 രൂപ ഈ ഹെഡിൽ ആവശ്യമുണ്ട്. ആയതിനാൽ ടോക്കൺ പ്രൊവിഷനായി അനുവദിച്ച 1000 രൂപ കഴിച്ച് ബാക്കി തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കീഴ്ക്കോടതികളിലേക്ക് ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ

05—ഓഫീസ് ചെലവുകൾ 4—മറ്റ് ഇനങ്ങൾ (105-99) യും 34—മറ്റ് ചെലവുകൾ (105-99,105-98,108-99,117-99 ഉം)

കീഴ്ക്കോടതികളിൽ ഇനി വേണ്ട അടിസ്ഥാന സൗകര്യങ്ങൾ (ഫർണിച്ചർ വാങ്ങൽ, കോടതിയിടപാടുകളിൽ ഏർപ്പെടുന്ന പൊതുജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ) ഏർപ്പെടുത്തുന്നതിലേക്കായി മുകളിൽ പറഞ്ഞ ഹെഡ്ഡുകൾക്ക് കീഴിൽ 5,18,88,000 രൂപയും കീഴ്കോടതികളിലേക്ക് 2009-10 വർഷത്തിൽ കൂടുതൽ വാങ്ങിയ പേഴ്സണൽ കമ്പ്യൂട്ടറുകൾക്ക് ആവശ്യമായ കമ്പ്യൂട്ടർ ഫർണിച്ചറുകൾ വാങ്ങുന്നതിലേക്കായി 105-99-34- മറ്റു ചെലവുകൾ എന്ന ഹെഡ്ഡിൽ 1,29,17,000 രൂപയും കൂടുതലായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

800-87—സബോർഡിനേറ്റ് കോടതികളിൽ കമ്പ്യൂട്ടർ വാങ്ങി സ്ഥാപിക്കൽ

2009-10 വർഷത്തിൽ കീഴ്കോടതികളിൽ ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി 16,84,06,000 രൂപയ്ക്കുള്ള ഹൈക്കോടതി നിർദ്ദേശം, കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനും ആവശ്യമായ 4,21,80,000 രൂപ എന്നിവ കൂടി ഉൾപ്പെടുന്നതായിരുന്നു. ഈ ആവശ്യത്തിലേക്കായി സർക്കാർ 2,11,00,000 രൂപ മാത്രമാണ് ആ വർഷം അനുവദിച്ചത്. സംസ്ഥാനത്തെ കീഴ്ക്കോടതികളിലേക്ക് ആവശ്യമായ 609 കമ്പ്യൂട്ടറുകളും, പ്രിന്ററുകളും, യു.പി.എസും. വാങ്ങുകയും സ്ഥാപിക്കുകയും ചെയ്യുന്നതിന് 2,67,96,000 രൂപ ആവശ്യമുണ്ട്. കൂടാതെ വിന്റോസ് 7 ഓപ്പറേറ്റിംഗ് സിസ്റ്റം പ്രീ ലോഡ് ചെയ്ത 14 കമ്പ്യൂട്ടറുകളും (14 ജില്ലാ കോടതികളിലും ഡിജിറ്റൽ ലൈബ്രറികൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി) പ്രിന്ററുകളും, യു.പി.എസ്സുകളും വാങ്ങുന്നതിനായി 7,84,000 രൂപയും ആവശ്യമായി വരുന്നുണ്ട്. ഈ ഹെഡ്ഡിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. നടപ്പു വർഷം ഈ ഹെഡിൽ 2,75,79,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജുഡീഷ്യൽ ഓഫീസർമാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവനവ്യവസ്ഥകൾ ലഭ്യമാക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശം പാലിക്കുന്നതിനാവശ്യമായ വകയിരുത്തൽ

04-02—സ്ഥലംമാറ്റ ബത്ത (103-99,105-99, 105-98,108-99,117-99)

ജുഡീഷ്യൽ ഓഫീസർമാർക്ക് കൂടുതൽ മെച്ചപ്പെട്ട സേവന വ്യവസ്ഥകളും സൗകര്യങ്ങളും/ബത്തകളും നൽകേണ്ടതുണ്ട്. അതുപോലെ 1-11-1999 മുതൽ മുൻകാല പ്രാബല്യത്തോടെ ഉത്തരവായിട്ടുള്ള ട്രാൻസ്ഫർ ഗ്രാന്റിന്റെ കുടിശ്ശിക ജൂഡീഷ്യൽ ഓഫീസർമാർക്ക് നൽകുന്നതിനും ട്രാൻസ്ഫർ ചെയ്യപ്പെട്ടിട്ടുള്ളവരുടെ ആവശ്യം നിറവേറ്റുന്നതിനുമായി 66,60,000 രൂപ കൂടുതൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

800-93-06—വാടക, കരം, നികുതി

ജസ്റ്റീസ് ഇ. പദ്മനാഭൻ കമ്മീഷന്റെ ശുപാർശ പ്രകാരം ജുഡീഷ്യൽ ഓഫീസർമാർക്ക് വാടകരഹിത താമസസൗകര്യം ലഭ്യമാക്കുവാൻ സർക്കാർ ഉത്തരവായിരുന്നു. അത് തുടർന്നും ലഭ്യമാക്കേണ്ടതുള്ളതിനാൽ ഈ സാമ്പത്തിക വർഷം പ്രസ്തുത ചെലവുകൾക്കായി ഈ ഹെഡ്ഡിൽ 30,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—വാഹനങ്ങൾ വാങ്ങൽ

സുപ്രീംകോടതിയുടെ ഉത്തരവിൻപ്രകാരവും ഒന്നാം ദേശീയ ജുഡീഷ്യൽ പേ കമ്മീഷൻ, ജസ്റ്റീസ് ഇ. പദ്മനാഭൻ കമ്മീഷൻ എന്നിവയുടെ ശുപാർശകൾ പ്രകാരവും ജുഡീഷ്യൽ ഓഫീസർമാർക്ക് മതിയായ യാത്രാസൗകര്യം നൽകേണ്ടതുണ്ട്. ജുഡീഷ്യൽ ഓഫീസർമാരുടെ ഉപയോഗത്തിലേക്കായി 42 വാഹനങ്ങൾ വാങ്ങുന്നതിന് 2,52,00,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

800-93-34—മറ്റ് ചെലവുകൾ

സംസ്ഥാനത്തെ ജുഡീഷ്യൽ ഓഫീസർമാർക്ക് ഹോം ലൈബ്രറിയും ഫർണിഷിങ്ങ് അലവൻസും നൽകൽ

ജുഡീഷ്യൽ ഓഫീസർമാരുടെ വസതികളിൽ ഹോം ലൈബ്രറികൾ ഒരുക്കുന്നതിനായി പ്രത്യേകം സ്ഥലവും, ആവശ്യമായ പുസ്തകങ്ങളും, ഫർണിച്ചറുകളും ലഭ്യമാക്കേണ്ടതുണ്ട്. പ്രസ്തുത നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടുള്ളതും ഇതിലേക്കാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. ഹൈക്കോടതി ജഡ്ജിമാരുടെ കമ്മിറ്റി ഹോം ലൈബ്രറി ഒരുക്കൽ, ജുഡീഷ്യൽ ഓഫീസർമാരുടെ ഡ്രോയിങ്ങ് റൂം ഫർണിഷ് ചെയ്യൽ എന്നിവ സംബന്ധിച്ച 'ഷെട്ടി കമ്മീഷൻ' നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിലേയ്ക്കായി, എല്ലാ ജുഡീഷ്യൽ ഓഫീസർമാർക്കും 85,000 രൂപ ഫർണിഷിങ്ങ് അലവൻസായും 19,242 രൂപ ലൈബ്രറി പുസ്തകങ്ങൾ, നിയമ സംബന്ധമായ സി.ഡി.-കൾ എന്നിവ വാങ്ങുന്നതിലേക്കായും നൽകാൻ തീരുമാനിച്ചിരുന്നു. ഈ ആവശ്യത്തിലേയ്ക്കായി 4,48,24,000 രൂപ അധികമായി ആവശ്യം വരുമെന്ന് സമിതി മനസ്സിലാക്കുകയും അതിനായി ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

കീഴ്ക്കോടതികളിലേക്ക് നിയമ പുസ്തകങ്ങൾ വാങ്ങൽ

സംസ്ഥാനത്തെ കോടതികൾ സുഗമമായി പ്രവർത്തിക്കുന്നതിന് ഓരോ കോടതികളിലും അത്യന്താപേക്ഷിതവും ആവശ്യം വേണ്ടതുമായ അംഗീകൃത നിയമ പുസ്തകങ്ങൾ ആവശ്യമാണ്. സംസ്ഥാനത്തെ കീഴ്ക്കോടതികളിലേക്ക് ഏറ്റവും കുറഞ്ഞ എണ്ണം അംഗീകൃത നിയമ ഗ്രന്ഥങ്ങൾ വാങ്ങുന്നതിലേക്കുള്ള എസ്റ്റിമേറ്റ് 1,01,59,000 രൂപയ്ക്കുള്ളതാണ്. ഏറ്റവും കുറഞ്ഞ എണ്ണം നിയമ പുസ്തകങ്ങൾ ഓരോ കോടതിക്കും ലഭ്യമാക്കേണ്ടതാണെന്നും ഒരു പുസ്തകത്തിന് 300 രൂപ ശരാശരി വില വരുമെന്നും കണക്കാക്കിയാൽ 1,01,59,000 രൂപയ്ക്ക് 33863 ഗ്രന്ഥങ്ങൾ വാങ്ങാവുന്നതാണെന്നും അപ്രകാരം ഒരു കോടതിക്ക് ശരാശരി 80 പുസ്തകങ്ങൾ ലഭ്യമാകുമെന്ന് കണക്കാക്കിയിരിക്കുന്നു. ആയതുകൊണ്ട് ഈ വർഷം ഇതിലേക്കായി 88,39,000 രൂപ അധിക വിഹിതമായി ഈ ശീർഷകത്തിൽ ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2014-00-102-98—ഹൈക്കോടതി ലൈബ്രറിക്ക് പുസ്തകം വാങ്ങൽ

ഈ ഹെഡിലുള്ള ഗ്രാന്റ് ഈ വർഷത്തെ എസ്റ്റിമേറ്റ് തുകയുടെ 31.74% മാത്രമാണ്. ഗ്രന്ഥങ്ങൾ വാങ്ങൽ, വിദേശ ഇന്ത്യൻ ആനുകാലികങ്ങൾ, ജേർണൽസ്, ഇന്ത്യാ ഗസറ്റ് എന്നിവയ്ക്കുള്ള വരി സംഖ്യ, ആനുകാലികങ്ങളുടെ ബൈൻഡിംഗ് ചാർജ്, ദിനപത്ര വരിസംഖ്യ എന്നിവയ്ക്കായി 38,09,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2014-00-102-99—ഹൈക്കോടതി —05-4—മറ്റിനങ്ങൾ

ആധുനിക മോഡുലാർ ഫർണിച്ചറുകളും ഫർണീഷിങ്ങുകളും സജ്ജീകരിച്ച് ഹൈക്കോടതിയിലെ ഭരണ വിഭാഗം ആധുനീകരിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം ഹൈക്കോടതിയിൽ അനുവദിച്ച 222 അധിക തസ്തികയിലേക്ക് നിയമിക്കപ്പെട്ടിരിക്കുന്ന പുതിയ ഓഫീസർമാരുടേയും സ്റ്റാഫിന്റേയും ഉപയോഗത്തിനായും കൂടുതൽ ഫർണിച്ചർ ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഹൈക്കോടതിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ ചെലവുകളും ഈ ഹെഡിൽ ലഭ്യമായിട്ടുള്ള ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്. ആയതുകൊണ്ട് ഈ വർഷം 1,00,00,000 രൂപ ഈ ശീർഷകത്തിൽ കൂടുതലായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—വാഹനം വാങ്ങൽ

ഹൈക്കോടതിയിലെ ജഡ്ജിമാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും ഉപയോഗത്തിനായുള്ള വാഹനങ്ങൾ വാങ്ങുന്നതിന് 83,03,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-03—ടെലിഫോൺ ചെലവുകൾ

ഇ-കോടതി പദ്ധതിയിൽപ്പെടുത്തി കീഴ്ക്കോടതികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ഹോം യു.എൽ. 750 എന്ന സ്കീമിൽ ജൂഡീഷ്യൽ ഓഫീസർമാരുടെ വസതികളിൽ ബ്രോഡ്ബാന്റ് കണക്ഷനുകൾ നല്കുന്നതിനും കീഴ്ക്കോടതികളിലെ കെട്ടിട സമുച്ചയങ്ങളിൽ ബി.എസ്.എൻ.എൽ-ലെ വിവിധ പ്ലാനുകളനുസരിച്ച് ബ്രോഡ്ബാന്റ് കണക്ഷൻ നൽകുന്നതിനും ഗവൺമെന്റ് അനുവാദം നൽകിയിട്ടുണ്ട്. ആയതിനാൽ ഇ-കോടതി പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിനായി ഈ ഹെഡിൽ 21,00,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

105-98—എം.എ.സി.ടികൾ —21-2—റിപ്പെയർ ആന്റ് മെയ്ന്റനൻസ്

സംസ്ഥാനത്തെ എം.എ.സി.ടി.കളിൽ ഈ സാമ്പത്തിക വർഷം വാങ്ങുന്ന വാഹനങ്ങൾക്ക് ആവശ്യമായി വന്നേക്കാവുന്ന അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി ഈ ഹെഡിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 1,10,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

105-98—എം.എ.സി.ടി.കൾ 45 പി.ഒ.എൽ.

സംസ്ഥാനത്തെ എം.എ.സി.ടി.കളിൽ ഈ സാമ്പത്തിക വർഷം വാങ്ങുന്ന വാഹനങ്ങൾക്ക് ആവശ്യമായി വന്നേക്കാവുന്ന പി.ഒ.എൽ. ചാർജ്ജ് നൽകുന്നതിനായി

ഈ ഹെഡിൽ തുക ഒന്നും തന്നെ വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2,75,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99—വിവരസാങ്കേതിക വിദ്യ

ഹാർഡ് വെയറുകൾ (കമ്പ്യൂട്ടർ സ്പെയർപാർട്ട്സ്, പ്രിന്റർ ഹെഡ്, ടോണർ, റിബൺ, ഫ്ലോപ്പി ഡിസ്ക്സ്, സി.ഡി.കൾ എന്നിവ) വാങ്ങുന്നതിനും കീഴ്ക്കോടതികളിൽ സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെ എ.എം.സി. മുതലായവ പുതുക്കി പരിപാലിക്കുന്നതിനും മറ്റുമുള്ള കമ്പ്യൂട്ടർ അനുബന്ധ ചെലവുകൾ നേരിടുന്നതിനായി ഈ ഹെഡിൽ 1,86,71,000 രൂപ കൂടുതലായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-117-99—കുടുംബകോടതികൾ

ഇരിങ്ങാലക്കുടയിൽ കുടുംബ കോടതി സ്ഥാപിക്കുന്നതിന് മതിയായ ഫണ്ട് ഈ ശീർഷകത്തിൽ അനുവദിച്ചു നൽകണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-00-105-99—സിവിലും സെഷൻസും കോടതികൾ

പുതിയ സി.ബി.ഐ. കോടതി, തിരുവനന്തപുരത്തും, സബ്കോടതി, ചാവക്കാട്ടും പുനലൂരിലും സ്ഥാപിക്കുന്നതിനും ഈ ശീർഷകത്തിൽ അധിക തുക ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XXIII—വാർത്താവിതരണവും പ്രചരണവും**

2220-60-106-98—പ്രദർശനം

ജില്ലകളിലും തലസ്ഥാനത്തും വികസന സംരംഭങ്ങൾ സംബന്ധിച്ച പ്രദർശനം, ന്യൂഡൽഹിയിൽ ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പവലിയൻ ഒരുക്കൽ, ന്യൂഡൽഹിയിൽ റിപ്പബ്ലിക് ദിന പരേഡിൽ ടാബ്ലോ അവതരണം, സംഗീതാവതരണം എന്നിവയ്ക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്നത് ഒരു കോടി രൂപയാണ്. അത്യാധുനിക ഡിജിറ്റൽ ഡിസ്പ്ലേ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള എക്സിബിഷൻ സംവിധാനങ്ങൾ ഒരുക്കുന്നതിനായി 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-109-98—വീഡിയോ പ്രചരണം

ഇലക്ട്രോണിക് മീഡിയ ഡിവിഷൻ രൂപീകൃതമായതോടെ പൂർണ്ണ തോതിലുള്ള വാർത്താവിതരണം ഇപ്പോൾ സാധ്യമായിട്ടുണ്ട്. ഇലക്ട്രോണിക് വാർത്താ വിതരണ സംവിധാനം പരിപൂർണ്ണമായാൽ ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്ന 30 ലക്ഷം രൂപ തീരെ അപര്യാപ്തമാണ്. പുതിയ എഡിറ്റ്സ്യൂട്ട് വരുന്നതോടെ അതിന്റെ പരിപാലനത്തിനും ജില്ലകളിലെ സാങ്കേതിക സംവിധാനങ്ങളുടെ പരിപാലനത്തിനും കൂടുതൽ പണം ആവശ്യമായി വരും. ഇതിനുപുറമെ ഇലക്ട്രോണിക് മീഡിയ ഡിവിഷനുവേണ്ട അടിസ്ഥാന സൗകര്യവും ഒരുക്കേണ്ടതുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2220-60-800-77—സുതാര്യകേരളം-ദൂരദർശനിലും ആകാശവാണിയിലും ഉള്ള ഫോൺ-ഇൻ-പ്രോഗ്രാം

സർക്കാരിന്റെ പ്രവർത്തനം സംബന്ധിച്ച സുതാര്യത വരുത്തുന്നതിനും പൊതു ജനങ്ങളും സർക്കാരും തമ്മിലുള്ള വിടവ് ഇല്ലാതാക്കുന്നതിനുമുള്ള ഒരു പരിപാടിയാണ് 'സുതാര്യ കേരളം'. ദൂരദർശനുപുറമേ ആകാശവാണിയിലും പരിപാടി ആരംഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വെബ് സൈറ്റ് ഇതിന്റെ ഭാഗമായാണ് നിർമ്മിച്ചിട്ടുള്ളത്. സുതാര്യ കേരളം, നവകേരളം എന്നീ പരിപാടികൾക്കും ഇതര പ്രചാരണ സാമഗ്രികളുടെ നിർമ്മാണത്തിനും വകുപ്പിൽ ഒരു വീഡിയോ പ്രൊഡക്ഷൻ യൂണിറ്റ് സ്റ്റുഡിയോ അടക്കം ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സുതാര്യകേരളം ജില്ലാ തല മോണിറ്ററിംഗ് സമിതികൾ വിപുലീകരിക്കുന്നതിനുമായി നടപ്പുവർഷം അനുവദിച്ച 115 ലക്ഷം രൂപയ്ക്ക് പുറമേ 50 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2220-01-001-98—ജില്ലാ പ്രചരണ ഓഫീസുകൾ

45—പി.ഒ.എൽ.

ഇൻഫർമേഷൻ ഓഫീസുകളുടേയും മേഖലാ ഓഫീസുകളുടേയും ഉപയോഗ ത്തിനുള്ള വാഹനങ്ങളുടെ ഇന്ധന ചെലവിനായി 4,50,000 രൂപയാണ് നടപ്പുവർഷം വകയിരുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം 12 പുതിയ വാഹനങ്ങൾകൂടി വാങ്ങിയി ട്ടുള്ള സാഹചര്യത്തിൽ ഇന്ധനച്ചെലവിനായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപ ര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-101-97—പരസ്യത്തിനുള്ള ചെലവുകൾ

വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ നിന്നും പത്രങ്ങളിൽ കൊടുക്കുന്ന ടെൻഡർ പരസ്യങ്ങളുടേയും വിജ്ഞാപനങ്ങളുടേയും പരസ്യക്കൂലി ഈ ശീർഷക ത്തിൽനിന്നാണ് നൽകുന്നത്. വികസന പദ്ധതികൾക്ക് പ്രചാരം നൽകുന്നതിന് വർദ്ധിച്ചതോതിൽ പരസ്യങ്ങളെ ആശ്രയിക്കുന്നതുകൊണ്ട് ഈ ശീർഷകത്തിലുള്ള ചെലവ് വർദ്ധിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, വർദ്ധിച്ചു വരുന്ന ചെലവ് നേരിടുന്നതിനായി നടപ്പുവർഷം 2 കോടി രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-98—പ്രസ്സ് അക്കാഡമി ഗ്രാന്റ്-ഇൻ-എയ്ഡ്

കേരള പ്രസ്സ് അക്കാഡമിയിലെ ജീവനക്കാരുടെ ശമ്പളം, പെൻഷൻ തുടങ്ങിയ ആവർത്തന ചെലവുകളാണ് ഈ ശീർഷകത്തിൽനിന്നും വഹിക്കുന്നത്. 2010-11 വർഷങ്ങളിൽ വിരമിച്ച 3 ജീവനക്കാരുടെ കമ്മ്യൂട്ടേഷൻ, ഗ്രാറ്റുവിറ്റി എന്നിവയ്ക്കു മാത്രം 20 ലക്ഷം രൂപയോളം വേണ്ടിവരും. കൂടാതെ ജീവനക്കാരുടെ ശമ്പളത്തിന് തന്നെ പ്രതിവർഷം 36 ലക്ഷം രൂപ ആവശ്യമാണെന്നിരിക്കെ ഈ ശീർഷകത്തിൽ

അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ, ഈ സാമ്പത്തിക വർഷം തന്നെ ഈ ഇനത്തിൽ 40 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണ മെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-97—<u>പത്രപ്രവർത്തകർക്ക് ക്ഷേമനിധി സംഭാവന</u>

അവശതയനുഭവിക്കുന്ന പത്രപ്രവർത്തകർക്കും അവരുടെ ആശ്രിതർക്കും സാമ്പ ത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് സർക്കാരിന്റെ വിഹിതം നൽകാനാണ് ഈ തുക വകയിരുത്തിയിരിക്കുന്നത്. ഇപ്പോൾ പ്രതിമാസം 85 അവശ പത്രപ്രവർത്തകർക്ക് 1500 രൂപ വീതവും 116 ആശ്രിതർക്ക് 500 രൂപ വീതവും സഹായം നൽകേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ആവശ്യ ത്തിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്നതിനാൽ ഈ ശീർഷക ത്തിൽ 4,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-91—<u>കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ സ്കീം</u>—1993

കേരള സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ വർക്കിംഗ് ജേർണലിസ്റ്റുകളായി സേവനമനുഷ്ഠിച്ചശേഷം ജോലിയിൽ നിന്നും വിരമിക്കുന്ന വരുടേയും അവരുടെ കുടുംബങ്ങളുടേയും ക്ഷേമം ലക്ഷ്യമാക്കിയാണ് ഈ പെൻഷൻ പദ്ധതി ഏർപ്പെടുത്തിയിട്ടുള്ളത്. പത്രപ്രവർത്തക പെൻഷൻ ഇനത്തിൽ പ്രതിമാസം 4000 രൂപ നിരക്കിൽ 294 പേർക്കും ആശ്രിത പെൻഷൻ ഇനത്തിൽ 2000 രൂപ നിരക്കിൽ 76 പേർക്കും പെൻഷൻ നൽകേണ്ടതുള്ളതിനാൽ ഇതിനായി അനുവദിച്ച തുക പര്യാപ്തമാകുകയില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 95,00,000 രൂപകൂടി അധികമായി ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-89—<u>പ്രഗത്ഭ പത്രപ്രവർത്തകർക്ക് ക്ഷേമപദ്ധതി</u>

കേരളത്തിലെ 27 പ്രഗത്ഭരായ പത്രപ്രവർത്തകർക്ക് പ്രതിമാസം 2500 രൂപ വീതവും 21 ആശ്രിതർക്ക് 1250 രൂപ വീതവും ഈ ശീർഷകത്തിൽ നിന്നും ധന സഹായം നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ അധികമായി 4,50,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2220-60-800-81—<u>കേരള സംസ്ഥാന നോൺ ജേർണലിസ്റ്റ് പെൻഷൻ സ്കീം 1999</u>

സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്ന പത്രങ്ങളിൽ പത്രപ്രവർത്തകർ ഒഴികെയുള്ള തസ്തികകളിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കുള്ള ക്ഷേമ പദ്ധതിയാണിത്. പ്രതിമാസം 2500 രൂപ നിരക്കിൽ 367 പേർക്ക് പെൻഷനും 1250 രൂപ നിരക്കിൽ 27 പേർക്ക് ആശ്രിത പെൻഷനും നൽക്കേണ്ടതുണ്ട്. അതിനായി അനുവദിക്കപ്പെട്ടിട്ടുള്ള 22,00,000 രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിലേക്ക് അധികമായി 93,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XXIV—തൊഴിലും തൊഴിലാളിക്ഷേമവും**

4250-00-201-94—നോർക്ക സെന്റർ കെട്ടിടം-കംപ്യൂട്ടറൈസേഷൻ

നോർക്ക വകുപ്പിന്റെ കീഴിലുള്ള മറ്റ് ഓഫീസുകൾ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നോർക്ക സെന്റർ എന്ന പേരിൽ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2009-ൽ ആരംഭിച്ച നോർക്ക സെന്ററിന്റെ കെട്ടിട നിർമ്മാണം ഇപ്പോൾ അന്തിമഘട്ടത്തിലാണ്. 2011-12 വർഷത്തേയ്ക്ക് അനുവദിച്ച 300 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ, പണി പൂർത്തീകരിക്കുന്നതിനായി നടപ്പുവർഷം 221 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-39—സാന്ത്വന പദ്ധതി

സാന്ത്വന പദ്ധതിയുടെ നടത്തിപ്പിനായി കഴിഞ്ഞ വർഷം 61 ലക്ഷം രൂപ അനുവദിച്ചെങ്കിലും ഈ തുക വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ അയച്ചിരിക്കുകയാണെന്ന് ബന്ധപ്പെട്ട സെക്രട്ടറി സമിതിയിൽ വെളിപ്പെടുത്തി. സാന്ത്വന പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ തുക 1 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-47—വിസ തട്ടിപ്പിനെതിരായ ബോധവൽക്കരണം

കേരളത്തിൽനിന്ന് വളരെയധികം വ്യക്തികൾ വിസതട്ടിപ്പിനിരയായി ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിഞ്ഞുവരുന്ന സാഹചര്യത്തിൽ വ്യാജ റിക്രൂട്ട്മെന്റ്, വിസതട്ടിപ്പ് എന്നിവയ്ക്കെതിരെ ഫലപ്രദമായ ബോധവൽക്കരണ പരിപാടികൾ ദൃശ്യശ്രവ്യ മാധ്യമങ്ങളിലൂടെ നടത്തേണ്ടത് അത്യാവശ്യമാണ്. ഇതിലേയ്ക്കായി അനുവദിച്ച തുക തികച്ചും അപര്യാപ്തമായതിനാൽ 25,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-54—പ്രവാസി മലയാളികളെക്കുറിച്ചുള്ള ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള സർവ്വേ

10—സംഭാവന

സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് 1998, 2003, 2007, 2008 വർഷങ്ങളിൽ കേരളാ മൈഗ്രേഷൻ സർവ്വേ സ്റ്റഡി നടത്തുകയും ശാസ്ത്രീയമായി തയ്യാറാക്കിയ സ്ഥിതിവിവരക്കണക്കുകൾ അടങ്ങുന്ന റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. ഗവേഷണാർത്ഥവും, സ്ഥിതിവിവരക്കണക്കുകളുടെ പൂർണ്ണതയ്ക്കും, കൂടാതെ ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലും സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന 2009-ലെ കേരള മൈഗ്രേഷൻ സർവ്വേയ്ക്ക് അതീവ പ്രാധാന്യമുണ്ട്. ഇതിനായി സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് 30 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിൽ 15 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സർവ്വേ ഇപ്പോൾ അന്തിമഘട്ടത്തിലായതിനാൽ ബാക്കി നൽകാനുള്ള 15 ലക്ഷം രൂപകൂടി അടിയന്തരമായി ലഭ്യമാകേണ്ടതുണ്ട്. ആയതിനാൽ, ഈ വർഷം ടോക്കൺ പ്രൊവിഷനായി

വകയിരുത്തിയിട്ടുള്ള 1000 രൂപയ്ക്ക് പുറമേ ഈ ശീർഷകത്തിൽ 14,99,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-67—പ്രവാസി മലയാളിക്ഷേമ വകുപ്പ്

02—വേതനം

നോർക്ക വകുപ്പ് സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ ഡ്രൈവർ തസ്തിക ദിവസവേതനാടിസ്ഥാനത്തിലാണ്. ഇപ്പോൾ ദിവസ വേതന ഡ്രൈവർ മാരുടെ വേതനം ദിവസം 350 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ നടപ്പുവർഷം ഈ ഇനത്തിൽ അനുവദിച്ച 79,000 രൂപ അപര്യാപ്തമാണ്. ആയതിനാൽ, ഈ ഇനത്തിൽ അധികമായി വേണ്ടിവരുന്ന 57,000 രൂപകൂടി നടപ്പുവർഷത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-67-21-2—മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ

നോർക്ക വകുപ്പുസെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ അറ്റകുറ്റപ്പണി കൾക്കായി ഇപ്പോൾ നൽകിയിരിക്കുന്ന 17,000 രൂപ അപര്യാപ്തമാണ്. ഇതിലേയ്ക്ക് 15,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-67-45—പി.ഒ.എൽ.

നോർക്ക വകുപ്പ് സെക്രട്ടറിയുടെ ഔദ്യോഗിക വാഹനത്തിന്റെ ഇന്ധന ചെലവിലേക്ക് അനുവദിച്ചിട്ടുള്ള തുക ഇന്ധന വിലയിൽ അടിക്കടി ഉണ്ടാകുന്ന വർദ്ധനവ് കാരണം അപര്യാപ്തമാണ്. ഈയിനത്തിൽ, നടപ്പു സാമ്പത്തികവർഷം 15,000 രൂപയുടെ അധികച്ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ, 15,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2230-01-103-38—തിരികെയെത്തിയ പ്രവാസികളെക്കുറിച്ചുള്ള പ്രത്യേക പഠനം

2008, 2009 വർഷങ്ങളിൽ നിലനിന്നിരുന്ന ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങേണ്ടിവരുന്ന പ്രവാസികൾ സംസ്ഥാനത്തിനുണ്ടാക്കാവുന്ന സാമ്പത്തികവും സാമൂഹ്യവുമായ പ്രത്യാഘാത ത്തെപ്പറ്റി സമഗ്രമായ ഒരു പഠനം നടത്തുന്നതിനായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ സർക്കാർ ചുമതലപ്പെടുത്തി. ഇതിനായി 28,25,000 രൂപയുടെ ഭരണാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത പഠനത്തിനായി 2009-10 സാമ്പത്തിക വർഷത്തിൽത്തന്നെ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന് 16 ലക്ഷം രൂപ നൽകുകയും ചെയ്തു. പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിന് ചെലവായ 28,35,000 രൂപയിൽ 12,35,000 രൂപ നൽകാൻ ഇനിയും ബാക്കിയുണ്ട്. ഈ ബാധ്യത തീർക്കുന്നതിനായി ഈ ശീർഷ കത്തിൽ 12,34,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ, വിദേശ മലയാളികളുടെ കണക്കെടുപ്പിനും, മടങ്ങിയെത്തിയ പ്രവാസികളെ കുറിച്ചുള്ള പഠനം എന്നിവ സംബന്ധിച്ച് സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് പഠനം നടത്തി സമർപ്പിച്ച രണ്ട് റിപ്പോർട്ടുകളുടേയും പകർപ്പുകൾ സമിതി അംഗങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിന് ലഭ്യമാക്ക ണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന XIV**

**സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും**

2058-00-001-92-<u>കംപ്യൂട്ടർവൽക്കരണം/ആധുനികവൽക്കരണം</u>

സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ്, നെറ്റ് വർക്ക് സ്ഥാപിക്കൽ എന്നിവയുടെ തുടർ പ്രവർത്തനങ്ങൾക്കും പേപ്പർ ടെസ്റ്റിംഗ് ലാബ് നവീകരണത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 25 ലക്ഷം രൂപ അപര്യാപ്തമാണ്. ആയതിനാൽ, ഈ ആവശ്യത്തിനായി 11,00,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-001-93—<u>യൂണിറ്റ് ഓഫീസുകളുടെ നിർമ്മാണം/സ്ഥലം വാങ്ങൽ</u>

സ്റ്റേഷനറി വകുപ്പ് സാധന സാമഗ്രികൾ കൈകാര്യം ചെയ്യുന്ന ഒരു വകുപ്പായതിനാൽ മതിയായ സ്ഥല സൗകര്യമുള്ള സ്വന്തം കെട്ടിടം ഈ കാര്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമാണ്. സ്വന്തമായ കെട്ടിടമില്ലാത്ത വയനാട് ജില്ലാ സ്റ്റേഷനറി ഓഫീസിന് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 50 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നെങ്കിലും 35 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക അപര്യാപ്തമാണ് ആയതിനാൽ, ഈ ആവശ്യത്തിലേയ്ക്ക് വകുപ്പ് ആവശ്യപ്പെട്ട തുകയിൽ ശേഷിക്കുന്ന 15,00,000 രൂപകൂടി ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-001-99—<u>സ്റ്റേഷനറിയും അച്ചടിയും ഭരണവും നടത്തിപ്പും</u>

02—<u>വേതനം</u>

കണ്ടിജന്റ് ജീവനക്കാരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ളത് 2,58,000 രൂപയാണ്. ഒൻപതാം ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരം കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പള സ്കെയിൽ അനുവദിച്ച സാഹചര്യത്തിൽ പരിഷ്ക്കരിച്ച നിരക്കിലുള്ള ശമ്പളം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായിരിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—<u>യാത്രാ ചെലവുകൾ</u>

ട്രാൻസ്ഫർ റ്റി.എ. ഇനത്തിൽ ഇപ്പോൾ അനുവദിച്ചിരുന്ന 60,000 രൂപയ്ക്ക് പുറമേ 90,000 രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2—<u>മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഈ വകുപ്പിൽ പുതുതായി ഒരു ലോറി കൂടി വാങ്ങിയിട്ടുള്ള സാഹചര്യത്തിൽ വകുപ്പു വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 62,000 രൂപ തീരെ അപര്യാപ്ത

മാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1,38,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ.

സ്റ്റേഷനറി സാധനങ്ങൾ കാസർഗോഡ് വരെയുള്ള സബ് ഓഫീസുകളിൽ എത്തിക്കുമ്പോൾ ലോറിക്ക് ഇന്ധനം നിറയ്ക്കുന്നതിനായി തന്നെ മാസം 25,000 രൂപയ്ക്ക് മുകളിൽ ചെലവ് വരുന്നു. ഇന്ധന വിലയിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2058-00-101-99—സ്റ്റേഷനറി സാധനങ്ങൾ വാങ്ങി വിതരണം ചെയ്യൽ

18—സംരക്ഷണം

വകുപ്പിൽ മെയിൻ സ്റ്റോറിനോടനുബന്ധമായി സ്ഥാപിച്ചിട്ടുള്ള വെയ്ബ്രിഡ്ജ്, കമ്പ്യൂട്ടറുകൾ, ഇ.പി.എ.ബി.എക്സ്, പേപ്പർ ടെസ്റ്റിംഗ് ലാബ് എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണി കരാറിനായി അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ് എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 2,05,000 രൂപകൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19—യന്ത്രോപകരണങ്ങൾ

വിവിധ സർക്കാർ ആഫീസുകളിലേയ്ക്കാവശ്യമായ ഡ്യൂപ്ലിക്കേറ്റർ, നമ്പറിംഗ് മെഷീൻ മുതലായ ഓഫീസ് ഉപകരണങ്ങളും അവയുടെ സ്പെയർ പാർട്ട്സുകളും വാങ്ങുന്നത് ഈ ശീർഷകത്തിൽ നിന്നുള്ള തുക വിനിയോഗിച്ചാണ്. വിവിധ ആഫീസുകൾക്ക് ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ വാങ്ങി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക പര്യാപ്തമാവുകയില്ല. ആയതിനാൽ, ഈ ശീർഷകത്തിൽ 15,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

24—സാധനസാമഗ്രികൾ

ഗവൺമെന്റ് പ്രസ്സുകൾ ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ഓഫീസുകൾക്കും ആവശ്യമുള്ള വിവിധയിനം പേപ്പറുകൾ ഈ ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ചാണ് വാങ്ങുന്നത്. കൂടാതെ, പ്ലസ് ടു, എസ്.എസ്.എൽ.സി. തുടങ്ങിയ പരീക്ഷകളുടെ നടത്തിപ്പിനാവശ്യമായ പേപ്പറുകൾ വാങ്ങി നൽകേണ്ട ചുമതലയും സ്റ്റേഷനറി വകുപ്പിനാണ്. ഇതിനെല്ലാംകൂടി ഏകദേശം 2500 ടൺ കടലാസ് വേണ്ടി വരും. ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 18.15 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

വിവര സാങ്കേതിക വിദ്യയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ കടലാസിന്റേയും ഫോട്ടോ കോപ്പിയിംഗ് കടലാസിന്റേയും ഉപയോഗം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. കൂടാതെ പേപ്പർ പൾപ്പ്, ബോർഡ് എന്നിവയുടെ വിലയിൽ പത്ത് ശതമാനത്തിലേറെ വർദ്ധന ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഓഫീസ് ആവശ്യത്തിനായുള്ള കടലാസുകൾ വാങ്ങുന്നതിനായി ഈ

ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തിയില്ലെങ്കിൽ സർക്കാർ ഓഫീസുകളിൽ ഇതിനായി ലോക്കൽ പർച്ചേസിനെ ആശ്രയിക്കേണ്ടിവരുകയും ഇത് സർക്കാരിന് അധിക ബാധ്യത സൃഷ്ടിക്കുകയും ചെയ്യുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 3,00,00,000 അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## അച്ചടി വകുപ്പ്

2058-00-103-99—ഗവൺമെന്റ് പ്രസ്സുകൾ

21(1)—മോട്ടോർ വാഹനങ്ങൾ—വാഹനം വാങ്ങൽ

അച്ചടിവകുപ്പിലെ വിവിധ ബ്രാഞ്ച് പ്രസ്സുകളിൽ സമയാസമയങ്ങളിൽ പേപ്പർ എത്തിക്കുന്നതിനും അച്ചടിച്ച സാമഗ്രികൾ മറ്റു സ്ഥലങ്ങളിലേയ്ക്ക് നീക്കം ചെയ്യുന്നതിനും വാഹനങ്ങളുടെ ദൗർലഭ്യം വളരെയധികം പ്രയാസം സൃഷ്ടിക്കുന്നുണ്ട്. 2010- 11 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ 5-ാമത് റിപ്പോർട്ടിൽ വകുപ്പിന് ഒരു അലൂമിനിയം കണ്ടെയ്നർ ട്രക്ക് വാങ്ങുന്നതിനായി 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ ടോക്കൻ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ വകുപ്പ് ഇപ്പോൾ ആവശ്യപ്പെട്ട രണ്ട് അലൂമിനിയം കണ്ടെയ്നർ ട്രക്കുകൾ (1 ചെറുതും 1 വലുതും) വാങ്ങുന്നതിനായി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റു ചെലവുകൾ

വിഹിതം—13,86,000 രൂപ

ആധുനികവൽക്കരണത്തിന്റെ ഭാഗമായ അച്ചടിവകുപ്പിന്റെ കീഴിലുള്ള വിവിധ ബ്രാഞ്ചു പ്രസ്സുകളിൽ നിലവിലുള്ള കാർഡ് പഞ്ചിംഗ് സംവിധാനം മാറ്റി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 65 ലക്ഷം രൂപ ആവശ്യമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള 13.86 ലക്ഷത്തിനുപുറമേ ഈ ആവശ്യത്തിലേയ്ക്കായി 65 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി ഉന്നയിച്ച പല ചോദ്യങ്ങൾക്കും ഉദ്യോഗസ്ഥരിൽ നിന്നും തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്ന് സമിതി അഭിപ്രായപ്പെടുകയും തുടർന്നുള്ള യോഗങ്ങളിൽ കൃത്യമായ വിവരങ്ങൾ നൽകാൻ സാധിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

സമിതിയുടെ 17-8-2011-ന് ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 19-8-2011 ലേയ്ക്ക് മാറ്റാനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## അനുബന്ധം 2

## 2011 ആഗസ്റ്റ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റി 2011 ആഗസ്റ്റ് മാസം 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. ബെന്നി ബെഹനാൻ
4. ശ്രീ. സി. ദിവാകരൻ
5. ശ്രീ. പി. സി. ജോർജ്
6. ശ്രീ. മാത്യു റ്റി. തോമസ്
7. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
8. ശ്രീ. രമേശ് ചെന്നിത്തല
9. ശ്രീ. കെ. സുരേഷ് കുറുപ്പ്

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
2. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
3. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
4. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ജയകുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. എസ്. എം. വിജയാനന്ദ്, അഡീഷണൽ ചീഫ് സെക്രട്ടറി ആന്റ് ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ്
3. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
4. ശ്രീ. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി ബി. ശ്രീദേവി, സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ

6. ശ്രീമതി നളിനിനെറ്റോ, ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ ഡിപ്പാർട്ട്മെന്റ്

7. ശ്രീ. ജേക്കബ് പുന്നൂസ്, ഡി.ജി.പി.

8. ശ്രീ. വേണുഗോപാൽ കെ. നായർ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ആംഡ് പോലീസ് ബറ്റാലിയൻ)

9. ഡോ. അലക്സാണ്ടർ ജേക്കബ്, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (പ്രിസൺസ്)

10. ശ്രീ. എൻ. ശങ്കർ റെഡ്ഡി, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

11. ശ്രീ. എ. ഹേമചന്ദ്രൻ, അഡീഷണൽ ഡയറക്ടർ ഓഫ് പോലീസ് (ഇന്റലിജൻസ്)

12. ശ്രീ. വിൻസൺ എം. പോൾ, അഡീഷണൽ ഡയറക്ടർ ഓഫ് പോലീസ് (ക്രൈംസ്)

13. ശ്രീ. എസ്. ഗോപിനാഥ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

14. ശ്രീ. ധർവേഷ് സാഹിബ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്

15. ശ്രീമതി എസ്. ശ്രീല, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്

16. ശ്രീമതി എൻ. മായാദേവി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് ആന്റ് സെക്രട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ്

17. ശ്രീമതി കെ. പി. ശ്രീലകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്

18. ശ്രീമതി എസ്. ജമുന, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്

19. ശ്രീമതി പി. നാൻസി ജോസഫ്, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

20. ശ്രീമതി ജെ. ജയ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

21. ശ്രീ. പി. എ. റോയി, അഡീഷണൽ സെക്രട്ടറി, വിജിലൻസ് വകുപ്പ്

22. ശ്രീ. എസ്. ശിശുപാലൻ, അഡീഷണൽ സെക്രട്ടറി, ഇലക്ഷൻ ഡിപ്പാർട്ട്മെന്റ്

23. ശ്രീ. സി. എം. രൂപവത്സ്, ഡയറക്ടർ, മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ട്മെന്റ്

24. ശ്രീ. കെ. ശിവാനന്ദൻ, ഡയറക്ടർ (ടെക്നിക്കൽ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്

25. ശ്രീ. കെ. ജി. ശിവദാസൻ, ചീഫ് കെമിക്കൽ എക്സാമിനർ

26. ശ്രീ. ജി. രവീന്ദ്രൻ നായർ, മാനേജർ, ഓഫീസ് ഓഫ് ദ എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്

27. ശ്രീ. പി. രാധാകൃഷ്ണൻ, മാനേജർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ

28. ശ്രീ. എൻ. ജഗന്നാഥൻ, മാനേജർ, ഓഫീസ് ഓഫ് ദി വിജിലൻസ് ട്രിബ്യൂണൽ, കോഴിക്കോട്

29. ശ്രീ. സി. വി. ജയകുമാർ, അഡീഷണൽ രജിസ്ട്രാർ, കേരള ലോകായുക്ത.

സമിതി 2011-12 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ IV, XII, XIII, XIV, XVIII, XXV എന്നിവ പരിഗണനയ്ക്കെടുത്തു. പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകൾ സമിതി പരിശോധിക്കുകയും ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരാഞ്ഞശേഷം താഴെപ്പറയുന്ന ശുപാർശകൾ/നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത യോഗത്തിൽ പരിഗണിക്കാനിരുന്ന ധനാഭ്യർത്ഥന നമ്പർ XIV-ൽ ഉൾപ്പെടുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനുള്ള വാർഷിക വരിസംഖ്യ, വിജിലൻസ്, സ്പെഷ്യൽ എൻക്വയറി കമ്മീഷനുകൾ എന്നിവയുടെ പരിശോധന മാറ്റിവയ്ക്കുന്നതിനും ആയതിന്റെ പരിശോധനയ്ക്കായി സമിതിയുടെ ഒരു യോഗം 16-8-2011-ന് ചേരുന്നതിനും സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XIV**

2070-00-003-99—<u>ഐ.എ.എസ്. പ്രൊബേഷൻകാരുടെ പരിശീലനം</u>

ഐ.എ.എസ്. പ്രൊബോഷണർമാരുടെ പരിശീലനത്തിന് അഞ്ചുലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും കഴിഞ്ഞവർഷം 3,50,000 രൂപയാണ് ഈ ശീർഷകത്തിൽ വകക്കൊള്ളിച്ചിരുന്നതെന്നും കഴിഞ്ഞ സാമ്പത്തിക വർഷം ഐ.എ.എസ്. പ്രൊബേഷണർമാർക്ക് ട്രെയിനിംഗുമായി ബന്ധപ്പെട്ട് ചെലവായ 3,85,810 രൂപയ്ക്കുള്ള പ്രൊപ്പോസൽ ഈ വർഷമാണ് മുസ്സൂറി LBS അക്കാദമിയിൽ നിന്നും ലഭിച്ചത് എന്നും അതിനാൽ പ്രസ്തുത തുക ഈ വർഷം അനുവദിച്ച ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത് എന്നും കൂടാതെ ഈ വർഷം കേരള കേഡറിൽ 5 ഐ.എ.എസ്. ഉദ്യോഗസ്ഥരെ അനുവദിച്ചിട്ടുണ്ട് എന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഈ ശീർഷകത്തിൽ ശേഷിക്കുന്ന തുക ഈ വർഷത്തെ ചെലവിന് തീരെ പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ, ഈ ശീർഷകത്തിൽ അധികമായി 5,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

2070-00-003-97—ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്-ഇൻ-ഗവൺമെന്റിന്റെ ഭരണ നിർവ്വഹണത്തിനായി നടപ്പുവർഷത്തിൽ പദ്ധതിയിനത്തിൽ 930.90 ലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. പരിശീലനം, വാഹനങ്ങൾ മാറ്റിവാങ്ങിക്കൽ, പുതിയ കോഴ്സുകളുടെ നവീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി, കമ്പ്യൂട്ടറുകളും മറ്റുപകരണങ്ങളും വാങ്ങൽ എന്നിവയുടെ ചെലവുകൾ കൂടുതലായതിനാൽ പ്രസ്തുത ആവശ്യത്തിലേക്ക് അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, ആവശ്യപ്പെട്ട തുകയുടെ ബാക്കി 830.90 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പദ്ധതിയേതര ചെലവുകളായ ശമ്പളം, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി, യാത്രാ ചെലവ്, അച്ചടി, സ്റ്റേഷനറി, വെള്ളം/വൈദ്യുതി ചാർജ്ജ് തുടങ്ങിയവയ്ക്കായി 838.60 ലക്ഷം രൂപ ആവശ്യപ്പെട്ടെങ്കിലും 327.92 ലക്ഷം രൂപ മാത്രമേ 2011–12 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുള്ളൂ. ഈ തുക തികച്ചും അപര്യാപ്തമായതിനാൽ പദ്ധതിയേതര ഇനത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പരിശീലനത്തിന്റെ ഫലം പരിശോധിക്കുകയും അതിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

സംസ്ഥാന സർക്കാർ ജീവനക്കാരുടെ വർക്കിംഗ് സ്റ്റാൻഡേർഡ് ഉയർത്തുന്ന വിഷയം സമിതി ഗൗരവമായി പരിഗണിക്കുകയും ജീവനക്കാരുടെ ജോലിനിലവാരം ഉയർത്തുന്നതിനും അവർക്ക് കൂടുതൽ അറിവ് ലഭിക്കുന്നതിനുമായി ഒരു നിർബന്ധിത ട്രെയിനിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ തയ്യാറാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

2070-00-108-94—അഗ്നിശമനസേനാ വകുപ്പിന്റെ നവീകരണം

സ്കൈ ലിഫ്റ്റ് പോലുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അഗ്നിശമനസേനാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ നവീകരിക്കാനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും മാറിവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് അഗ്നിശമനസേനാ വിഭാഗത്തെ ഒരു റെസ്ക്യൂ വിഭാഗമായി മാറ്റിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും സെൻട്രൽ ഗവൺമെന്റ് റെസ്ക്യൂ കാര്യങ്ങൾക്ക് ഒരു അക്കാഡമി തുടങ്ങുന്നതിന് പണം തരാമെന്ന് അറിയിച്ചതിൻപ്രകാരം വിയ്യൂരിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. പഴക്കംചെന്ന വാഹനങ്ങളും അഗ്നിശമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങളും മാറ്റി പുതിയവ വാങ്ങുന്നതിനും സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള അത്യാധുനികമായ അഗ്നിരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും, അഗ്നിശമനസേനയെ നവീകരിക്കുന്നതിനും, സുസജ്ജമാക്കുന്നതിനും വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണത്തിനുമായി ചെലവ് വഹിക്കുന്ന ഈ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തേണ്ടതാണെന്ന് സമിതി മനസ്സിലാക്കുകയും ഈ ശീർഷകത്തിൽ 6,50,00000 രൂപ അടിയന്തരമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു.

2070-00-108—അഗ്നി പ്രതിരോധവും നിയന്ത്രണവും

99—ഭരണവും നടത്തിപ്പും

05—മറ്റിനങ്ങൾ

സംസ്ഥാനമൊട്ടാകെ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്ന ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സേനാംഗങ്ങൾക്ക് ചട്ടപ്രകാരം യൂണിഫോമിനും സുരക്ഷിതത്വത്തിനുമായി വാങ്ങി നൽകേണ്ട യൂണിഫോം സാധനങ്ങൾ വാങ്ങുന്നതിനായി അതതുവർഷങ്ങളിൽ തുക ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ല. കൂടാതെ രക്ഷാപ്രവർത്തനം നടത്തുന്നതിനുള്ള യന്ത്രസാമഗ്രികൾ വാങ്ങി നൽകുന്നതിനുവേണ്ടിയും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 82,10,000 രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-1—വാഹനം വാങ്ങൽ

ഈ ശീർഷകത്തിൽ കഴിഞ്ഞ കുറെ വർഷങ്ങളായി തുക ആവശ്യപ്പെട്ടുവരുന്നുണ്ടെങ്കിലും വെറും 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിക്കുന്നത്. മാത്രമല്ല പുതിയ ഫയർ സ്റ്റേഷനുകൾ കഴിഞ്ഞ വർഷങ്ങളിലൊക്കെ തുറന്നുവെങ്കിലും അതിനുവേണ്ട പുതിയ വാഹനങ്ങളും യന്ത്രസാമഗ്രികളും വാങ്ങുവാനായി യാതൊരു ഫണ്ടും വകയിരുത്തിയിരുന്നില്ല. ഇക്കാരണത്താൽ കഴിഞ്ഞ കുറെ വർഷങ്ങളായി പുതിയ സ്റ്റേഷനുകൾ അനുവദിക്കേണ്ടിവരുമ്പോൾ നിലവിലുള്ള സ്റ്റേഷനുകളിൽ നിന്നും വാഹനങ്ങളും യന്ത്രസാമഗ്രികളും വായ്പയായി നൽകിവരുന്നതിനാലും പഴക്കം ചെന്ന വാഹനങ്ങളും യന്ത്രസാമഗ്രികളും ലേലം ചെയ്ത് വിൽക്കുന്നതിനാലും ഈ സേവനമേഖലയുടെ പ്രവർത്തനശേഷി അനുദിനം കുറഞ്ഞുവരികയാണ്. വാഹനങ്ങളുടെയും യന്ത്രസാമഗ്രികളുടെയും അഭാവത്തിൽ രക്ഷാപ്രവർത്തനങ്ങൾ നിർവ്വീര്യമാകുന്നത് നൂറുക്കണക്കിന് കോടി രൂപയുടെ നഷ്ടം സംസ്ഥാനത്തിനുവരുത്തുവാൻ ഇടവരുത്തുന്നതുമാണ്. ആകയാൽ, ഈ ഇനത്തിൽ 5 കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-108-98—പ്രതിരോധവും നിയന്ത്രണവും

05-1—ഓഫീസ് ചെലവുകൾ-വെള്ളക്കരം

05-ഓഫീസ് ചെലവുകൾ-വെള്ളക്കരം ഇനത്തിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളായി കുടിശ്ശികയുണ്ട്. അഗ്നിശമന രക്ഷാപ്രവർത്തനത്തിനുപയോഗിക്കുന്ന വെള്ളത്തിനുള്ള കരം അടയ്ക്കാനുള്ളതിനാൽ പല സ്റ്റേഷനുകളിലും വാട്ടർ കണക്ഷൻ കട്ട് ചെയ്യുവാനുള്ള നീക്കത്തിലാണ് വാട്ടർ അതോറിറ്റി. ഇതിനായി 10 ലക്ഷം രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

04—യാത്രാചെലവുകൾ

04—യാത്രാചെലവുകൾ എന്ന ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ശബരിമല തീർത്ഥാടനം ആരംഭിക്കുമ്പോൾ ജീവനക്കാരെ അഗ്നി സുരക്ഷാ പ്രവർത്തനത്തിനായി നിയോഗിക്കുമ്പോൾ അവർക്ക് യാത്രാചെലവുകൾ നൽകേണ്ടതുണ്ട്.

ശബരിമല തീർത്ഥാടനം അവസാനിക്കുന്നതുവരെ ജീവനക്കാരുടെ സേവനം ഉണ്ടായിരിക്കുന്നതാണ്. 04-യാത്രാചെലവുകൾ എന്ന ഇനത്തിൽ 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-108-97—അഗ്നി പ്രതിരോധവും നിയന്ത്രണവും-പരിശീലനം

പുതുതായി സർവ്വീസിൽ പ്രവേശിച്ച മിനിസ്റ്റീരിയൽ വിഭാഗക്കാർ ഒഴികെയുള്ള എല്ലാ വിഭാഗം ജീവനക്കാർക്കുമുള്ള പരിശീലനം, സർവ്വീസിലുള്ള ജീവനക്കാർക്കായുള്ള ഇൻ-സർവ്വീസ് പരിശീലനം, ഉദ്യോഗക്കയറ്റത്തിനായുള്ള യോഗ്യതാ പരീക്ഷകളുടെ നടത്തിപ്പ് എന്നിവയ്ക്കുള്ള വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയുടെ ചെലവാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിലുള്ള 3000 ഹോംഗാർഡുകൾക്ക് വേണ്ട ട്രെയിനിംഗും നൽകേണ്ടത് അക്കാദമിയിലാണ്. ഹോംഗാർഡുകളുടെ എണ്ണം 5000 ആക്കി ഉയർത്താനും സർക്കാരിന് ആലോചനയുള്ളതിനാൽ അക്കാദമിക്ക് ഇപ്പോൾ അനുവദിച്ച തുക തികച്ചും അപര്യാപ്തമാണ്. ബാക്കി തുക അഡീഷണൽ ആതറൈസേഷനായി അനുവദിച്ചാൽ മാത്രമേ അക്കാദമിയിൽ നിലവിലുള്ള സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഇതിനാവശ്യമായി വരുന്ന തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

04-യാത്രാചെലവുകൾ 05-ഓഫീസ് ചെലവുകൾ (1) വെള്ളക്കരം (2) വൈദ്യുതി ചെലവ് (3) ടെലിഫോൺ ചാർജ് (4) മറ്റിനങ്ങൾ (21) മോട്ടോർ വാഹനങ്ങൾ-34-മറ്റ് ചെലവുകൾ, 45-പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ അധികം ഫണ്ട് അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുവദിച്ചിരുന്നില്ല. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് അക്കാഡമിയുടെ സുഗമമായ പ്രവർത്തനത്തിനായി (04) യാത്രാചെലവുകൾ 35,000 രൂപ, 05 (1) വെള്ളക്കരം 10,000 രൂപ (2) വൈദ്യുതി ചാർജ് 2,00,000 രൂപ, (3) ടെലിഫോൺ ചാർജ്ജ് 30,000 രൂപ, (4) മറ്റിനങ്ങൾ 5,00,000 രൂപ, (21-2) മോട്ടോർ വാഹനങ്ങൾ അറ്റകുറ്റപ്പണികളും സംരക്ഷണവും 50,000 രൂപ, (34) മറ്റ് ചെലവുകൾ 60,000 രൂപ (45) പി.ഒ.എൽ. 50,000 രൂപ എന്ന ക്രമത്തിൽ അധിക ഫണ്ട് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

സുനാമി പോലുള്ള പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ നേരിടുന്നതിന് പര്യാപ്തമായ തരത്തിലുള്ള ട്രെയിനിംഗ് നൽകണമെന്നും ശബരിമല സീസണിൽ എല്ലാവർഷവും അപകടം സ്ഥിരമായതിനാൽ എരുമേലിയിൽ എല്ലാ സൗകര്യങ്ങളോടും കൂടി ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കേണ്ടതാണെന്നും സമിതി നിർദ്ദേശം നൽകുകയും ചെയ്തു.

2070-00-108-96—അഗ്നി പ്രതിരോധവും നിയന്ത്രണവും-മറ്റ് ചെലവുകൾ

അഗ്നിശമന സേനയിലെ അംഗങ്ങൾക്കുള്ള ഗവൺമെന്റ് പാരിതോഷികം നൽകുന്നതിന് 1,60,000 രൂപ നിർദ്ദേശിച്ചിരുന്നുവെങ്കിലും 25,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് അപര്യാപ്തമാണ്. മികച്ച രീതിയിൽ രക്ഷാപ്രവർത്തനം നടത്തുന്ന ജീവനക്കാർക്ക് പാരിതോഷികം നൽകുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-119-98—ഔദ്യോഗിക ഭാഷ കമ്മീഷൻ

2011-12 സാമ്പത്തിക വർഷത്തിൽ 1,45,13,000 രൂപയാണ് ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ളത്. എന്നാൽ ശമ്പളപരിഷ്ക്കരണവുമായി ബന്ധപ്പെട്ട് അധിക ചെലവ് വരുന്നതിനാലും കമ്മീഷന്റെ 2009-10, 2010-11 വർഷങ്ങളിലെ ഓരോ ശീർഷകത്തിലുള്ള ചെലവുമായി താരതമ്യം ചെയ്തതിലും നടപ്പുവർഷത്തിലേയ്ക്ക് അനുവദിക്കപ്പെട്ട തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ വിവിധ ഹെഡ്ഡുകളിലായി 70,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-119-99—മലയാളം ഔദ്യോഗിക ഭാഷയാക്കാനുള്ള കമ്മിറ്റി

വിദഗ്ദ്ധാംഗങ്ങൾ ഓഫീസ് പരിശോധനകൾക്കായി സംസ്ഥാനമാകെ യാത്ര ചെയ്യാനുദ്ദേശിക്കുന്നതിനാൽ യാത്രപ്പടി ഇനത്തിൽ ഈ സാമ്പത്തിക വർഷത്തിൽ 25,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-119-97-34—മറ്റു ചെലവുകൾ

സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ഭരണഭാഷാസേവന പുരസ്കാരവും ഭരണഭാഷാഗ്രന്ഥരചനാ പുരസ്ക്കാരവും നൽകാനുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 3,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

2070-00-119-96—മലയാളം മിഷൻ

മലയാളഭാഷയും സംസ്ക്കാരവും വിദേശ മലയാളികളുടെ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് മലയാളമിഷന് രൂപം നൽകിയത്. ഇതിനുള്ള ചെലവുകൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം രണ്ടു കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ ആയിരം രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ശില്പശാലകൾ സംഘടിപ്പിക്കൽ, പാഠപുസ്തകങ്ങളുടെയും കൈപ്പുസ്തകങ്ങളുടെയും പ്രിന്റിംഗ്, വിതരണം, അദ്ധ്യാപക പരിശീലനം, ഓഡിയോ-വീഡിയോ മെറ്റീരിയൽസ് തയ്യാറാക്കൽ, സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കൽ പഠിതാക്കൾക്കുള്ള ക്യാമ്പുകൾ, പഠനയാത്രകൾ, പുതിയ പഠനകേന്ദ്രങ്ങൾ, മാഗസിൻ, ബ്രോഷർ, വെബ്സൈറ്റ്, ഡൽഹിയിൽ റഫറൻസ് ലൈബ്രറി, മാർഗ്ഗരേഖ തയ്യാറാക്കൽ, വിതരണം തുടങ്ങിയ മിഷന്റെ വിവിധ പ്രവർത്തനങ്ങൾക്കും ഇതിലെ ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, യാത്രാപ്പടി മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കുമായി 1,87,00,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന IV—തെരഞ്ഞെടുപ്പുകൾ**

2015-00-101-99—സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

04—യാത്രാ ചെലവുകൾ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, കമ്മീഷനിലെ സ്റ്റാഫ്, 14 ജില്ലകളിലെ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർ, ഇലക്ഷൻ ജോലികളിൽ നിയോഗിക്കപ്പെടുന്ന വരണാധികാരികൾ എന്നിവരുടെ യാത്രാ ചെലവുകൾ ഈ ശീർഷകത്തിൽ നിന്നാണ്

വഹിക്കുന്നത്. 15-7-2011 വരെ ഈ ഇനത്തിൽ 5,35,000 രൂപ ചെലവായിട്ടുണ്ടെന്നും പൊതുതിരഞ്ഞെടുപ്പ് കഴിഞ്ഞുവരുന്ന വർഷമായതിനാൽ മിക്ക ജില്ലകളിലും ഈ ഇനത്തിൽ ബില്ലുകൾ സെറ്റിൽ ചെയ്യേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ 10 ലക്ഷം രൂപാ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തിരുമാനിച്ചു.

21—മോട്ടോർ വാഹനങ്ങൾ-2-സംരക്ഷണവും അറ്റകുറ്റപ്പണികളും

2010-11 വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 2,05,000 രൂപയിൽ (1,30,000 രൂപ ബഡ്ജറ്റ് വിഹിതമായും 75,000 രൂപ റീ അപ്രോപ്രിയേഷനിലൂടെയും) 1,93,000 ചെലവ് വന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2015-00-109-99-34—മറ്റ് ചെലവുകൾ

2011-12 പൊതുതിരഞ്ഞെടുപ്പിനുശേഷമുള്ള വർഷമായതിനാൽ കഴിഞ്ഞ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്റ്റേഷനറി, പ്രിന്റിംഗ് വകുപ്പുകളുടെ ബില്ലുകൾ ഈ വർഷം സെറ്റിൽ ചെയ്യേണ്ടതായിട്ടുണ്ട്. കൂടാതെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട എല്ലാ കോടതി ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. അതിനാൽ 2011-12 വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ ഏകദേശം 4 കോടി രൂപയുടെ ചെലവുണ്ടാകുമെന്ന് കണക്കാക്കുന്നു. ആയതിനാൽ, ഈ ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 2,80,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള എല്ലാ തെരഞ്ഞെടുപ്പുകളും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ച് നടത്തുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് 2009-2010 വർഷം 1060 എണ്ണം ഇക്ട്രോണിക് വോട്ടിംഗ് മെഷീൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വാങ്ങിയിട്ടുണ്ട്. കമ്മീഷൻ നടപ്പുവർഷം 1000 എണ്ണം വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി ആവശ്യമായി വരുന്ന 2 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സംബന്ധിച്ച ജോലികൾ കഴിയു ന്നതും നേരത്തെ ആരംഭിക്കണമെന്നും, അതിനുവേണ്ടി ഇലക്ഷൻ കമ്മീഷനുമായി ആലോചിച്ച് ഒരു ധാരണയുണ്ടാക്കി കഴിയുന്നതും രണ്ടര വർഷം മുമ്പെങ്കിലും ഇതിന്റെ ജോലികൾ ആരംഭിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2215-00-110-99—സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ

നിലവിലുള്ള ഡീലിമിറ്റേഷൻ കമ്മീഷന്റെ കാലാവധി 2011 മേയ് മാസം അവസാനിക്കുകയാണ്. കണ്ണൂർ ജില്ലയിൽ മട്ടന്നൂർ നഗരസഭാ സമിതിയിലേയ്ക്ക് 2012-ൽ നടത്തേണ്ട പൊതുതെരഞ്ഞെടുപ്പിന്റെ മുന്നോടിയായുള്ള വാർഡ് വിഭജനം നടത്തുന്നതിനായി പുതുതായി ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കേണ്ടതുണ്ട്. പ്രസ്തുത കമ്മീഷന്റെ നടത്തിപ്പിനായി 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XII—പോലീസ്**

2055—പോലീസ്

01-04—മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

അപകടകരവും സാഹസികവും സമ്മർദ്ദപൂർണ്ണവുമായ പല സാഹചര്യങ്ങളിലും ജോലിയെടുക്കേണ്ടിവരുന്ന സേനാംഗങ്ങൾ പലവിധ ആരോഗ്യ പ്രശ്നങ്ങളാലും ദുരിതമനുഭവിക്കുന്നുണ്ട്. സേനാംഗങ്ങളുടെ ആരോഗ്യ സുരക്ഷ പരമപ്രധാനമായതിനാൽ 45 വയസ്സിനുമുകളിലുള്ള സേനാംഗങ്ങൾക്ക് വാർഷിക വൈദ്യ പരിശോധന നടത്തുന്നതിനുള്ള പദ്ധതി നടത്തിപ്പിലേയ്ക്കായി 1,15,50,000 രൂപയും നിലവിലുള്ള മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് നൽകുന്നതിനായി 38.01 ലക്ഷം രൂപയും ചേർത്ത് 153.51 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

02—വേതനം

വകുപ്പിലെ പാർട്ട് ടൈം സ്വീപ്പർമാർ, ദിവസ-വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന താൽക്കാലിക ജീവനക്കാർ മുതലായവരുടെ വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, 38 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04—യാത്രാ ചെലവുകൾ

1. യാത്രാബത്ത

2011-12 വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമാണ്. പ്രധാന വിഭാഗമായ ജില്ലാ പോലീസ്, ക്രൈം ബ്രാഞ്ച്, ബറ്റാലിയൻ എന്നിവയ്ക്ക് ആവശ്യപ്പെട്ടതിൽ നിന്നും വളരെ കുറച്ച് തുകയാണ് വകയിരുത്തിയിട്ടുള്ളത്. 2011-ൽ നടന്ന കേരള നിയമസഭയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുവന്ന ചെലവെല്ലാം പോലീസ് സേനയുടെ ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ തീവ്രവാദ പ്രവർത്തനം തടയൽ, സമൂഹശ്രദ്ധ പിടിച്ചുപറ്റുന്ന വൻകുറ്റകൃത്യങ്ങളുടെ അന്വേഷണം മുതലായവയ്ക്കായി സംസ്ഥാനത്തിനകത്തും പുറത്തും നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത കൂടുതൽ ചെലവാകുന്നുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 991.01 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—ഓഫീസ് ചെലവുകൾ

1. വെള്ളക്കരം

വെള്ളക്കരം യഥാസമയം കൊടുക്കാതിരിക്കുന്നത് ജലവിതരണം തടയുന്നതിനും പലിശയും പിഴപ്പലിശയും ഒടുക്കുന്നതുവഴി സർക്കാരിന് നഷ്ടം ഉണ്ടാകുന്നതിന് കാരണമാകുമെന്നതിനാൽ 88.02 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2. <u>വൈദ്യുതചെലവ്</u>

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 195.8 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3. <u>ടെലിഫോൺ ചാർജ്</u>

നടപ്പുവർഷം 15000 മൊബൈൽ ഫോൺ കണക്ഷൻ കൂടി സേനാംഗങ്ങൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്. ബജറ്റ് വിഹിതം ആവശ്യപ്പെട്ടതിൽ കുറവുവരുത്തിയിട്ടുള്ള 293.80 ലക്ഷം രൂപകൂടി അനുവദിക്കുകയാണെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോൺ കണക്ഷൻ നൽകുവാൻ സാധിക്കും. കഴിഞ്ഞവർഷം 590.19 ലക്ഷം രൂപ അനുവദിച്ചതിൽ 337.59 ലക്ഷം രൂപയായിരുന്നു ചെലവ് വന്നത്. CUG പദ്ധതിയിൽ ഉൾപ്പെടുത്തി മൊബൈൽ ഫോൺ കണക്ഷൻ നൽകിയതിനാലാണ് ടെലഫോൺ ചാർജ് ഇനത്തിൽ ചെലവ് കുറയ്ക്കാനായത്. കൂടുതൽ മൊബൈൽ കണക്ഷൻ നൽകുന്നതിലൂടെ ടെലഫോൺ ചാർജ്ജ് കുറയ്ക്കുവാനാകുമെന്നതിനാൽ ഈ ആവശ്യത്തിലേയ്ക്കായി ഈ ശീർഷകത്തിൽ 293.80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4. <u>മറ്റിനങ്ങൾ</u>

ഓഫീസ് സ്റ്റേഷനറി, ഫർണിച്ചർ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ഫാക്സ്, സിറോക്സ് മെഷീൻ എന്നിവയുടെ ഉപയോഗത്തിനുള്ള സാധനങ്ങൾ മുതലായവ വാങ്ങുന്ന ചെലവും വാഹനങ്ങളുടെ ഇൻഷ്വറൻസ് തുകയുടെ ചെലവും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെ ഉപകരണങ്ങൾ വിലയേറിയതാണ്. ഇത് പരിപാലിക്കുന്നതിന് വാർഷിക മെയിന്റനൻസ് കോൺട്രാക്ട് ആവശ്യമാണ്. ആയതിനാൽ 199.28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

12—<u>സ്കോളർഷിപ്പും സ്റ്റൈപന്റും</u>

ആയിരക്കണക്കിന് ഒഴിവുകൾ നികത്തുന്നതിനായി റിക്രൂട്ട്മെന്റ് കഴിഞ്ഞ് ട്രെയിനിംഗ് നടത്തി വരുന്നതിനാൽ ട്രെയിനികൾക്ക് സ്റ്റൈപന്റ് നൽകുന്നതിന് ഈ ശീർഷകത്തിൽ അനുവദിച്ച തുകയ്ക്കുപുറമെ 99.9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി</u>

ജില്ലാ പോലീസ് യൂണിറ്റ്, ബറ്റാലിയനുകൾ എന്നിവയുടെ കീഴിലുള്ള കെട്ടിടങ്ങളും മറ്റും യഥാസമയം അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ഫണ്ടിന്റെ അഭാവത്തിൽ അറ്റകുറ്റപ്പണി വൈകുന്നത് കാരണം കെട്ടിടങ്ങൾ ജീർണ്ണിച്ച് നശിച്ച് സർക്കാരിന് വൻനഷ്ടം ഉണ്ടാക്കുന്നുണ്ട്. വസ്തു വകകൾ ചുറ്റുമതിൽ/വേലിക്കെട്ടി സംരക്ഷിക്കേണ്ടത് അവ അന്യാധീനപ്പെടുന്നത് തടയുന്നതിന് അത്യാവശ്യമാണ്. ആകയാൽ ഇതിലേയ്ക്ക് 87.7 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

19—<u>യന്ത്രോപകരണങ്ങൾ</u>

പോലീസ് സേനയുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ധാരാളം ആധുനിക ഉപകരണങ്ങൾ വാങ്ങുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുടെയും കേഡറ്റുകളുടെയും പരിശീലനത്തിനായി ഏകദേശം 3 കോടി രൂപയുടെ ബുള്ളറ്റുകൾ ആവശ്യമായുണ്ട്. കൂടാതെ ഇന്ത്യാ റിസർവ് ബറ്റാലിയനിലേക്കും ഇതര ബറ്റാലിയനുകളിലെ വളരെ വർഷങ്ങളായുണ്ടായിരുന്ന ആയിരക്കണക്കിന് ഒഴിവുകളിലേക്കും റിക്രൂട്ട്മെന്റ് പൂർത്തിയാക്കി ട്രെയിനിംഗ് നൽകേണ്ടതുള്ളതിനാൽ ആയുധങ്ങൾ, വെടിക്കോപ്പുകൾ മുതലായവയ്ക്ക് വൻതുക ആവശ്യമാണ്. തീവ്രവാദ, വിധ്വംസക പ്രവർത്തനങ്ങൾ ഫലപ്രദമായി തടയുന്നതിന് ഏറ്റവും ആധുനിക ഉപകരണങ്ങൾ സേനയുടെ ഭാഗമാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പോലീസ് ആശുപത്രികളിലെ ഉപകരണങ്ങൾ, ഫോറൻസിക് സയൻസ് ലാബിലേക്കുള്ള ഉപകരണങ്ങൾ രാസ പദാർത്ഥങ്ങൾ കൂടാതെ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയ്ക്കും വിനിയോഗിക്കേണ്ടത് ഈ ശീർഷകത്തിലെ പണമാണ്. ആധുനിക യന്ത്രോപകരണങ്ങൾ സ്വായത്തമാക്കി പോലീസ് സേനയെ പുതിയ വെല്ലുവിളികൾ ഫലപ്രദമായി നേരിടുന്നതിന് സജ്ജമാക്കേണ്ടതുണ്ട്. ആയതിനാൽ ശബരിമലയുടെ സുരക്ഷ ക്രമീകരണങ്ങൾക്കുള്ള ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങുന്നതിന് ഉൾപ്പെടെ 2010.10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21. 1. <u>വാഹനം വാങ്ങൽ</u>

പോലീസ് വകുപ്പിന് വാഹനങ്ങൾ വാങ്ങുന്നതിന് മുൻ വർഷങ്ങളിൽ ബജറ്റിൽ പ്രത്യേകമായി രൂപ വകയിരുത്തിവരുന്നില്ല. എം.ഒ.പി.എഫ്. ഫണ്ടിൽ നിന്ന് ഓപ്പറേഷണൽ ആവശ്യങ്ങൾക്കുള്ള വാഹനങ്ങൾ മാത്രമാണ് വാങ്ങിയിരുന്നത്. പ്രസ്തുത വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾ തുടങ്ങിയ ഫീൽഡിലുള്ള ഓഫീസുകളുടെ ഉപയോഗത്തിനുമാത്രമായി മാറ്റിവയ്ക്കണമെന്ന് നിബന്ധനയുണ്ട്. ഈ സാഹചര്യത്തിൽ ക്രമസമാധാനപാലനത്തിൽ നേരിട്ട് ബന്ധപ്പെടാത്ത പോലീസ് യൂണിറ്റുകൾക്കും ഹെഡ്ക്വാർട്ടർ യൂണിറ്റുകൾക്കും വാഹനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകാതെ വരുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 300 ലക്ഷം രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21. 2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 94.88 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—<u>മറ്റു ചെലവുകൾ</u>

ചെലവുകൾ സംബന്ധിച്ച് വ്യക്തമായ ശീർഷകങ്ങൾ അനുവദിച്ചിട്ടില്ലാത്ത ആവശ്യങ്ങൾക്ക് ഈ ശീർഷകത്തിൽ നിന്നാണ് തുക കണ്ടെത്തുന്നത്. ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 205.46 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

45—<u>പി. ഒ. എൽ.</u>

വർദ്ധിച്ചുവരുന്ന തീവ്രവാദ ഭീഷണിയിൽ ക്രമസമാധാന പ്രശ്നങ്ങളും അതിവിശിഷ്ട വ്യക്തികളുടെ സന്ദർശനവും മറ്റുംമൂലം വാഹനങ്ങളുടെ ഉപയോഗം വൻതോതിൽ വർദ്ധിച്ചുവരികയാണ്. ഇതിനു പുറമേ 2011-ൽ നടന്ന കേരള നിയമസഭയുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാഹനങ്ങൾ ഉപയോഗിച്ചതിന്റെ ചെലവും വന്നിട്ടുണ്ട്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക പര്യാപ്ത മല്ലാത്തതിനാൽ 757.17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>വാഹനങ്ങളുടെ വാടക</u>

ഈ ഇനത്തിൽ ഈ വർഷം നടന്ന നിയമസഭാ ഇലക്ഷനോടനുബന്ധിച്ച് പോലീസ് ബന്തവസ്സ് ആവശ്യത്തിനായി വാഹനങ്ങൾ വാടകയ്ക്കെടുത്തവകയിൽ 100 ലക്ഷത്തോളം രൂപ കുടിശ്ശിക ഉണ്ട്. പ്രസ്തുത കുടിശ്ശിക തീർക്കുന്നതുൾപ്പെടെ ഈ ശീർഷകത്തിൽ 201 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>പോലീസ് ആസ്ഥാന മന്ദിര നിർമ്മാണം</u>

ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പണി മുടങ്ങിക്കിടക്കുന്ന പോലീസ് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-114-98-99—<u>വിവരസാങ്കേതിക വിദ്യ</u>

പോലീസ് ഡിപ്പാർട്ട്മെന്റിലെ കമ്പ്യൂട്ടറുകളുടെയും നെറ്റ് വർക്കുകളുടെയും അറ്റകുറ്റപ്പണികൾക്കും 7000-ത്തിലധികം കമ്പ്യൂട്ടറുകൾ പുതുതായി യൂണിറ്റുകൾക്ക് നൽകാനും വേണ്ടി 104 ലക്ഷം രൂപ 2055-00-114-98-99 ഇൻഫർമേഷൻ ടെക്നോളജി എന്ന ശീർഷകത്തിൽ പുതുതായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-115-99—<u>പോലീസ് സേന നവീകരിക്കുന്നതിന്</u>

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കേന്ദ്രഗവൺമെന്റ് 42,45,68,480 രൂപ പോലീസ് സേനയുടെ നവീകരണത്തിനായി നൽകി. ആനുപാതികമായ സംസ്ഥാന വിഹിതമായ 4,43,48,000 രൂപ നിലവിലുള്ള വിഹിതമായ 9,71,75,000 രൂപയ്ക്ക് പുറമെ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2055-00-800-89—<u>പോലീസ് വകുപ്പിന്റെ നവീകരണം</u>

ജനമൈത്രി പദ്ധതി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 400 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു. ജനമൈത്രി പോലീസ് സംവിധാനം

കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വരുന്ന ഒഴിവുകൾ ഇപ്പോൾ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിനായി 2012 മാർച്ച് 31 വരെ ഉണ്ടാകുന്ന ഒഴിവുകൾ കൂടി കണക്കിലെടുത്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

വളരെക്കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്ന മേഖലയാണ് സൈബർ സെല്ലുകൾ ഇതിന്റെ പ്രവർത്തനം സമിതി വിലയിരുത്തുകയും സൈബർ സെല്ലുകളെ ശക്തി പെടുത്താൻ ആവശ്യമായ പ്രൊപ്പോസലുകൾ നൽകണമെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

സ്റ്റുഡന്റ് പോലീസ് സ്കീം

സ്കൂൾ കുട്ടികൾക്ക് ട്രാഫിക് നിയമത്തിലുള്ള അവബോധം വർദ്ധിപ്പിക്കുന്ന തിനും പ്രായോഗിക പരിശീലനത്തിനും പോലീസിനെ കുറിച്ച് കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കുന്നതിനായി ഉദ്ദേശിച്ച് നടപ്പിലാക്കിവരുന്ന 'സ്റ്റുഡന്റ് പോലീസ് സ്കീം' കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് 2055-109-99-34 അദർ ചാർജ്ജസ് എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ശ്രീപത്മനാഭസ്വാമി ക്ഷേത്ര സുരക്ഷ

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഇപ്പോൾ കണ്ടെടുത്തിട്ടുള്ള സ്വത്ത് ശേഖരം സംരക്ഷിക്കുന്നതിന് ആവശ്യമായ സുരക്ഷ ഏർപ്പെടുത്തേണ്ടതുണ്ട്. ആധുനിക സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള ചെലവു കൾക്കായി 30 കോടി രൂപ പോലീസിനായി അനുവദിച്ചിട്ടുള്ള മേജർ ഹെഡ്ഡിന് കീഴിൽ പ്രത്യേകമായി ശീർഷകം തുറന്ന് അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XIII—ജയിലുകൾ**

2056-00-001—ഭരണവും നടത്തിപ്പും

99—മേൽനോട്ടം

ജയിൽ ആസ്ഥാന കാര്യാലയത്തിലെ ജീവനക്കാർക്ക് ശമ്പളം, ബത്തകൾ, യാത്രാപടി, ടെലഫോൺ, ഇലക്ട്രിസിറ്റി ചാർജുകൾ, വാഹന സംരക്ഷണ ചെലവ് ഇന്ധന ചെലവ്, ചികിത്സ സഹായം എന്നിവയ്ക്ക് ആവശ്യമായ വിഹിതമാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്നത്. ഈ ചെലവുകൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30,00,000 രൂപ അധികമായി അനുവദിക്ക ണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-102-99—ജയിൽ നിർമ്മിത സാധനങ്ങൾ

ജയിൽ നിർമ്മാണശാലകളിൽ നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുന്നതിനും, അസംസ്കൃത സാധനങ്ങൾ സമാഹരിക്കുന്നതിനും മറ്റ് അനാമത്ത് ചെലവുകൾ വഹിക്കുന്നതിനും ഈ ശീർഷകത്തിലെ തുക വിനിയോഗിക്കുന്നു.

കൂടാതെ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് പലതരം ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും, തദ്വാര തടവുകാർക്ക് വിവിധതരം തൊഴിലുകളിൽ പരിശീലനം നൽകുന്നതിനും സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഈ തുക ഉപയോഗിക്കുന്നുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 30,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-101-99—ജയിലുകൾ

ജയിൽ ഉദ്യോഗസ്ഥരുടെ ശമ്പളം, ബത്തകൾ, തടവുകാരുടെ ഭക്ഷണം, ചികിത്സാ ചെലവ്, വേതനം, ഡാറ്റാ, വാഹന സംരക്ഷണ ചെലവ്, ഇന്ധന ചെലവ്, ജയിലുകളിലെ വെള്ളം, വൈദ്യുതി, ടെലിഫോൺ ചാർജ്ജ് എന്നിവയാണ് ഈ ശീർഷകത്തിൽ നിന്നും വഹിക്കുന്ന ചെലവുകൾ, ജയിൽ വകുപ്പിന്റെ മൊത്തത്തിലുള്ള ഭരണ നിർവ്വഹണത്തിനും തടവുകാരുടെ സംരക്ഷണത്തിനുംവേണ്ടി നീക്കി വച്ചിരിക്കുന്ന ഈ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, ഈ ശീർഷകത്തിൽ 4,00,00,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. വിചാരണ തടവുകാരായി മാസങ്ങളോളം ജയിലിൽ കഴിയുന്നവരെ വിടുതൽ ചെയ്യാൻ പോലീസ് വകുപ്പും ജയിൽവകുപ്പും കൂടിയുള്ള ഒരു കോ-ഓർഡിനേഷൻ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ജാമ്യത്തിലെടുക്കാൻ ആളില്ലാതെയും പണമടയ്ക്കാൻ നിവൃത്തിയില്ലാതെയുമുള്ള കാരണത്താൽ ജയിലിൽ കഴിയുന്നവരെ പുറത്തിറക്കാൻ സ്റ്റേറ്റ് ഫണ്ട് പോലുള്ള സംവിധാനമുണ്ടാക്കിയാൽ ജയിലിന്റെ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് കുറയ്ക്കാനും കുറച്ചു ആളുകളെ എങ്കിലും പുറത്തിറക്കാൻ സാധിക്കുമെന്നും ബന്ധപ്പെട്ട സെക്രട്ടറി സമിതിയെ അറിയിച്ചു. വിചാരണതടവുകാരായി ഇപ്പോൾ ജയിലിൽ കഴിയുന്ന എത്രപേരെ പുറത്തുവിടാൻ സാധിക്കും, അവർക്ക് എത്ര രൂപയുടെ ഫണ്ടാണ് ആവശ്യം എന്നിവ സംബന്ധിച്ച് ഒരു കണക്കെടുപ്പ് നടത്തണമെന്ന് സമിതി ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകി.

2056-00-001-98—ജയിലുകൾ നവീകരിക്കുന്നതിന്

ജയിൽ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമാണ് ഈ ശീർഷകത്തിൽ നിന്നും ചെലവ് വഹിക്കുന്നത്. ചീമേനി, നെട്ടുകാൽത്തേരി ജയിലുകളുടെ വികസനം, സുരക്ഷയ്ക്കായി മെറ്റൽ ഡിറ്റക്ടർ, വാക്കിടോക്കി, ഡിജിറ്റൽ ക്യാമറ എന്നിവ സ്ഥാപിക്കൽ, ജനറേറ്റർ സ്ഥാപിക്കുക, SICA-ൽ കംപ്യൂട്ടർ ലാബ് സ്ഥാപിക്കൽ ജയിലുകളുടെ കമ്പ്യൂട്ടർവൽക്കരണം തുടങ്ങി നിരവധി വികസന പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആകയാൽ, ഈ ശീർഷകത്തിൽ 12,83,83,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2056-00-800-98—ദക്ഷിണ മേഖലയിൽ ജയിൽ ഉദ്യോഗസ്ഥൻമാർക്കുള്ള വിദ്യാലയം -അംശദാനം

ജയിൽ ഉദ്യോഗസ്ഥർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിന് തമിഴ്നാട് വെല്ലൂരിലെ ട്രെയിനിംഗ് സ്കൂളിന് വേണ്ടിവരുന്ന ചെലവ് 4 ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തുല്യമായി വീതിച്ചു നൽകുന്നു. അതിന്റെ ഭാഗമായുള്ള സംസ്ഥാന വിഹിതവും മറ്റു ചെലവുകളും ഈ ശീർഷകത്തിൽ നിന്നുമാണ് വഹിക്കുന്നത്. ഈ ആവശ്യങ്ങൾക്കായി അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 20,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XXV**

2225-03-800-94—മൾട്ടി സെക്റ്ററൽ ഡെവലപ്മെന്റ് ഫോർ മൈനോറിട്ടീസ്

മതന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ദേശീയ ശരാശരിയിലേയ്ക്ക് ഉയർത്തികൊണ്ടുവരുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് മൾട്ടി സെക്റ്ററൽ ഡെവലപ്മെന്റ് പ്ലാൻ (എം.എസ്.ഡി.പി.). പതിനൊന്നാം പദ്ധതി കാലത്ത് രാജ്യത്തെ 90 ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ നിന്ന് വയനാട് ജില്ലയാണ് പദ്ധതിയിൽ ഉൾപ്പെടുന്നത്. കേന്ദ്ര സഹായമായി 1500 ലക്ഷം രൂപയാണ് ജില്ലയ്ക്ക് ലഭിക്കുക. ഇതിൽ 10% തുക ഭരണചെലവുകൾക്കുള്ളതാണ്. ഈ പദ്ധതി പ്രകാരം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച താഴെപ്പറയുന്ന പ്രോജക്ടുകളുടെയെല്ലാം നിർവ്വഹണ കാലാവധി 31-3-2012-ൽ അവസാനിക്കുകയാണ്. ഓരോ പ്രോജക്ടിനും കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഒന്നാം ഗഡു തുക സംസ്ഥാന വിഹിതം ചേർത്ത് നിർവ്വഹണ ഏജൻസികൾക്ക് അനുവദിച്ച് 60% എങ്കിലും വിനിയോഗിച്ചശേഷം മാത്രമേ അന്തിമ ഗഡുവിനായി കേന്ദ്രത്തെ സമീപിക്കാനാവൂ.

2225-03-800-91—സ്കൂൾ ക്ലാസ് മുറികളുടെ നിർമ്മാണവും ലാബ് സൗകര്യങ്ങളും

65:35 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ധനസഹായമുള്ള ഈ പ്രോജക്ടിന് ഒന്നാം ഗഡു കേന്ദ്ര ധനസഹായമായി 113.74 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ഒന്നാം ഗഡു ധനസഹായത്തിന്റെ സംസ്ഥാന വിഹിതം 61.25 ലക്ഷം രൂപയാണ്. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ 174.99 ലക്ഷം രൂപ വയനാട് ജില്ലാ കളക്ടർക്ക് ഒന്നാം ഗഡു ധനസഹായമായി അനുവദിച്ചു നൽകേണ്ടതുണ്ട്. ആയതിനാൽ, ഇതിലേയ്ക്കായി 1,74,98,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-800-89—മേപ്പാടി പോളിടെക്നിക് ലാബ് നവീകരണം

100% കേന്ദ്രസഹായമുള്ളതാണ് ഈ പ്രോജക്ട്. 2011-2012 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. കേന്ദ്ര ധനസഹായം 1-ാം ഗഡുവായി 37.50 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത് ഈ തുക നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച് നൽകേണ്ടതുണ്ട്. ആയതിനാൽ ഈ പ്രോജക്ടിനായി 37,49,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-003-800-90

1. പാടിച്ചിറ കുടിവെള്ള പദ്ധതി
2. നടവയൽ വില്ലേജ് കുടിവെള്ള പദ്ധതി
3. പടിഞ്ഞാറെത്തറ കപ്പാടി വില്ലേജ് കുടിവെള്ള പദ്ധതി

ഈ കുടിവെള്ള പദ്ധതികൾ 75:25 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സഹായമുള്ള പദ്ധതികളാണ്. ഈ മൂന്നു വില്ലേജുകളിലെ കുടിവെള്ള പദ്ധതികൾക്കായി 1000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ അനുവദിച്ചിട്ടുള്ളൂ. കേന്ദ്രഗവൺമെന്റ് ഈ പദ്ധതികൾക്ക് അനുവദിച്ച ഒന്നാം ഗഡുവിനോടൊപ്പം സംസ്ഥാന വിഹിതം അനുവദിക്കേണ്ട ആവശ്യത്തിലേയ്ക്കായി 6,89,99,000 രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-800-88—ഐ.ടി. എനേബിൾഡ് ഡെഡിക്കേറ്റഡ് സെൽ

എം.എസ്.ഡി.പി. പ്രോജക്ടുകളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നതിന് സംസ്ഥാന തലത്തിലും വയനാട് ജില്ലാ കേന്ദ്രത്തിലും ഐ.ടി. എനേബിൾഡ് ഡെഡിക്കേറ്റഡ് സെല്ലുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 10,37,800 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2225-03-800-93—ജസ്റ്റിസ് സച്ചാർ കമ്മിറ്റി ശുപാർശ റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നതിനുള്ള കമ്മിറ്റി

02—വേതനം

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക വകുപ്പിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് തികയാത്തതിനാൽ 1,00,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-2—വൈദ്യുത ചെലവ്

വൈദ്യുത ചെലവിനായി ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—3—ടെലിഫോൺ ചാർജ്ജ്

ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക തികച്ചും അപര്യാപ്തമായതിനാൽ 1,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—വാടക, കരം, നികുതി

ഈ ശീർഷകത്തിൽ 2,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

17—മൈനർ വർക്സ്

ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 11,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—മറ്റ് ചെലവുകൾ

ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്ത മായതിനാൽ 5,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

അനുബന്ധം 3

## 2011 ആഗസ്റ്റ് 16-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റി 2011 ആഗസ്റ്റ് മാസം 16-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V.D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതി അംഗമായ ശ്രീ. രമേശ് ചെന്നിത്തല എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രത്യേക ക്ഷണിതാവായ റവന്യൂ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. ബെന്നി ബെഹനാൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൻ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ജയകുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
3. ശ്രീ. നെറ്റോ ഡെസ്മണ്ട്, ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
4. ശ്രീ. എൻ. ശങ്കർ റെഡ്ഡി, എ.ഡി.ജി.പി., വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
5. ശ്രീ. പി. രാധാകൃഷ്ണൻ, മാനേജർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ
6. ശ്രീ. എസ്. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
7. ശ്രീ. സി. വി. ജയകുമാർ, അഡീഷണൽ രജിസ്ട്രാർ, കേരള ലോകായുക്ത

9-8-2011-ൽ ചേർന്ന സമിതി യോഗത്തിൽ പരിഗണിക്കാതെ മാറ്റിവച്ച ധനാഭ്യർത്ഥന XIV-ൽ ഉൾപ്പെട്ട 2070-00-003-98-ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനുള്ള വരിസംഖ്യ, വിജിലൻസ് വകുപ്പുമായി ബന്ധപ്പെട്ട 2070-00-104-വിജിലൻസ്, 2070-00-105- സ്പെഷ്യൽ എൻക്വയറി കമ്മീഷനുകൾ എന്നിവയിലെ കണക്കിനങ്ങൾ സമിതി പരിശോധിക്കുകയും ഹാജരായ

ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരാഞ്ഞശേഷം താഴെപ്പറയുന്ന ശുപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷനുള്ള വരിസംഖ്യ

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 20,000 രൂപ വീതം ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. 2010-11-ൽ 10,000 രൂപ മാത്രമേ ചെലവായിട്ടുള്ളൂ എന്നും അധീഷണലായി പണത്തിന്റെ ആവശ്യമില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

2070-00-104-99—വിജിലൻസ്

17—ചെറുകിട മരാമത്ത് പണികൾ

2011-12 സാമ്പത്തിക വർഷത്തിൽ 17 ചെറുകിട മരാമത്തുപണികൾ എന്ന ഹെഡിൽ അനുവദിച്ചിട്ടുള്ള തുക 10,000 രൂപയാണ്. ഇത് തികച്ചും അപര്യാപ്തമാണ്. ഡയറക്ടറേറ്റ് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് 5,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—പി.ഒ.എൽ

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ 25 മോട്ടോർ സൈക്കിളുകൾ ഉൾപ്പെടെ 173 വാഹനങ്ങൾ ഉണ്ട്. ഡീസൽ വാഹനങ്ങൾക്ക് ശരാശരി 250 ലിറ്റർ ഇന്ധനവും പെട്രോൾ വാഹനങ്ങൾക്ക് ശരാശരി 200 ലിറ്റർ ഇന്ധനവും പ്രതിമാസം ചെലവാകുന്നുണ്ട്. വർദ്ധിച്ചുവരുന്ന ഇന്ധനവിലയും ഡിപ്പാർട്ട്മെന്റിൽ പുതുതായി അനുവദിച്ച വാഹനങ്ങളുടെ ആവശ്യത്തിനായി വരുന്ന ഇന്ധനചെലവും കണക്കിലെടുത്ത് ഈ ഇനത്തിൽ 10,00,000 രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01-3—വീട്ടുവാടക അലവൻസ്

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ച 84,00,000 രൂപ തികച്ചും അപര്യാപ്തമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ചിലവ് ഇപ്പോഴത്തെ ബഡ്ജറ്റ് വിഹിതത്തേക്കാൾ കൂടുതലാണ്. കൂടാതെ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി വീട്ടുവാടക അലവൻസ് വർദ്ധിപ്പിച്ചതിനാലും 2011-12 വർഷത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

01—5—മറ്റ് അലവൻസുകൾ

ശമ്പള പരിഷ്ക്കരണത്തിന്റെ ഭാഗമായി മറ്റ് അലവൻസുകൾ 10 മുതൽ 50 ശതമാനം വരെ വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ നടപ്പു വർഷത്തേയ്ക്ക് 50,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—1—വെള്ളക്കരം

കഴിഞ്ഞ വർഷം ഉത്ഘാടനം ചെയ്ത എറണാകുളം വിജിലൻസ് ഓഫീസ് കെട്ടിടത്തിനും പുതിയതായി അനുവദിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് രണ്ടിനും വെള്ളക്കരം ഈ വർഷം കൊടുക്കാനുള്ളതിനാൽ 30,000 രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—4—<u>മറ്റിനങ്ങൾ</u>

ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന 30,00,000 രൂപ തികച്ചും അപര്യാപ്തമായതിനാലും വിജിലൻസ് വകുപ്പിലെ വാഹനങ്ങളുടെ ഇൻഷ്വറൻസിനും, ഓഫീസ് ഉപകരണങ്ങൾ വാങ്ങുന്നതിനും, അധിക തുക ആവശ്യമായി വരുന്നതിനാലും, ഈ ആവശ്യങ്ങൾക്കായി 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—<u>വാടക, കരം, നികുതി</u>

വാടക, കരം, നികുതി ഇനങ്ങളിൽ 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള വിഹിതമായ 20,00,000 രൂപ തികച്ചും അപര്യാപ്തമാണ്. സ്പെഷ്യൽ സെൽ എറണാകുളം, മദ്ധ്യമേഖല ഓഫീസ് എറണാകുളം എന്നിവ സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറിയെങ്കിലും കുടിശ്ശിക ഇനത്തിൽ 12,00,000 രൂപ നൽകാനുണ്ട്. ആയതിനാൽ, പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിനും കൂടിയായി 2011-12 വർഷത്തിൽ 20,00,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-88—<u>സ്പെഷ്യൽ ജഡ്ജി കൂടിയായ എൻക്വയറി കമ്മീഷണർ, തിരുവനന്തപുരം</u>

05—<u>ആഫീസ് ചെലവുകൾ</u>

സാക്ഷിപ്പടി ഇനത്തിൽ നല്ലൊരു തുക കൊടുക്കാനുള്ളതിനാലും, ഈ ഓഫീസ് വഞ്ചിയൂരിലുള്ള കോടതി സമുച്ചയത്തിലേയ്ക്ക് മാറുന്നതിലേക്കുള്ള ചെലവുകൾ പ്രതീക്ഷിക്കുന്നതിനാലും, വെള്ളക്കരം, വൈദ്യുത ചാർജ്ജ് എന്നീ ഇനങ്ങളിൽ ചെലവുകൾ കൂടിയതിനാലും ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാലും, ഈ ശീർഷകത്തിൽ 14,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99—<u>വിവരസാങ്കേതിക വിദ്യ</u>

സ്പാർക്ക് പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനായി കൂടുതൽ കാര്യക്ഷമതയുള്ള കമ്പ്യൂട്ടർ ഹാർഡ് വെയറുകൾ വാങ്ങുന്നതിനും നിലവിലുള്ള കമ്പ്യൂട്ടറുകൾക്ക് വാർഷിക സംരക്ഷണ കരാർ ഏർപ്പെടുത്തുന്നതിനുമായി പ്രസ്തുത ഇനത്തിൽ 50,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-37—<u>എൻക്വയറി കമ്മീഷൻ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോട്ടയം</u>

05-1—<u>ഓഫീസ് ചെലവുകൾ- വെള്ളക്കരം</u>

വെള്ളക്കരം ഇനത്തിൽ 2011-12 സാമ്പത്തിക വർഷത്തേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ, വെള്ളക്കരം അടയ്ക്കുന്നതിനായി 15,000 രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

04-2—<u>സ്ഥലംമാറ്റ ബത്ത</u>

സ്ഥലംമാറ്റ ബത്തയിനത്തിൽ വെറും 6000 രൂപ മാത്രമാണ് നടപ്പു വർഷത്തേയ്ക്ക് വകയിരുത്തിയിരിക്കുന്നത്. ഈ തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ, 69,000 രൂപ കൂടി ഈ ഇനത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-73—<u>എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്</u>

04-2—<u>സ്ഥലംമാറ്റ ബത്ത</u>

ജുഡീഷ്യൽ ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള ട്രാൻസ്ഫർ ഗ്രാന്റിനത്തിൽ 65,000 രൂപ ഇതിനകം തന്നെ അധികമായി വന്നിട്ടുണ്ട്. ഈ വർഷം 70,000 രൂപ അധികമായി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ, ഈ ശീർഷകത്തിൽ 1,35,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

06—<u>വാടക, കരം, നികുതി</u>

ഈ ഓഫീസ് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിട ഉടമസ്ഥൻ വാടക പുതുക്കാൻ ആവശ്യപ്പെട്ട് നൽകിയ അപേക്ഷ സർക്കാരിന്റെ പരിഗണനയിലായതിനാലും 2008 ജൂൺ മുതൽ കുടിശ്ശിക നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 1,00,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

99—<u>വിവരസാങ്കേതിക വിദ്യ</u>

രണ്ടു കമ്പ്യൂട്ടറുകളും ഒറ്റ പ്രിന്ററും വാങ്ങാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ഇതിനായി 73,400 രൂപയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ, ഈ ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-99—<u>വിജിലൻസ് ട്രിബ്യൂണൽ, തിരുവനന്തപുരം</u>

05-(4)—<u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ</u>

ഇതിനകം തന്നെ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഓഫീസാണിത്. ശമ്പള ബില്ലുകൾ സ്പാർക്ക് മുഖാന്തിരം ആണ് മാറിവരുന്നത്. അതിന് പ്രയോജനമാകുന്ന തരത്തിൽ കമ്പ്യൂട്ടർ സംവിധാനം സർക്കാർ നിർദ്ദേശപ്രകാരം കെൽട്രോണിന്റെ സഹായത്തോടെ (അപ്ഗ്രഡേഷൻ ഓഫ് കമ്പ്യൂട്ടർ സിസ്റ്റം) പുനഃക്രമീകരിക്കപ്പെട്ടു കഴിഞ്ഞു. കമ്പ്യൂട്ടറിന്റെ പ്രിന്റർ ഉപയോഗിച്ച് എടുക്കുന്ന രേഖകളുടെ ആവശ്യമായ പുനഃപതിപ്പുകൾ എടുക്കുന്നതിലേയ്ക്കായി ഒരു ഫോട്ടോ കോപ്പിയിംഗ് മെഷീൻ അത്യാവശ്യമായി വരുന്നു. ആയതിലേയ്ക്കാവശ്യമായ തുക അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കമ്പ്യൂട്ടറിന്റെ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്

നിലവിൽ ഈ ഓഫീസിൽ ഉപയോഗത്തിലിരിക്കുന്ന കമ്പ്യൂട്ടറിന്റെ പ്രതിവാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കരാർ ആർക്കും നൽകിയിട്ടില്ലാത്തതാകുന്നു. ആയതിനാൽ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് നൽകുന്നതിനാവശ്യമായ നടപടിയും അനുമതിയും സർക്കാരിൽ നിന്നും ലഭ്യമാക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2070-00-105-55—കേരള ലോകായുക്ത, 1998

01-(4)—മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ഈ ഹെഡിൽ 5,00,000 ബജറ്റ് നിർദ്ദേശം വച്ചെങ്കിലും 1,56,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. ബഹു. ലോകായുക്ത, ഉപലോകായുക്ത എന്നിവർക്ക് മന്ത്രിമാർ, സ്പീക്കർ, പ്രതിപക്ഷ നേതാവ് തുടങ്ങിയവരുടെ അതേ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. അതോടൊപ്പം ഉദ്യോഗസ്ഥരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ക്ലെയിമുകളും കൂടുതലായി വരുന്നുണ്ട്. ആയതിനാൽ, 2 ലക്ഷം രൂപ കൂടി ഇതിലേയ്ക്കായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05-4—മറ്റിനങ്ങൾ

ലോകായുക്ത, ഉപലോകായുക്തമാരുടെ ഒഫിഷ്യൽ റസിഡൻസ് ഫർണീഷിംഗ്, റസിഡൻഷ്യൽ ഓഫീസ് ഫർണീഷിംഗ്, കമ്പ്യൂട്ടർ, ഫാക്സ്, ഫോട്ടോകോപ്പിയർ തുടങ്ങിയവയുടെ വാർഷിക മെയിന്റനൻസിനാവശ്യമായ തുക, ഓഫീസ് വാഹനങ്ങളുടെ ഇൻഷ്വറൻസ് എന്നിവയ്ക്ക് ആവശ്യമായ തുക ഈ ഹെഡ്ഡിൽ നിന്നും കണ്ടെത്തേണ്ടതായിട്ടുണ്ട്. ഓഫീസ് ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്ന 5 വാഹനങ്ങളുടെ കോംപ്രിഹെൻസീവ് ഇൻഷ്വറൻസ് ഇനത്തിൽ ഒരു വലിയ തുക ഈ വർഷത്തിൽത്തന്നെ ഇനിയും അടയ്ക്കേണ്ടതായിട്ടുണ്ട്. കമ്പ്യൂട്ടറൈസേഷൻ നിലവിൽ വന്നിട്ട് 5 വർഷം കഴിഞ്ഞതിനാൽ ഓരോ വർഷവും ഏകദേശം 1,50,000 രൂപ ഇതിലേയ്ക്കായി ചെലവ് വരുന്നു. ഈ സാഹചര്യത്തിൽ 2011-12 വർഷത്തിൽ ഏകദേശം 7 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

21-2 —മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ലോകായുക്ത ഓഫീസിൽ നിലവിൽ 8 വാഹനങ്ങൾ ഉപയോഗത്തിലുണ്ട്. വാഹനങ്ങളിൽ പലതും പഴക്കം ചെന്നതിനാൽ നിരന്തരമായ റിപ്പയറിംഗും സർവ്വീസിംഗും ആവശ്യമായി വരുന്നു. ഈ ഇനത്തിന് അനുവദിച്ച 1,48,000 രൂപയിൽ ഏകദേശം 67,000 രൂപ മാത്രമേ നിലവിൽ ബാക്കിയുള്ളൂ. ആയതിനാൽ, ഈ ഇനത്തിൽ 3,50,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

34—<u>മറ്റ് ചെലവുകൾ</u>

ഹൈക്കോടതിയിൽ ലോകായുക്തയ്ക്കുവേണ്ടി ഒരു സ്റ്റാന്റിംഗ് കൗൺസിലിനെ നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ആയതിനാൽ 83,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

45—<u>പി.ഓ.എൽ</u>

ലോകായുക്ത ഓഫീസിൽ നിന്നും കണ്ണൂർ, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലേയ്ക്ക് എല്ലാ മാസവും ക്യാമ്പ് സിറ്റിംഗ് ആവശ്യമായി വരുന്നു ഇന്ധനവിലയിൽ നിരന്തരമായി വർദ്ധനവ് വരുന്ന ഈ സാഹചര്യത്തിൽ ലോകായുക്ത, ഉപലോകായുക്തമാരുടെ വാഹനങ്ങളുടെ ഇന്ധനചെലവ് കൂടുതലായി വരുന്നതിനാൽ ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

05—<u>ഓഫീസ് ചെലവുകൾ</u>

2—<u>വൈദ്യുതി ചെലവ്</u>

വൈദ്യുതി ചാർജ്ജിനത്തിൽ 7,00,000 രൂപ ബഡ്ജറ്റ് നിർദ്ദേശം വച്ചിരുന്നു. എന്നാൽ 2,42,000 മാത്രമേ അനുവദിച്ചിട്ടുള്ളൂ. ലോകായുക്ത ഓഫീസ്, ഒഫിഷ്യൽ റസിഡൻസ് ഓഫ് ലോകായുക്ത, ഉപലോകായുക്ത, ഇൻവെസ്റ്റിഗേഷൻ ഏജൻസി, ഓഫീസ് ഓഫ് സ്പെഷ്യൽ അറ്റോർണി എന്നിവിടങ്ങളിലെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഏകദേശം 40,000 രൂപ പ്രതിമാസ ചെലവ് വരുന്നു. കൂടാതെ ഈ വർഷം രണ്ട് കോർട്ട് ഹാളും എയർകണ്ടീഷനിംഗ് ചെയ്തിട്ടുണ്ട്. ആയതിനാൽ, ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അനുവദിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.20 ന് പിരിഞ്ഞു.

അനുബന്ധം 4

## 2011 ആഗസ്റ്റ് 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റി 2011 ആഗസ്റ്റ് മാസം 19-ാം തീയതി വെള്ളിയാഴ്ച, രാവിലെ 11.15 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു.

1. ശ്രീ. ടി. എ. അഹമ്മദ് കബീർ.
2. ശ്രീ. സി. ദിവാകരൻ .
3. ശ്രീ. പി. സി. ജോർജ് .
4. ശ്രീ. മാത്യു റ്റി. തോമസ്.
5. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
6. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

കൂടാതെ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ 2011 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതി രാവിലെ 11.35-ന് യോഗം പിരിഞ്ഞു.

## അനുബന്ധം 5

## 2011 ഒക്ടോബർ 19-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2011 ഒക്ടോബർ മാസം 19-ാം തീയതി ബുധനാഴ്ച വൈകുന്നേരം 4.15 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ ബഹു. മുഖ്യമന്ത്രിയും സമിതി ചെയർമാനുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
2. ശ്രീ. ബെന്നി ബെഹനാൻ
3. ശ്രീ. സി. ദിവാകരൻ
4. ശ്രീ. പി. സി. ജോർജ്
5. ശ്രീ. മാത്യു. റ്റി. തോമസ്
6. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
7. ശ്രീ. രമേശ് ചെന്നിത്തല
8. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി. നളിനിനെറ്റോ, പ്രിൻസിപ്പൽ സെക്രട്ടറി/ചീഫ് ഇലക്ടറൽ ഓഫീസർ, ഇലക്ഷൻ ഡിപ്പാർട്ട്മെന്റ്
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണവകുപ്പ്
3. ശ്രീ. ടി. കെ. മനോജ്കുമാർ, സെക്രട്ടറി, നോർക്ക വകുപ്പ്.
4. ശ്രീ. ടി. ജെ. മാത്യു, സെക്രട്ടറി, P&ARD.
5. ശ്രീ. ജേക്കബ് പുന്നൂസ്, ഡി.ജി.പി., കേരള
6. ശ്രീ. വേണുഗോപാൽ നായർ, ADGP(A)

7. ശ്രീ. എ. ഹേമചന്ദ്രൻ, ADGP ഇന്റലിജൻസ്.

8. ശ്രീ. കെ. ജി. ശിവദാസൻ, ചീഫ് കെമിക്കൽ എക്സാമിനർ.

9. ശ്രീമതി ജെ. ജയ, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

10. ശ്രീമതി എസ്. കുമാരി സുധ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

11. ശ്രീ. എ. ധർവേഷ് സാഹിബ്, ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്. (Police Headquarters)

12. ശ്രീ. എൻ. ശങ്കർറെഡ്ഡി, എ.ഡിജി.പി., വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ.

2010-2011 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X (2008-2011)-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് താഴെപ്പറയുന്ന വകുപ്പുകളിൽനിന്നും ലഭിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതി പരിഗണിച്ച റിപ്പോർട്ടിലെ ശുപാർശയുടെ ഖണ്ഡിക നമ്പറും അതിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും നടപടി സ്റ്റേറ്റ്മെന്റ് ലഭിച്ച കത്തിന്റെ നമ്പറും ചുവടെ ചേർക്കുന്നു.

(ഫയൽ നമ്പർ 15021/സബ്.സി.ഡി.2/10/ലെജി.)

വിജിലൻസ് വകുപ്പ്

ഖണ്ഡിക നമ്പർ-39, 40, 41, 42

കത്ത് നമ്പർ 8221/സി3/10/വിജി. തീയതി, 3-11-2010

ആഭ്യന്തര വകുപ്പ്

ഖണ്ഡിക നമ്പർ-17,18

കത്ത് നമ്പർ 62836/സി3/11/ആഭ്യന്തരം. തീയതി, 31-3-2011

ഖണ്ഡിക നമ്പർ-26, 27, 28, 29, 30, 31, 60

കത്ത് നമ്പർ 62921/ഇ4/10/ആഭ്യ. തീയതി, 4-5-2011

പൊതുഭരണ വകുപ്പ്

ഖണ്ഡിക നമ്പർ - 1, 2, 3, 4, 5

കത്ത് നമ്പർ 57805/സ്പെ.ഇ1/10/പൊ.ഭ.വ, തീയതി, 12-10-2010

നിയമ വകുപ്പ്

ഖണ്ഡിക നമ്പർ - 8,9,10,11,15,16

കത്ത് നമ്പർ 15482/പാർല./2010/നിയമം തീയതി, 26-10-2010

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

ഖണ്ഡിക നമ്പർ-38

കത്ത് നമ്പർ 12044/എ. ആർ. 13(1)/10/ഉ.ഭ.പ.വ. തീയതി, 6-12-2010

ഖണ്ഡിക നമ്പർ-43, 44, 45

കത്ത് നമ്പർ 3942/ഔ.ഭ/2010 തീയതി, 29-9-2010

## തദ്ദേശ സ്വയംഭരണ വകുപ്പ്

ഖണ്ഡിക നമ്പർ-19, 20, 21, 25

കത്ത് നമ്പർ 51465/ഇ.എം.2/2010/തസ്വഭവ. തീയതി, 26-3-2011

## റവന്യൂ വകുപ്പ്

ഖണ്ഡിക നമ്പർ-14

കത്ത് നമ്പർ 58132/പി.ആർ.എഫ്1/2010/റവ. തീയതി, 7-12-2010

## പാർലമെന്ററികാര്യ വകുപ്പ്

ഖണ്ഡിക നമ്പർ-6, 7

കത്ത് നമ്പർ 243/എ2/2010/പി.എ.ഡി. തീയതി, 15-7-2011

## ഇലക്ഷൻ ഡിപ്പാർട്ട്മെന്റ്.

ഖണ്ഡിക നമ്പർ-22, 23, 24

കത്ത് നമ്പർ 758/ഇ.എ.1/11/ഇലക്. തീയതി, 18-5-2011

## നോർക്ക വകുപ്പ്

ഖണ്ഡിക നമ്പർ-70

കത്ത് നമ്പർ 1170/ബി3/നോർക്ക തീയതി, 13-6-2011

തുടർന്ന് സമിതി മേൽ വിവരിച്ച സ്റ്റേറ്റ്മെന്റുകളും റിപ്പോർട്ടിലെ മറുപടി ലഭിക്കുവാനുള്ള ശുപാർശകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള 2010-2011-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമതു റിപ്പോർട്ടിലെ ശുപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.35-ന് പിരിഞ്ഞു.

## അനുബന്ധം 6

## 2012 ജനുവരി 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ ഒരു യോഗം 2012 ജനുവരി മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. മുഖ്യമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
2. ശ്രീ. ബെന്നി ബെഹനാൻ
3. ശ്രീ. പി. സി. ജോർജ്
4. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
5. ശ്രീ. കെ. സുരേഷ് കുറുപ്പ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. വിൽസൺ വി. ജോൺ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. റ്റി. മനോഹരൻ നായർ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ :

1. ശ്രീ. കെ. ജയകുമാർ, അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
2. ശ്രീ. സി. പി. രാമരാജപ്രേമ പ്രസാദ്, സെക്രട്ടറി, നിയമ വകുപ്പ്
3. ഡോ. അലക്സാണ്ടർ ജേക്കബ്, ഐ.പി.എസ്, എ.ഡി.ജി.പി, ജയിൽ
4. ശ്രീ. എസ്. പുലികേശി, സി.ജി (ഫയർ & റെസ്ക്യൂ)
5. ശ്രീ. ശിവാനന്ദൻ, ഡയറക്ടർ, ഫയർ & റെസ്ക്യൂ സർവ്വീസസ്
6. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
7. ശ്രീ. എൻ. പുഷ്ക്കരൻ, ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
8. ശ്രീ. എച്ച്. ഗോപകുമാർ, ഡി.ഐ.ജി, (പ്രിസൺസ്)
9. ശ്രീ. കെ. എ. കുമാരൻ, ചീഫ് വെൽഫയർ ഓഫീസർ (പ്രിസൺസ്)
10. ശ്രീ. സുരേഷ് എ. ജി, ഡെപ്യൂട്ടി സൂപ്രണ്ട്, ഓപ്പൺ പ്രിസൺ.

സമിതി, 2011-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ, 2011-ലെ കേരള അഗ്നിശമന രക്ഷാ സേവന ചട്ടങ്ങൾ എന്നീ കരട് ചട്ടങ്ങൾ പരിഗണിച്ചു.

2011-ലെ കേരള പ്രിസണുകളും, സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതി പ്രസ്തുത കരട് ചട്ടങ്ങൾ നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്നത് മനസ്സിലാക്കുകയും ബന്ധപ്പെട്ട ആക്ട് മലയാളത്തിൽ ആയതിനാൽ ഇതു സംബന്ധിച്ച കരട് ചട്ടങ്ങളും മലയാളത്തിൽ തയ്യാറാക്കി ആയത് നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയശേഷം സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

തുടർന്ന് സമിതി 2011-ലെ കേരള അഗ്നിശമന രക്ഷാസേവന ചട്ടങ്ങളുടെ കരട് പരിഗണിച്ചു. ഫയർഫോഴ്സും ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റികളും തമ്മിൽ യോജിച്ചു പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടിയ സമിതി ഇതിനായി നിലവിലെ നിയമങ്ങളിൽ കാലോചിതമായിട്ടുള്ള പരിഷ്ക്കാരങ്ങൾ കൂടി ഉൾപ്പെടുത്തി ഭേദഗതി കൊണ്ടുവരേണ്ടതുണ്ടെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

ഹൈറൈസ് ബിൽഡിംഗ്സിലെ നിലവിലുള്ള അഗ്നിശമന സംവിധാനങ്ങളുടെ പോരായ്മയെക്കുറിച്ചും രക്ഷാ സംവിധാനങ്ങൾ നിർബന്ധമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ദുരന്ത രക്ഷാ പ്രവർത്തനങ്ങൾക്കായി അഗ്നിശമന സേനയെ സജ്ജമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും സമിതി ചർച്ച ചെയ്തു.

തുടർന്ന്, 2011-ലെ കേരള അഗ്നിശമന രക്ഷാ സേവന ചട്ടങ്ങളുടെ കരട് താഴെ കാണിച്ചിരിക്കുന്ന ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

In the preamble of the notification after the figure "1962", the word, figures and brackets " (20 of 1962)" shall be inserted.

*Rule 1*

In sub rule (1), for the word "ordered" the word "called" shall be substituted and for the figure "2010" the figure "2012" shall be substituted.

*Rule 2*

In rule,—

(i) clause (iv) 2 (1),—shall be deleted and the subsequent items shall be renumbered up to item (vii) ;

(ii) in clause (iv) as so renumbered, in the last line, the word "designated" shall be omitted ;

(iii) a new clause (viii) shall be inserted as follows,—

"Local Self Government Institution" means a village Panchayat constituted under section 4 of the Kerala Panchayat Raj Act, 1994 (13 0f 1994) or a Municipality constituted under section 4 of the Kerala Municipality Act, 1994 (20 of 1994);

(iv) in clause (ix),—

(a) for the words and the figure "whose height is 15 metres" the words "height of which is fifteen metres" shall be substituted;

(b) for the words "Provided that" the words "but the" shall also be substituted;

(c) the words "The total height of such additional construction shall not exceed the average floor height of the building" shall be omitted.

(v) in clause (xii) for the word "notified" the words "notified by the Government" shall be substituted;

(vi) in clause (xv) for the words "shall include" the word "includes" shall be substituted.

(vii) in item (xvi) for the words "shall include" "includes" shall be substituted.

*Rule 3*

In rule 3,—

(i) the word "presently" shall be omitted ;

(ii) for the sub heading "(a) Operational Staff" the sub heading "(A) Operational Branch" shall be substituted;

(iii) Explanation under item (v) of clause (A) shall be placed after item (vii) "Last Grade Servants" of that rule;

(iv) for the sub heading "(2) Administrative Staff " the subheading "(B) Administrative Branch" shall be substituted.

*Rule 4*

In rule 4,—

(i) in sub–rule (2) for the words "Administrative Staff" the words "Administrative Branch" shall be substituted;

(ii) for the heading under chapter 3, "PERSONNEL CLOTHING" the heading "CLOTHING OF PERSONNEL" shall be substituted.

*Rule 5*

In rule 5, for the word "forbidden" the word "prohibited" shall be substituted.

*Rule 6*

In rule 6,—

(i) in sub rule (3) for the words "his last supply of uniform articles" the words "uniform articles supplied to him lastly" shall be substituted.

(ii) in sub-rule (4) for the words "an individual" the words "a member" shall be substituted;

*Rule 10*

In rule 10,—

(i) the Marginal heading "Fire bell" in sub-rule (8) shall be omitted;

(ii) the marginal heading "first turn out" in sub-rule (10) shall be omitted;

(iii) the marginal heading "Classification of Fire" in sub-rule (16) shall be omitted.

*Rule 11*

In sub-rule (1) both the sentences shall be combined by using the word "and".

*Rule 13*

In rule 13,—

(i) in sub–clause (iii) of clause (b) for the words "personnel Protective Equipment" the words "personal Protective Equipment" shall be substituted;

(ii) clause "(d)" shall be renumbered as clause "(c)".

*Rule 14*

In rule 14, the numbering as sub-rule (1) shall be omitted.

*Rule 18*

In rule 18, for the words "upto Assistant Divisional Officer level" the words "upto the level of Assistant Divisional Officer" shall be substituted and for the words "Commandant General /Director General, Kerala Fire and Rescue Services" the words "Commandant General /Director General" shall be substituted and wherever the words "Commandant General /Director General, Kerala Fire and Rescue Services" occur in these rules the words "Commandant General /Director General" shall be substituted;

*Rule 20*

In rule 20,—

(i) for the words "death, injury" the words "death or injury" shall be substituted.

(ii) for the words "life and harm" the words "life, harm" shall be substituted.

*Rule 22*

In rule 22,—

(i) in sub-clause (v) of clause (b), for the words "Annexure 4A" the words "Appendix 5" shall be substituted and the Appendix thereafter shall be renumbered accordingly.

(ii) in clause (e), the marginal heading "Assistance to colleagues" shall be inserted.

*Rule 23*

In rule 23,—

(i) in clause (iv) (c) of sub-rule (1) for the words "Assistant Station House Officer" the words "Assistant Station Officer" shall be substituted and wherever the words "Assistant Station House Officer" occur in these rules the words "Assistant Station Officer" shall be substituted;

(ii) in clause (vi),—

(a) for the words "Station House Officer" the words "Station Officer" shall be substituted and wherever the words "Station House Officer" occur in these rules the words "Station Officer" shall be substituted.

(b) in the second sentence the portion beginning with the words "be responsible for supervising" shall be numbered as sub-clause (a) thereof, and the words "He shall" appearing thereafter shall be omitted and the existing sub-clauses (a) and (b) shall be re-numbered as sub-clauses (b) and (c);

(c) in the second sentence, in sub–clause (c) as so re-numbered, the words "He shall" be omitted and the remaining portion beginning with the words "be responsible for all" shall be re-numbered as sub-clause (d) and the existing sub-clause (c) to (i) shall be re-numbered as items (i) to (vii) of sub-clause (d) as so renumbered;

(d) in item (vi) of clause (d) as so numbered for the word "personal" the words "the personnel" shall be substituted;

(e) the existing sub-clauses "(j) to (m)" shall be re-numbered as sub- clauses "(e) to (h)";

(f) in sub-clause (g) as so re-numbered the starting words "Station House Officer shall" and the words "once in six months" at the end shall be omitted and after the words "conduct inspection" and before the words "of all the fire" the words "once in six months" shall be inserted;

(iii) in clause (vii), in sub clause (i), for the words "take good care of welfare of the men" the words "take care of the welfare of the members" shall be substituted;

(iv) in clause (viii) of sub-rule (1),—

(a) for the words "on duty and" the words " on duty he" shall be substituted ;

(b) in item (b), for the word "men" the word "members" shall be substituted ;

(v) in clause (ix) of sub-rule (1), after the words "at his station" the word "and" shall be added;

(vi) in sub-clause (2) of item (x) for the words "routine operations station" the words "routine station operations" shall be substituted.

*Rule 24*

In sub-clause (a) of clause (i), for the words “the concerned authorities” the words “the authorities concerned” shall be substituted;

*Rule 25*

In rule 25,—

(i) for the words “ Operational Wing” wherever they occur the word “Operational Branch” shall be substituted;

(ii) in item (h) for the words “Local body” the word “Local Self Government Institution” shall be substituted.

(iii) items (j) to (m) shall be re-lettered as items(i) to (l) respectively.

*Rule 26*

In sub-rule (2), for word “Local authorities” the words “Local Self Government Institution” shall be substituted.

*Rule 32*

In sub-rule (5), for the words “Division” and “Command General” the words “Divisional” and “Commandant General” shall be substituted. Wherever the words “Division” and “Command General” occur the words “Divisional” and “Commandant General” shall be substituted.

*Rule 33*

In sub-rule (1) of rule 33 for the words “concerned authority” the words “authority concerned” shall be substituted.

*Rule 34*

(i) In rule 34 for the words “a permit” the word “permission” shall be substituted and the words after “Rescue Station” shall be omitted.

*Rule 36*

In sub-rule (2), for the words “concerned authority” the words “authority concerned” shall be substituted.

*Rule 38*

In the marginal heading of rule 38, for the words “Kit & Kit inspection” the words “Kit inspection” shall be substituted.

*Rule 40*

In rule 40, for the words “such number of operational and ministerial staff” the words “such number of members of operational and ministerial branch” shall be substituted.

*Rule 43*

In sub rule (2), item “(a)” shall be re-numbered as item “(ii)”.

*Rule 44*

In the proviso to sub-rule (2) of rule 44 for the word “in” the word “any” shall be substituted.

*Rule 55*

In rule 55, the numbering as sub rule (1) shall be omitted.

*Rule 57*

In rule 57 for the words “by paying as may be specified fees” the words “by paying fees as may be specified” shall be substituted.

*Rule 59*

In rule 59,—

(i) in sub-rule (5) for the words “as fixed by’ the words “as may be fixed by the” shall be substituted;

(ii) in sub-rule (6) for the words “of its is” the words “if it is” shall be substituted;

(iii) in sub-rule (7) the last sentence “The authority is empowered to recall any registration” shall be omitted;

(iv) in sub-rule (9) for the words “sub-rule” the words and figure “sub-rule (8)” shall be substituted.

*Rule 60*

In rule 60,—

(i) sub-rule ‘(a)’ shall be re-numbered as sub-rule “(1)” and in sub-rule (1) as so renumbered for the words “Municipal authority” the words “Local Self government Institution” shall be substituted;

(ii) in sub-rule (3) for the words “Municipal authority” the words “Local Self Government Institution” shall be substituted;

(iii) in item (v) of sub-rule (4), the words “Kerala Forest Service” shall be omitted;

(iv) in item (vi) of sub-rule (4) for the words “fifteen metres” the words “fifteen metres height” shall be substituted.

(v) sub rule (h) shall be re-numbered as sub rule (6)

*Rule 63*

In rule 63,—

(a) for the word “concerned authorities” the words “authorities concerned” shall be substituted;

(b) for the word “issue” the words “the issuance” shall be substituted.

*Rule 64*

In sub-rule (5) of rule 64 for the words “an Kerala Fire and Rescue Service” the words “a Fire and Rescue Station” shall be substituted.

*Rule 65*

In rule 65 for the words “NBC 2005 Part 4 Fire and Life Safety” the words “Part 4, Fire and Life Safety of National Building Code” shall be substituted.

*Rule 66*

In sub-rule (2) of rule 66, the words “or licence” shall be omitted.

*Rule 69*

In rule 69,—

(i) the words “are being made” shall be omitted.

(ii) for the words, “He shall inspect the following among other” the words “He shall inspect, among others, the following to ensure,—” shall be substituted.

*Rule 70*

In rule 70, after the words “the following” the word “namely” shall be inserted.

*Rule 71*

In rule 71, the numbering as sub-rule (1) shall be omitted.

*Rule 74*

In rule 74 for the words "concerned authorities and request to take therein" the words "authorities concerned and request to take action thereon" shall be substituted.

APPENDIX

(i) Appendix 4A shall be re-numbered as Appendix 5 and the remaining Appendixes shall be numbered accordingly.

